# മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ

# ഒരു കുടുംബ പ്രാർത്ഥനാ പുസ്തകം

## മലയാളം/ഇംഗ്ലീഷ്

### നോമ്പിലെ പ്രാർത്ഥനകൾ സഹിതം

**കൂടാതെ അനുദിന പ്രാർത്ഥനകളും,**
**വിശുദ്ധ ഗീവറുഗീസ് സഹദായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും**
**ക്രിസ്ത്യൻ കീർത്തനങ്ങളും കൂടെ ഉൾപ്പെടുത്തി**

ക്രോഡീകരിച്ചത് ജോയിക്കുട്ടി ഡെട്രോയിറ്റ്
Typed, Typeset, Compiled and Printed: Joykutty Detroit

# മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ

# ഒരു കുടുംബ പ്രാർത്ഥനാ പുസ്തകം

## മലയാളം/ഇംഗ്ലീഷ്

### നോമ്പിലെ പ്രാർത്ഥനകൾ സഹിതം

August 6th 2020

ക്രോഡീകരിച്ചത് ജോയിക്കുട്ടി ഡെട്രോയിറ്റ്
Typed, Typeset, Compiled and Printed: Joykutty Detroit

First Print : January 25, 1997
Second Print : March 15, 2001
As on to-day a total of 8000 books are using by all over the world

# പ്രസ്താവന

കുടുംബ പ്രാത്ഥനാ സമയത്ത് വാസസ്ഥലത്ത് എല്ലാവരും താഴെ ഇരുന്ന് പാട്ടു പാടിയശേഷം ഓരോരുത്തരും വേദപുസ്തകം വായിച്ച ശേഷം ഈ പ്രാത്ഥനകൾ ചൊല്ലണം.

ആധുനിക സൗകര്യ പ്രദമായ രീതിയിൽ ഇത് യാന്ത്രവൽക്കരണീയമായ വിധത്തിൽ ഉപയോഗിക്കത്തക്കവിധമാണ് തയാറാക്കിയിരിക്കുന്നത്.

നീ, നിന്റെ തുടങ്ങിയ പദങ്ങൾ ഉപയോഗിച്ച് ദൈവത്തെ വിളിക്കാതെയും ആവശ്യമില്ലാത്ത വാക്കുകൾ വെട്ടി മാറ്റിയും പ്രാത്ഥനയോടു കൂടിയാണ് ഈ പുസ്തകം തയാറാക്കിയിട്ടുള്ളത്.

ഇതിനോടകം ലോകം മുഴുവനായി ഏകദേശം എണ്ണായിരം പുസ്തകങ്ങൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ വെബ്സൈറ്റിൽ ഈ പുസ്തകം ഇല്ലായെന്നു കരുതി മാത്രമാണ് ഇപ്പോൾ ഇത് ഉണ്ടാക്കിയിരിക്കുന്നത്.

അനുചിതമായ ചില പ്രത്യേക പ്രാത്ഥകൾ കൂടി ഇതിൽ കൂട്ടി ചേത്തിട്ടുണ്ട്. നിരവധി ആളുകളുടെ ആവശ്യപ്രകാരമാണ് അങ്ങിനെ ചെയ്തിരിക്കുന്നത്.

നിങ്ങൾ എല്ലാവരുടേയും സഹകരണത്തിന് പ്രത്യേക നന്ദി.

ജോയിക്കുട്ടിഡിട്രോയിറ്റ്

# ഉള്ളടക്കം


1. സന്ധ്യാ നമസ്ക്കാരം
2. തുടക്കം
3. കൗമ്മ
4. മാർ ബാലായിയുടെ അപേക്ഷ
5. മസുമൂറുകൾ 91, 121.
6. അപേക്ഷ
7. ക്രോബേന്മാരുടെ സ്തുതി
8. വിശ്വാസപ്രമാണം
9. പെട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനേ
10. സൂത്താറാ
11. മാർ അപ്രേമിന്റെ ബേവൂസാ
12. പരിശുദ്ധ പിതാവേ
13. നമസ്ക്കാരങ്ങളുടെ അവസാനം ചൊല്ലേണ്ട അപേക്ഷ
14. മറ്റു പ്രാത്ഥനകൾ
15 പൊതു പ്രാത്ഥന
16. ഭക്ഷണത്തിനു മുമ്പുള്ള പ്രാത്ഥന
17. ഭക്ഷണം കഴിഞ്ഞുള്ള പ്രാത്ഥന
18. മരണസമയത്ത്
19. വഷാന്ത്യം
20. പുതുവഷം
21. വഴിയാത്രക്കാക്ക് വേണ്ടിയുള്ള പ്രാത്ഥന
22. ജോലി ചെയ്യാൻ പുറപ്പെടുന്നതിന് മുമ്പുള്ള പ്രാത്ഥന
23. ഭവനങ്ങളിൽപിശാചുബാധമൂലമുണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നും രക്ഷയ്ക്കു വേണ്ടിയുള്ള പ്രാത്ഥന.
24. സഭയ്ക്കു വേണ്ടിയുള്ള പ്രാത്ഥന
25. കുടുംബ സമാധാനത്തിനു വേണ്ടിയുള്ള പ്രാത്ഥന
26. മുൻകോപം മാറ്റുന്നതിനുള്ള പ്രാത്ഥന
27. അവശ്യ സാദ്ധ്യത്തിനുവേണ്ടിയുള്ള പ്രാത്ഥന
28. ദമ്പതികളുടെ പ്രാത്ഥന
29. സുഖപ്രസവത്തിനുള്ള പ്രാത്ഥന
30. മക്കളില്ലാത്തവക്ക് വേണ്ടിയുള്ള പ്രാത്ഥന
31. വിവാഹത്തിനു വേണ്ടിയുള്ള പ്രാത്ഥന

32. പരീക്ഷകളുടേയും മറ്റും വിജയത്തിനുള്ള പ്രാത്ഥന
33. ജോലി കിട്ടാൻ വേണ്ടിയുള്ള പ്രാത്ഥന
34. ഈ ഭവനത്തിന്റെ നാഥാ
35. നന്മരണപ്രാത്ഥന
36. കടബാദ്ധ്യതകൾ മാറുന്നതിനുള്ള പ്രാത്ഥന
37. ഭവനരഹിതക്ക്വേണ്ടിയുള്ള പ്രാത്ഥന
38. ആശീർവാദങ്ങൾ
39. വലിയനോമ്പിലെ പ്രാത്ഥനകൾ
40. സന്ധ്യാനമസ്ക്കാരം
41. മസുമൂറുകൾ: 140, 141, 118, 116.
42. കത്താവേ ഞങ്ങളുടെ നോമ്പും സന്ക്കാരവും
43. മോറോനേശുമ്ശിഹാ
44. മസുമൂ 4
45. മാർ ബാലായിയുടെ അപേക്ഷ
46. മാർ യാക്കോബിന്റെ അപേക്ഷ
47. മാർ അപ്രേമിന്റെ ബേവൂസാ
48. മസുമൂറുകൾ: 91, 121
49. അപേക്ഷ
50. ക്രോബേന്മാരുടെ സ്തുതി
51. വിശ്വാസപ്രമാണം
52. പെട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനേ
53. പരിശുദ്ധ പിതാവേ
54. നമസ്ക്കാരങ്ങളുടെ അവസാനം ചൊല്ലേണ്ട അപേക്ഷ.

English Prayers

55. Evening Prayers
56. Trisagion
57. The Lord's Prayer
58. Angelic Salutation
59. Prayer of Mar Balai
60. Our Lord Jesus Chtrist
61. Psalms 91, 121
62. Prayer of Mar Severios
63. The Qauma of Cherubim

64. The Nicene Creed
65. Litany
66. Soothaara
67. Supplication of St. Ephraem
68. A Prayer of Holy Trinity
69. A Prayer at the end of every prayer
70. Concluding Benediction for evening
71. Great Lent evening prayer
72. The Lord's Prayer
73. Angelic Salutation
74. Psalm 140, 141, 118, & 116
75. Our Lord Jesus Christ
76, Psalm 4
77. Prayer of Mar Balai
78. Petition of Mar Jacob
79. Supplication of St. Ephream
80. Psalms 91, 121
81. Prayer of St. Sevrious
82. The Qauma of Cherubim
83. The Nice Creed
84. Litany
85. A Prayer to the Holy Trinity
86. A Prayer at the end of every prayer
87. Concluding Benediction for evening prayer.

88. അനുദിന പ്രത്യേക പ്രാർത്ഥനകൾ
89. വിശുദ്ധ ഗീവർഗീസ് സഹദായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന
90. ക്രിസ്ത്യൻ കീർത്തനങ്ങൾ

# സന്ധ്യാ നമസ്ക്കാരം

## തുടക്കം

(+) പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.
ആദിമുതൽ എന്നും എന്നേക്കും തന്നെ, ആമ്മീൻ.

തന്റെ മഹത്വം കൊണ്ട് സ്വർഗ്ഗത്തിലും ഭൂമിയിലും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു., ഉയരങ്ങളിൽ സ്തുതി.

ദൈവമേ! പരിശുദ്ധനാകുന്നു.
ബലവാനേ! പരിശുദ്ധനാകുന്നു
മരണമില്ലാത്തവനേ! പരിശുദ്ധനാകുന്നു
കുരിശിൽതറയ്ക്കപ്പെട്ട (+)മ്ശിഹാ തമ്പുരാനേ! കരുണ ചെയ്യണമേ.
(മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)
കർത്താവേ! കരുണ ചെയ്യണമേ
കർത്താവേ! കൃപതോന്നി കരുണ ചെയ്യണമേ
കർത്താവേ! നമസ്ക്കാരവു; ശുശ്രൂഷയും കൈകൊണ്ട് കരുണ ചെയ്യണമേ

ദൈവമേ! സ്തുതി.
സൃഷ്ടാവേ! സ്തുതി
പാപികളായ അടിയാരോട് കരുണ ചെയ്യുന്ന മ്ശിഹാരാജാവേ സ്തുതി
ബാറെക്മോർ

(+) സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരുരാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതെ. ദോഷത്തിൽ നിന്ന് രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നു മെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ (+)

(+) കൃപനിറഞ്ഞ മാതാവേ! അമ്മയ്ക്കു സമാധാനം; നമ്മുടെ കർത്താവ് അമ്മയോടു കൂടെ; അമ്മ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; അമ്മയുടെ വയറ്റിൽ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ട തമ്പുരാനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ! പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവംതമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമേ! (+) ആമ്മീൻ

# മാർ ബാലായിയുടെ അപേക്ഷ

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന തമ്പുരാനേ, അനുകൂലത്തിന്റെ ദിവസത്തിൽ, സൃഷ്ടിപ്പിനെ പുത്തനാക്കി അനുകൂലമാക്കണമെ; കർത്താവേ! അവിടുത്തെ ആശ്രയത്തെക്കുറിച്ച് അവിടുത്തെ വരവിനെ നോക്കിപ്പാർത്തിരിക്കുന്ന ഞങ്ങളുടെ മരിച്ചു പോയവരെ പുണ്യമാക്കണമെ! അബ്രഹാമിന്റേയും ഇസഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ അവരെ പാർപ്പിക്കണമെ; വന്നവനും വരുന്നവനും മരിച്ചവരെ അനുകൂലമാക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു ശരീരങ്ങളും ആത്മാക്കളും ശരിയായിട്ട് നിലവിളിച്ചു പറയുമാറാകണമെ.

**മോറോനീശോ മ്ശിഹാ!** അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരേ അടയ്ക്കരുതെ; കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു; ഞങ്ങളുടെ മേൽ കരുണ ഉണ്ടാകണമെ; കർത്താവേ! അവിടുന്ന് അവിടുത്തെ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് അവിടുത്തെ സ്നേഹം

അവിടുത്തെ ഇടത്തിൽ നിന്ന് ഞങ്ങളുടെ പക്കൽ ഇറക്കി ഞങ്ങളുടെ മേൽ കരുണയുണ്ടാകണമെ.

(രണ്ടു കൌമ്മ നമസ്ക്കരിക്കണം)

## മസുമൂറുകൾ 91, 121

ഉയരപ്പെട്ടവന്റെ രഹസ്യ സ്ഥലത്ത് ഇരിക്കുന്ന തമ്പുരാൻ കത്താവിന്റെ നിഴലിൽ സ്തുതിക്കപ്പെടുന്നു.

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും സങ്കേതവുമെന്ന് കത്താവിനെക്കുറിച്ച് നീ പറക.

എന്തെന്നാൽ വിരുദ്ധന്റെ കെണിയിൽ നിന്നും വ്യത്ഥ സംസാരത്തിൽ നിന്നും തമ്പുരാൻ വീണ്ടുകൊള്ളും.

തന്റെ തൂവലുകൾ കൊണ്ട് നിന്നെ രക്ഷിച്ച് തിരുമേനിയുടെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. തിരുസത്യം നിന്നെ ആയുധമായി ചുറ്റിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടേണ്ട.

നിന്റെ ഒരു ഭാഗത്തു നിന്നും ആയിരങ്ങളും നിന്റെ വലത്തു ഭാഗത്തു നിന്നും പതിനായിരങ്ങളും വീഴും.

എങ്കിലും അവർ നിങ്കലേക്ക് അടുക്കുകയില്ല. പിന്നെയോ നീ നിന്റെ കണ്ണുകൾ കൊണ്ടു മാത്രം നോക്കി ദുഷ്ടന്മാക്കുള്ള പ്രതിഫലത്തെ കാണും.

എന്തെന്നാൽ ഉന്നതങ്ങളിൽ നിന്റെ വാസസ്ഥലങ്ങൾ നീ വെച്ചു എന്ന എന്റെ ശരണമായ കത്താവ് തിരുമേനിയാകുന്നു.

ദോഷം നിനക്കു ചേരുകയില്ല, ശിക്ഷ നിന്റെ വാസസ്ഥലത്തിന് അടുക്കയില്ല.

എന്തെന്നാൽ തമ്പുരാൻ നിന്റെ സകല വഴികളിലും നിന്നെ സൂക്ഷിപ്പാനും നിന്റെ പാദത്തിൽ നീ വിരുദ്ധമാകാതിരിപ്പാനും അവരുടെ കൈകൾ മേൽ നിന്നെ വഹിപ്പാനും നിന്നെക്കുറിച്ചു തമ്പുരാന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടച്ച് ഭവിക്കാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

ഗോർസർപ്പത്തേയും അണലിയേയും നീ ചവിട്ടും, സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

എന്തെന്നാൽ അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിഞ്ഞതു കൊണ്ട് ഞാൻ അവനെ ഉറപ്പിക്കും.

അവൻ എന്നെ വിളിക്കും; ഞാൻ അവനോട് ഉത്തരം പറയും, ഞാൻ ഉപദ്രവത്തിൽ അവനോടു കൂടെയിരുന്ന് അവനെ ഉറപ്പിച്ചു ബഹുമാനിക്കും.

ദീർഘായുകൊണ്ട് ഞാൻ അവനെ തൃപ്തിയാക്കി എന്റെ രക്ഷ ഞാൻ അവനെ കാണിക്കും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും; എവിടെ നിന്ന് എന്നെ സഹായിക്കുന്നവൻ വരും.

എന്റെ സഹായം സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ചവനായ കർത്താവിന്റെ തിരുസന്നിധിയിൽ നിന്നാകുന്നു.

കർത്താവു നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല; നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കംതൂങ്ങുന്നില്ല; ഉറങ്ങുന്ന മില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു; കർത്താവു തന്റെ വലത്തു കൈകൊണ്ടു നിനക്കു നിഴലിടും.

പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ പരിപാലിക്കും; അ വൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവു നിന്റെ ഗമനത്തേയും ആഗമനത്തേയും ഇന്നുമുതൽ എ ന്നേക്കും പരിപാലിക്കും.
ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## അപേക്ഷ

ഉയരപ്പെട്ടവന്റെ മറയിലിരിക്കുന്നവനായ കർത്താവേ! തന്റെ അനു ഗ്രഹത്തിന്റെ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

സകലവും കേൾക്കുന്നവനേ! തൻെറ അനുഗ്രഹത്താൽ തന്റെ അ ടിയാരുടെ അപേക്ഷ കേൾക്കണമെ.

മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മ്ശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു തര ണമെ.

ഞങ്ങളുടെ കണ്ണുകൾ തങ്കലേയ്ക്കു നോക്കിക്കൊണ്ടിരിക്കുന്നു; ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹപരമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യേണമെ.

കർത്താവേ! തിരു അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച് തവ കൃപ ഞ

ങ്ങളുടെ മുഖങ്ങളിൽ നിൽക്കണമെ; പരിശുദ്ധ സ്ലീബാ(+) ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും തിരു വലംകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമെ. തന്റെ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. തന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും ഉണ്ടാകണമെ.

ദൈവമാതാവായ പ.മറിയാമ്മിന്റേയും, തന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കുപരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.

## (ക്രോബേന്മാരുടെ സ്തുതി)

എന്നേക്കും തന്റെ ഇടത്തിൽ നിന്നും കർത്താവിന്റെ ബഹുമാനം
വാഴ്ത്തപ്പെട്ടതാകുന്നു (+)
എന്നേക്കും തന്റെ ഇടത്തിൽ നിന്നും കർത്താവിന്റെ ബഹുമാനം
വാഴ്ത്തപ്പെട്ടതാകുന്നു (+)
എന്നന്നേക്കും തന്റെ ഇടത്തിൽ നിന്നും കർത്താവിന്റെ ബഹുമാനം
വാഴ്ത്തപ്പെട്ടതാകുന്നു (+)

ശുദ്ധമുള്ളതും സ്തുതിക്കപ്പെട്ടതുമായ മുന്മത്വമേ ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.
ശുദ്ധമുള്ളതും സ്തുതിക്കപ്പെട്ടതുമായ മുന്മത്വമേ ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.
ശുദ്ധമുള്ളതും സ്തുതിക്കപ്പെട്ടതുമായ മുന്മത്വമേ കൃപചെയ്ത് ഞങ്ങളുടെ മേൽ കരുണ ചെയ്യണമെ.

അവിടുന്ന് എന്നേക്കും ശുദ്ധമുള്ളവനും സ്തുതിക്കപ്പെട്ടവനുമാകുന്നു.
അവിടുന്ന് എന്നേക്കും ശുദ്ധമുള്ളവനും സ്തുതിക്കപ്പെട്ടവനുമാകുന്നു.
അവിടുന്ന് എന്നേക്കും ശുദ്ധമുള്ളവനും തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ സ്തുതി
ഞങ്ങളുടെ കർത്താവേ സ്തുതി
എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി

ബാറെക്മോർ.

(+) സ്വർഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരുരാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടുക്ഷമിച്ചതു പോലെ കടങ്ങളുംദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതെ. ദോഷത്തിൽ നിന്ന് രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നു മെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ (+)

(+) കൃപനിറഞ്ഞ മാതാവേ! അമ്മയ്ക്കു സമാധാനം; നമ്മുടെ കർത്താവ് അമ്മയോടു കൂടെ; അമ്മ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; അമ്മയുടെ വയറ്റിൽ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ട തമ്പുരാനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ! പാപികളായ ഞങ്ങൾക്കു ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമേ! (+) ആമ്മീൻ

## വിശ്വാസപ്രമാണം

സർവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയുംകാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയുംസൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായനമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹാ

യിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടി കുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയപ്പിനും വരുവാനിരിക്കുന്നലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാക്കുന്നു

ആമ്മീൻ

ബാറെക്മോർ സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

**അപേക്ഷ**

വാക്യം: പെട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനേ,

പ്രതിവാക്യം: ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: തിന്മകൾ ഒക്കെയിൽ നിന്നും ദോഷങ്ങൾ ഒക്കെയിൽ നിന്നും

പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: തിന്മപ്പെട്ട മനസൊക്കെയിൽ നിന്നും വേശ്യാദോഷ ചിന്തയിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: ശത്രുക്കൾ ഒക്കെയിൽ നിന്നും ചതിവിനുടെ സ്നേഹക്കാരിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: പിശാചുക്കളുടെ പരീക്ഷയിൽ നിന്നും ദുഷ്ട മനുഷ്യരുടെ തിന്മകളിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: അശുദ്ധപ്പെട്ട വികാരങ്ങളിൽ നിന്നും മ്ലേച്ഛതപ്പെട്ട മോഹങ്ങളിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: സാത്താനടുത്ത വിചാരങ്ങളിൽ നിന്നും തിന്മപ്പെട്ട സ്വപ്നങ്ങളിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: ഒളിക്കപ്പെട്ട കെണിയിൽ നിന്നും മിനുക്കടപ്പെട്ട വചനങ്ങളിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: വൻ ചതിവുകളിൽ നിന്നും തിന്മപ്പെട്ട ഉത്തരപ്പിൽ നിന്നും ഇഹലോകത്തിനടുത്ത സകല പരീക്ഷകളിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: അരിശത്തിനുടെ വടിയിൽ നിന്നും പെട്ടനുള്ള മരണത്തിൽ നിന്നും കോപത്തിൽ നിന്നും
പ്രതിവാക്യം: കത്ത്ാവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: ദ്വേഷതയിൽ നിന്നും മിന്നലുകളിൽ നിന്നും

പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: ഇടികളിൽ നിന്നും വസന്തകളിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: തീ നരകത്തിൽ നിന്നും കടുമപ്പെട്ട ദുഷ്കർമ്മങ്ങളിൽ നിന്നും ചാകാത്ത പുഴുവിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: കെടാത്ത തീയിൽ നിന്നും പല്ലുകടിയിൽ നിന്നും കരച്ചിലിൽ നിന്നും കയ്പുപെട്ട ഭവിതത്തിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: തിന്മപ്പെട്ട നാഴികയിൽ നിന്നും ഉപദ്രവിക്കുന്നതായ മുഷ്ക്കരത്വത്തിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: പഞ്ഞത്തിൽ നിന്നും പേടിയിൽ നിന്നും ഇളക്കത്തിൽ നിന്നും സഹിപ്പാൻ വയ്യാത്ത ശിക്ഷകൾ ഒക്കെയിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: "പോകുവീൻ ഞാൻ നിങ്ങളെ അറിയുന്നില്ല"എന്നുള്ള തിരുവചനത്തിൽ നിന്നും
പ്രതിവാക്യം: കർത്താവേ! ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ.

വാക്യം: നിന്നിൽ നിന്നു ഞങ്ങളെ അകറ്റുന്നതായ സകലത്തിൽ നിന്നും
പ്രതിവാക്യം: കർത്താവേ!ഞങ്ങളെകാത്തുരക്ഷിച്ചു കൊള്ളേണമെ.
(സന്ധ്യയുടെ നമസ്ക്കാരം തികഞ്ഞു)

## സൂത്താറാ

കരുണയുള്ള ദൈവമേ! വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. വന്ദിക്കുന്നവരിൽ നിന്നു അവരുടെ ആവശ്യങ്ങളെ

വിരോധിക്കരുതെ. ദൈവമേ! ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു ഞങ്ങൾ വിളിക്കുന്നു. നല്ലവനേ! ഞങ്ങളുടെ അപേക്ഷയുടെ സ്വരംകേട്ട് അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമെ.

## മാർ അപ്രേമിന്റെ ബോവൂസാ

കർത്താവേ കൃപ ചെയ്യണമെ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതിയയച്ചരുളണമേ തിരു
അറിയിന്നലിവുമനുഗ്രഹവും

നിദ്ര വെടിഞ്ഞിട്ടുണർവോടു ഞാൻ
തിരു മുൻ നിൽക്കാറാകണമെ
വീണ്ടുമുറങ്ങുന്നതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ

അക്രമമുണർവിൽ ചെയ്കിൽ ഞാൻ
പോക്കണമേ നാഥാ കൃപയാൽ
നിദ്രയിൽ ഞാൻ പാപം ചെയ്കിൽ
തിരുകൃപ മോചനമരുളണമേ

എളിമയെയും തിരു കുരിശിനെയോ-(+)
ർത്തേകണമടിയാനു സുഖനിദ്ര
മായാരൂപാകാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക

സ്വച്ഛന്ദമുറങ്ങുന്നേരം
ദുശ്ചിന്തകൾ ദുഷ്ടന്മാരും
എന്നേ വന്നു ഭരിക്കായ്‌വാ-
നീരാവിൽ കാക്കണമെന്നെ

എൻ ദേഹമശേഷം കാപ്പാ-
നേകുക വെളിവിൽ തിരുദൂതനെ

തിരുമെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമ്മോഹേ വീഴരുതേ ഞാൻ

ആശ്വാസത്തൊടുറങ്ങുമെനി-
ക്കാവുക തിരു രക്തം കാവൽ
ഈ തിരു സദൃശമതാം സൃഷ്ടി
ക്കേകണമേ തിരു സ്വാതന്ത്ര്യം

തിരു കൈ വേലയതാം മെയ്മേൽ
തിരു വലങ്കൈ മേവണമേ
പരിചയ്യൊപ്പം കാക്കുക തിരു
കരുണാകോട്ട വളഞ്ഞെന്നെ

മെയ്യുറങ്ങുമ്പോൾ കാവൽ
ചെയ്യണമേ തിരു ശക്തി
ഏൽക്കണമേ നൽ ധൂപം പോ-
ലെന്റെയുറക്കം തിരുമുമ്പിൽ

തിരു മാതൃ പ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതേ ദുഷ്ടൻ
എന്നേ ഹിംസിക്കായ്‌വാൻ തിരു
ബലി സാത്താനെ വിലക്കണമെ

തിരു വാക്കെന്നിൽ നിവർത്തിക്ക
തിരു കുരിശെന്നു (+) യിർ കാത്തിടുക
എന്നെത്താങ്ങിയ തിരു അൻപാൽ
തിരുയുണർവിൽ സ്തുതി ചെയ്‌വാൻ

തിരുവിഷ്ടം കേട്ടതിനേ ഞാ-
നനുവർത്തിപ്പാൻ കർത്താവേ!
നീതിയെഴുന്നൊരു രാവുമെനി
ക്കേകണമേ നൽ സന്ധ്യയതും

വെളിവാം മ്ശിഹാ രക്ഷക നൽ
വെളിവിൽത്തന്നെ തിരു വാസം
വെളിവിൽ പുത്രന്മാർ നൽ
ത്തന്നേ വന്ദിച്ചീടുന്നു.

വെളിവിൽ വസിക്കുന്നുലകത്തിൽ
രക്ഷകനാമീശോ സ്തോത്രം
ഇഹ പരങ്ങളിൽ നൽ
കൃപ ഞങ്ങളിലുണ്ടാകണമേ

സ്തോത്രം സ്തോത്രം കർത്താവേ
സ്തോത്രമതായിരമായിരമായ്
അനവധിയായി സ്തോത്രം നാഥാ
കൃപ വേണം ഞങ്ങളിലെന്നും

പ്രാർത്ഥന കേട്ടീടും മ്ശിഹാ
യാചന നൽകീടും മ്ശിഹാ
പ്രാർത്ഥന കേട്ടു നിരപ്പായ്
കൃപയാൽ യാചന നൽകണമെ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

പരിശുദ്ധ പിതാവേ, പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ കാത്തു കൊള്ളണമെ. രക്ഷിതാവായ പുത്രാ ജയമുള്ള (+) സ്ലീബായാൽ ഞങ്ങളെ മറച്ചു കൊള്ളണമെ. പരിശുദ്ധ റൂഹാ പരിശുദ്ധ കുടിയിരിപ്പിന് ഭവനങ്ങളായ് ഞങ്ങളെ ചമയ്ക്കണമെ.
ഞങ്ങളുടെ ദൈവമായ കർത്താവേ! നേരമൊക്കെയിലും എല്ലാ സമയങ്ങളിലും ദൈവത്വത്തിന്റെ ചിറകുകളുടെ കീഴിൽ എന്നേക്കും ഞങ്ങളെ മറച്ചു കൊള്ളേണമെ. ആമ്മീൻ.

**നമസ്ക്കാരങ്ങളുടെ അവസാനം ചൊല്ലേണ്ടുന്ന അപേക്ഷ**
പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏക ദൈവമേ, എന്നേക്കും ഞങ്ങളുടെ ദൈവമാകുന്ന എന്നു ഞങ്ങൾ വി

ശ്വസിച്ചുകൊണ്ട് അപേക്ഷിക്കുന്നു.

ഞങ്ങളുടെ നോമ്പും നമസ്ക്കാരവും ശുശ്രൂഷയും ആവലാതിയും കൈകൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ.

അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും കർത്തൃവിരോധമായ് ഞങ്ങൾ ചെയ്തിട്ടുള്ള സകല കുറ്റങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിയ്ക്കണമെ.

കർത്താവിന് ഇഷ്ടമുള്ളതായ വിചാരത്തോടും വചനത്തോടും പ്രവർത്തിയോടും കൂടെ ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം കഴിച്ചു കൂട്ടുവാൻ ഞങ്ങൾക്ക് സഹായിക്കണമെ.

ദുഷ്ടപിശാചുക്കളുടെ പരീക്ഷകളിൽ നിന്നും അസൂയയിൽ നിന്നും ദുരാത്മാക്കളുടെ ഉപദ്രവങ്ങളിൽ നിന്നും, ദുഷ്ടമനുഷ്യരുടെ ദുഷ്ടതയിൽ നിന്നും, ഞങ്ങളെ സങ്കടപ്പെടുത്തുന്ന സകല രോഗങ്ങളിൽ നിന്നും, കഠിനതരമായ സംഭവങ്ങളിൽ നിന്നും, ഞങ്ങൾക്കാവശ്യമായിരിക്കുന്ന ആഹാരത്തിനു മുട്ടു വരതക്കതായ ദാരിദ്ര്യത്തിൽ നിന്നും, രഹസ്യമായും പരസ്യമായമുള്ള സകല ശത്രുക്കളിൽ നിന്നും പരീക്ഷകളിൽ നിന്നും, ദൈവമേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ

ഞങ്ങളുടേയും വിശ്വാസികളായ ഞങ്ങളുടെ വാങ്ങിപോയവരുടേയും സകല കുറ്റങ്ങളേയും പാപങ്ങളേയും ക്ഷമിയ്ക്കണമെ. ആമ്മീൻ

# മറ്റു പ്രത്യേക പ്രാത്ഥനകൾ

## പൊതു പ്രാത്ഥന

ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ സമയത്ത് പാപികളായ അടിയങ്ങൾക്ക് തിരു സന്നിധിയിൽ തിരുനാമമഹത്വത്തിനായി ഒന്നിച്ചു കൂടുന്നതിനായി നൽകിയ ഈ വിലയേറിയ അവസരത്തിനായി നന്ദിയോടെ തിരുമേനിയ ഞങ്ങൾ വന്ദിക്കുന്നു. തിരുമേനി ഞങ്ങളുടെ മദ്ധ്യത്തിൽ വസിച്ച് ഞങ്ങളോടെ കരുണ ചെയ്യണമെ. കഴിഞ്ഞ ഈ സമയം അത്രയും പാപികളായ ഞങ്ങളെ നോക്കി പരിപാലിച്ച വിലയേറിയ തിരുമേനിയുടെ തിരുകൃപകൾക്കായി നന്ദിയോടെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. മഹാപാപികളായ ഞങ്ങളുടെ ഭയങ്കരങ്ങളായ തെറ്റുകളും കുറ്റങ്ങളും കണക്കിലെടുത്ത് ഞങ്ങളെ ശിക്ഷിക്കരുതെയെന്ന് ഞങ്ങൾ യാചിക്കുന്നു. മനസ്സോടും മനസ്സു കൂടാതെയും അറിവോടും അറിവു കൂടാതെയും തിരുമുമ്പാകെയും അല്ലാതെയും തിരുമേനിക്കു വിരോധമായി ഞങ്ങളിൽ നിന്നു ഭവിച്ച എല്ലാ തെറ്റുകളും കുറ്റങ്ങളും മഹാപാപികളായ ഞങ്ങളോടെ ക്ഷമിയ്ക്കണമെന്ന് ഞങ്ങൾ യാചിക്കുന്നു. തൃപ്പാദത്തിങ്കിൽ ശരണം പ്രാപിച്ചു കഴിയുന്ന തിരുദാസരായ ഞങ്ങൾ ഒരുകാലത്തും ലജ്ജിക്കപ്പെടുവാനിടയാകരുതെയെന്ന് കണ്ണീരോടുകൂടി ഞങ്ങൾ അത്ഥിക്കുന്നു. നിന്ദിതരുടെയും പരിഹാസികളുടെയും നടുവിലേക്ക് ഞങ്ങളെ വലിച്ചെറിയരുതെ. രോഗത്തിൽ നിന്നും നിന്ദയിൽ നിന്നും പരിഹാസത്തിൽ നിന്നും, പണത്തിന്റെ ഞെരുക്കങ്ങളിൽ നിന്നും, പീഢയിൽ നിന്നും, പൈശാചികമായ എല്ലാ പരീക്ഷകളിൽ നിന്നും, മറ്റെല്ലാ ക്ലേശങ്ങളിൽ നിന്നും ഞങ്ങളെ എല്ലാവരേയും കാത്തു പരിപാലിച്ചുകൊള്ളണമെ. നിത്യം സന്തോഷമായും സമാധാനമായും തിരുനാമത്തിനു സാക്ഷികളായി ജീവിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

തിരുമേനി ദാനങ്ങളായി നൽകിയ മക്കൾ ഓരോരുത്തക്കു വേണ്ടിയും ഞങ്ങൾ പ്രത്യേകം പ്രാത്ഥിക്കുന്നു. നല്ല ക്രിസ്ത്യാനി മക്കളായി ജീവിപ്പാനുള്ള ബുദ്ധിയും പ്രാപ്തിയും അവക്കു നൽകണമെ. അവിടുത്തെ മാലാഖമാരേയും ഈറേമാലാഖാമാരേയും സ്വർഗ്ഗീയ

ദൂതഗണങ്ങളേയും സ്വർഗ്ഗീയ സൈന്യങ്ങളേയും ഞങ്ങൾക്കും കുഞ്ഞുങ്ങൾക്കും കൂട്ടിനായി പറഞ്ഞയക്കണമെ. മക്കളുടെ ഓരോരുത്തരുടേയും വായിൽ നിന്നു വരുന്ന ഓരോ വാക്കുകളും വചനങ്ങളും അതുപോലെ അവരുടെ ഓരോ പ്രവർത്തികളും തിരുനാമ മഹത്വത്തിനായി തീരേണമെ.

ഞങ്ങളുടെ ഓരോരുത്തരുടേയും പ്രിയപ്പെട്ട മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ബന്ധുമിത്രാദികൾക്കും സുഹൃത്തുക്കൾക്കും അതുപോലെ ഞങ്ങൾ ഓർക്കാൻ കടപ്പെട്ടിട്ടുള്ള എല്ലാ പ്രിയപ്പെട്ടവർക്കും വേണ്ടി പ്രത്യേകം പ്രത്യേകം പേരോർത്തു പ്രാർത്ഥിക്കുന്നു. തിരു നാമമഹത്വത്തിനായി അവരെയെല്ലാം അനുഗ്രഹിക്കണമെ.

വിശ്വാസികളായി ഞങ്ങളിൽ നിന്നും വാങ്ങിപ്പോയിരിക്കുന്ന ഞങ്ങളുടെ എല്ലാ പ്രിയപ്പെട്ടവർക്ക് വേണ്ടി പ്രത്യേകം പ്രത്യേകം പേരോർത്തു പ്രാർത്ഥിക്കുന്നു; അവരുടെ ആത്മാക്കളെ നരകത്തിൽ തള്ളികളയരുതെയെന്ന് പാപികളായ ഞങ്ങൾ യാചിക്കുന്നു.

എല്ലാ രോഗികൾക്കും നല്ല വൈദ്യനായിരിക്കുന്ന ഞങ്ങളുടെ കാരുണ്യവാനായ സ്വർഗ്ഗീയ പിതാവേ, രോഗികളായിരിക്കുന്ന ഞങ്ങളുടെ എല്ലാ പ്രിയപ്പെട്ടവരെയും തിരുകരങ്ങളിൽ ഞങ്ങൾ ഭരമേല്പിക്കുന്നു; അവരുടെ രോഗങ്ങൾക്കും മുറിവുകൾക്കും ആശ്വാസം നൽകി തിരുനാമസാക്ഷ്യത്തിനായി അവർക്ക് സൗഖ്യം നൽകണമെയെന്ന് പാപികളായ അടിയങ്ങൾ യാചിക്കുന്നു.

ഭൂകമ്പവും ഭയങ്കരങ്ങളായ പ്രയാസങ്ങളും നിമിത്തം ഭയപ്പെട്ടും കഷ്ടപ്പെട്ടും മനപ്രയാസപ്പെട്ടും ഭാരപ്പെട്ടും കഴിയുന്ന ഞങ്ങളുടെ എല്ലാപ്രിയപ്പെട്ടവർക്കുവേണ്ടിപ്രത്യേകംപ്രാർത്ഥിക്കുന്നു.മഹാപാപികളായഅടിയങ്ങളുടെ ഭയങ്കരങ്ങളായ പാപങ്ങൾ നിമിത്തം ആരും ഒരുകാലത്തും ശിക്ഷിക്കപ്പെടുവാനിടയാകരുതെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

ദൈവീക വേലകളിലും ദൈവീക ശുശ്രൂഷയിലും ദത്തശ്രദ്ധരായിരിക്കുന്ന അവിടുത്തെ ദാസരെ ക്ഷേമമായ് കാത്തു പരിപാലിച്ചുകൊള്ളണമേയെന്ന് പാപികളായ ഞങ്ങൾ കേണപേക്ഷിക്കുന്നു. ആരാധനാലയങ്ങൾ നശിപ്പിക്കുന്ന എല്ലാ ശക്തിയിൽ നിന്നും കാത്തുകൊള്ളണമേയെന്ന് ഞങ്ങൾ കേണപേക്ഷിക്കുന്നു.

ഞങ്ങൾ വിട്ടുപോയ സർവ്വവിധ കാര്യങ്ങളും ഓർത്തു പ്രത്യേകം പ്രാ

ത്ഥിക്കുന്നു. ഞങ്ങൾ തിരുഹിതപ്രകാരം പ്രാത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു.
സവ്വവിധമായ കാര്യങ്ങളും തൃപ്പാദത്തിങ്കൽ സമപ്പിച്ചുകൊണ്ട് കണ്ണു നീരോടും നിലവിളിയോടും തൃപ്പാദം ചുംബിച്ചുകൊണ്ട് മഹാപാപികളായ അടിയങ്ങൾ താഴായ്മയോടെ അപേക്ഷിക്കുന്ന യാചനയെ കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.

## ഭക്ഷണത്തിനു മുമ്പുള്ള പ്രാത്ഥന

കത്താവേ! ഈ ആഹാരത്തെ അനുഗ്രഹിക്കണമെ. ഞങ്ങൾ ഇത് ഭക്ഷിച്ച് തിരുമേനിയെ സ്തുതിപ്പാൻ മ്ശിഹാ മൂലം ഞങ്ങളെ യോഗ്യതയുള്ളവരാക്കണമെ. ആമ്മീൻ.

## ഭക്ഷണം കഴിഞ്ഞുള്ള പ്രാത്ഥന

കത്താവേ! തിരുകൃപയാൽ ഞങ്ങൾ അനുഭവിച്ച ഈ ആഹാരത്തിനായി തിരുമേനിയെ ഞങ്ങൾ സ്തുതിക്കുന്നു. ഈ ഭക്ഷണങ്ങൾ ഉണ്ടാക്കിയ കൈകളേയും ഇതിനായി സഹായിച്ച എല്ലാവരേയും വിലയേറിയ തിരുകരങ്ങൾ നീട്ടി അനുഗ്രഹിക്കുമാറാകണമെ. തിരുമേനിയോടു നന്ദിയുള്ളവരായിരിപ്പാൻ മ്ശിഹാ നിമിത്തം കൃപ ചെയ്യണമെ.
ആമ്മീൻ.

## ഒരു പൈതൽ ജനിക്കുമ്പോൾ

ദൈവമേ! ഞങ്ങൾക്ക് ഒരു കുഞ്ഞിനെ തന്ന് ഞങ്ങളെ അനുഗ്രഹിച്ചതുകൊണ്ട് ഞങ്ങൾ സ്തുതിക്കുന്നു. ഈ നിക്ഷേപത്തെ അവിടുന്ന് തിരികെ ആവശ്യപ്പെടുന്നതുവെരെ അവിടുത്തെ ഇഷ്ടപ്രകാരം സൂക്ഷിക്കുന്നതിന് കൃപ നൽകണമെ.
ഈ മാതാവിനേയും ഈ ശിശുവിനേയും പിതാവിനേയും മറ്റു കുടുംബാംഗങ്ങൾ എല്ലാവരേയും ഞങ്ങൾ ഓരോരുത്തരേയും സകലരോഗങ്ങളിൽനിന്നും വിടുവിച്ച് സുഖവും ബലവും നൽകി പാലിക്കണമെ.
ഈ പൈതലിനെ ഞങ്ങൾ ജ്ഞാനത്തിലും ഭക്തിയിലും തിരുനാമ

മഹത്വത്തിനായി വളത്ത്ി സ്വഗ്ഗരാജ്യത്തിന്റെ അവകാശിയായി തീരുന്നതിന് സഹായിക്കണമെ. ആമ്മീൻ.

# മരണസമയത്ത്

ദൈവമായ കത്താവേ! മരണം മൂലം ഞങ്ങളുടെ എളിയ ഭവനത്തെ തിരുമേനി സന്ദശിച്ചതിനായി ഞങ്ങൾ തിരുമേനിയെ സ്തുതിക്കുന്നു.. മരണമെന്ന വാതിലിൽ കൂടെ സ്വഗ്ഗമെന്ന നിത്യ ഭവനത്തിൽ കടക്കുന്നതിനു ഈ ഭവനത്തിലെ ഒരംഗത്തെ കൂടെ തിരുമേനി അനുഗ്രഹിച്ച വലിയ കൃപയ്ക്ക് ഞങ്ങൾ തിരുമേനിയെ നന്ദിയോടെ പുകഴ്ത്തുന്നു. മരണമെന്നത് അല്പനേരത്തേക്കുള്ള ഒരു വേർപാടെന്നല്ലാതെ നാശമാണെന്ന് അവിടുന്ന് ഞങ്ങളെ പഠിപ്പിച്ചിട്ടില്ലല്ലോ. തിരുഹിതത്തിൽ ഞങ്ങൾപൂണ്ണമായി കീഴ്പ്പെടുന്നു. അവിടുത്തെ ഈ പ്രിയപ്പെട്ട വ്യക്തി മരണം മൂലം ഇപ്പോൾ ഞങ്ങളെ വിട്ടുപിരിഞ്ഞതിൽ ഞങ്ങൾ സങ്കടപ്പെടുന്നു.എങ്കിലും പ്രത്യാശയില്ലാത്ത വിധത്തിൽ ഞങ്ങൾ ദുഃഖിക്കുന്നില്ല. കഷ്ടതകളും പ്രയാസങ്ങളും കൊണ്ട് നിറഞ്ഞ ഈ ലോകജീവിതം അവസാനിക്കുമ്പോൾ ഞങ്ങളിൽ നിന്നും പിരിഞ്ഞുപോയ ഈ പ്രിയപ്പെട്ട ആത്മാവിനോടുകൂടെ ഞങ്ങളും തിരുസന്നിധിയിൽ വന്നു ചേരുമെന്ന് വിശ്വസിച്ച് ഞങ്ങൾ ആശ്വസിക്കുന്നു. ഈ അന്ധകാരം വിനാഴികയിൽ ഉയിത്തെഴുന്നേറ്റ കത്താവിനെ ഞങ്ങൾ കാൺമാൻ സഹായിക്കണമെ. മരണത്തിന്റെ സങ്കടത്തെ ആത്മീയ ബോധത്താൽ ഞങ്ങളിൽ നിന്നും അകറ്റി കളയണമെന്ന് യേശുവിന്റെനാമത്തിൽതാഴ്മയായിഅപേക്ഷിക്കുന്നു; കൃപയോടു കേൾക്കുമാറാകണമെ. ആമ്മീൻ.

# വഷ്യാന്ത്യം

കത്താവേ! അവിടുന്നു കഴിഞ്ഞ വഷത്തിൽ ക്ഷേമത്തോടെ ഞങ്ങളെ നടത്തിയതിനായി ഞങ്ങൾ തിരുമേനിയെ സ്തുതിക്കുന്നു. ആപത്തിലും അപകടത്തിലും രോഗത്തിലും പീഢയിലും കഷ്ടതയിലും ദാരിദ്ര്യത്തിലും ക്ലേശത്തിലും ബുദ്ധിമുട്ടിലും പ്രയാസത്തിലും മറ്റെല്ലാ അനിഷ്ട സംഭവങ്ങളിൽ നിന്ന് ഞങ്ങളെ കാത്തു

രക്ഷിച്ചതിനായി ഞങ്ങൾ നന്ദിയോടെ തിരുമേനിയോടെ തിരുമേനിയെ സ്തോത്രം ചെയ്യുന്നു. ദൈവമേ! ഞങ്ങളുടെ അറിവിലും ബുദ്ധിയിലുമുള്ള അനേകം പേർ ഈ ആണ്ടിൽ കടന്നുപോയി. എന്നാൽ ഈ ഒരാണ്ടു കൂടി ജീവനുള്ളവരുടെ ദേശത്ത് ദീഘായുസോടെ നമ്മെ കാത്തു സൂക്ഷിച്ച ദൈവകൃപയ്ക്കായി നന്ദിയോടെ സ്തോത്രം ചെയ്യുന്നു. പിതാവേ! ഒരു പുതിയ വഷം ലഭിക്കുന്നു എങ്കിൽ പുതിയ ശക്തിയോടും പുതിയ ജീവിതത്തോടും ജീവിപ്പാൻ കൃപയരുളണമെയെന്ന് യേശു മൂലം യാചിക്കുന്നു; കൃപയോടെ കേൾക്കണമെ. ആമ്മീൻ.

## പുതുവഷം

പരിശുദ്ധനായ ദൈവമേ! ഈ പുതിയ വഷത്തിനുവേണ്ടി ഞങ്ങൾ തിരുമേനിയെ സ്തുതിക്കുന്നു. കഴിഞ്ഞ ആണ്ടിലെ നല്ല ആയുസ്സിന്റെ ഈ വിനായഴിക വെരെ ഞങ്ങൾക്കു ലഭിച്ച നൽവരങ്ങൾക്കു വേണ്ടി തിരുമേനിയെ വാഴ്ത്തുന്നു. ഓരോ വഷം കഴിയുന്തോറും ഈ ലോകത്തിലെ ഞങ്ങളുടെ ആയുസ്സു കുറഞ്ഞും ചുമതലകൾ വദ്ധിച്ചും വരുന്ന എന്നുള്ള സത്യം ഈ സമയത്ത് ഞങ്ങൾ ശരിയായി ഓമ്മിക്കുന്നു. ഞങ്ങളുടെ ഈ പുതിയ വഷത്തിൽ ഇതാ അവിടുത്തെ മഹത്വത്തിനായി പുതുക്കി പ്രതിഷ്ഠിക്കുന്ന ഞങ്ങളെ ജ്ഞാനത്തിലും ദൈവീകബോധത്തിലും ആത്മീയ ബലത്തോടും കൂടി ഈ വഷത്തിലും സംരക്ഷിച്ചുകൊള്ളണമെന്ന് യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു; ദയയോടു കേൾക്കണമെ. ആമ്മീൻ.

## വഴി യാത്രക്കാക്ക് വേണ്ടിയുള്ള പ്രാത്ഥന

തന്റെ പരിശുദ്ധ ശ്ലീഹന്മാരോടു കൂടി പോകുകയും കണ്ടാലും ലോകാവസാനത്തോളം ഞാൻ നിങ്ങളോടു കൂടെ ഉണ്ട് എന്ന് അവരോട് കല്പിക്കയും ചെയ്ത ദൈവമേ! ദൂരെ യാത്ര ചെയ്യുന്നവരായ തിരുദാസന്മാക്ക് തിരുമേനി സങ്കേതവും അഭയസ്ഥാനവും ആയിരുന്ന വഴി യാത്രയിൽ ഇവക്ക് മനസ്സമാധാനം നൽകി ഞങ്ങളുടെ പ്രാത്ഥനകളാൽ ഇവരെ ക്ഷേമൈശ്യങ്ങളോടെ തിരിച്ചു വരുത്തുമാറാകണമെ. മ്ശിഹായുടെ രാജ്യത്തിലെ തോഴരായ

ഇവർ ക്രിസ്തുയേശുവിന്റെ രണ്ടാമത്തെ വരവിൽ തിരു എതിരേല്പിൽ ഒന്നിച്ചു സ്തുതിച്ച് ആനന്ദിപ്പാൻ ഞങ്ങൾക്കും ഇവക്കും കൃപ നൽകണമെ. ആമ്മീൻ.

**ജോലി ചെയ്യുവാൻ പുറപ്പെടുന്നതിനു മുമ്പുള്ള പ്രാത്ഥന**

ദൈവമായകത്താവേ! പാപമൊഴികെ ഞാൻ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ സകലവും അവിടുത്തെ തീരുമാനം മഹത്വീകരിക്കുവാൻ ഉതകുന്നതായി തീരുമാറാകണമെ. ആമ്മീൻ.

**ഭവനങ്ങളിൽ പിശാചുബാധ മൂലമുണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നും രക്ഷയ്ക്കു വേണ്ടിയുള്ള പ്രാത്ഥന**

കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റേയും ഉടയവനായ കത്താവേ! തിരു സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ ഭവനങ്ങൾ നിർമ്മിച്ച് അതിൽ പാപ്പാൻ തിരുമേനി ഞങ്ങൾക്കു ബുദ്ധിയും ജ്ഞാനവും നൽകിയതിനാൽ ദൈവമേ! തിരുമേനിയെ ഞങ്ങൾ സ്തുതിക്കുന്നു. തമ്പുരാൻ സകലത്തേയും കൃപയോടെ ഭരിക്കും എങ്കിലും തിരുജനമായ ഇസ്രായേൽക്കാരുടെ മേൽ തിരുകൃപയേ അവക്കു നൽകി അവരുടെ ദൈവമാകുന്നു എന്നും അവർ തിരുജനമാണെന്നും പ്രത്യക്ഷപ്പെടുത്തുകയും അവരുടെ ശത്രുക്കളുടെ മേൽ അവക്കു ജയം കൊടുത്ത് അവരെ ഉയത്തുകയും ചെയ്തതു പോലെ തിരു ഏകപുത്രനിൽ വിശ്വസിച്ചിരിക്കുന്ന ജനങ്ങളും പുതിയ ഇസ്രായേലുമായ ഞങ്ങളുടെ മേൽ തിരുകൃപ ചൊരിയുകയും ചെയ്യണമെ. ഇസ്രായേൽ ജനത്തെ പീഡിപ്പിച്ചുകൊണ്ടിരുന്ന ഫറവോനേയും മ്രിസ്രയിമ്മാരേയും തിരുമേനി ലജ്ജിപ്പിച്ചതുപോലെ ഞങ്ങളെ ഉപദ്രവിക്കുന്ന ശത്രുക്കളായ പിശാചിനേയും സൈന്യങ്ങളേയും തിരുമേനി ലജ്ജിപ്പിച്ച് ഞങ്ങളുടെ അടുക്കൽ നിന്നും ഓടിച്ചുകളയണമെ.

ഞങ്ങൾ തിരു ആലയമായിരിക്കുന്നതു പോലെ ഞങ്ങളുടെ ഭവനങ്ങളും തിരുമേനിക്ക് ആലയങ്ങളായിരിക്കണമെ. തിരുമേനിയിൽ വിശ്വസിച്ചും തിരു സ്ലീബായിൽ അഭയം പ്രാപിച്ചിരിക്കുന്ന തിരുദാസരുടെ ഈഭവനത്തിൽ പ്രവേശിക്കുവാൻ ധൈര്യപ്പെട്ട പിശാചുക്കളെ ലജ്ജയോടെ ഈ ഭവനത്തിൽ നിന്നും നീക്കി

കളയണമെ. കോദോർ ദേശത്തു വെച്ച് പിശാചു ബാധിതരായ മനുഷ്യരിൽ നിന്ന് പിശാചുകൾ പന്നികൾ മൂലം സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് ഓടിക്കപ്പെട്ടതു പോലെ ഈ ഭവനത്തിൽ നിന്നും തിരുമേനി അവരെ ആട്ടി ഓടിച്ചു കളയണമെ. തിരുഇഷ്ടനും നീതി മാനുമായ ഇയ്യോബിന്റെ അടുക്കൽ നിന്നും പിശാചുക്കൾ ലജ്ജി ച്ചു ഓടിയതുപോലെ ഈ ഭവനത്തിൽ നിന്നും പിശാചുകൾ ലജ്ജിച്ചു ഓടുമാറാകണമെ.

തിരുശക്തിയെ എതിർപ്പാനും തിരുകരുണയിൽ കീഴിലിരിക്കുന്ന ജനങ്ങളെ ഉപദ്രവിക്കാനും അവർ പ്രാപ്തരല്ലന്ന് ഈ ലോകത്തിന് വെളിപ്പെടുത്തണമെ.

പിശാചാരാധകരായ ആളുകളുടെ മുമ്പിൽ ഞങ്ങൾ പരിഹാസ പാ ത്രങ്ങളായി തീരരുതെ. ഇനി ഒരിക്കലും ഈ ഭവനത്തിലോ തിരു ജനങ്ങളുടെ മറ്റു ഭവനങ്ങളിലോ പ്രവേശിക്കുവാൻ ധൈര്യപ്പെടാ തിരിക്കതക്കവിധം തിരുമേനി അവരെ ഭയപ്പെടുത്തി ഓടിച്ചു കളയ ണമെ. ഈ ഭവനത്തിന്മേൽ തവ കരുണക്കോട്ട ചുറ്റിക്കൊള്ളു മാറാകണമെ. തവ അനുവാദത്തോടെയല്ലാതെ ഒരിടത്തും പ്രവേ ശിക്കുവാൻ കഴിവില്ലാത്തവരായ പിശാചുകൾ ഞങ്ങളുടെ പാപ ങ്ങൾ നിമിത്തം ഞങ്ങളുടെ ഭവനങ്ങളിലോ അവയിൽ പാർക്കുന്ന വരിലോ പ്രവേശിക്കുവാൻ അനുവദിക്കരുതെ. തിരുമേനി കാരുണ്യ വാനും പാപങ്ങളെ ക്ഷമിക്കുന്നവനും പാപി അനുതപിച്ച് ജീവിപ്പാ നല്ലാതെ പാപത്തിൽ മരിപ്പാൻ ഇഷ്ടമല്ലാത്തവനും ആകകൊണ്ട് ഞങ്ങളുടെ പാപങ്ങളെ കരുണയോടെ ക്ഷമിച്ച് ഞങ്ങളിൽ നിന്ന് പിശാചുക്കളെ വിരോധിക്കണമെ. വിശുദ്ധ സ്ലീബായേയും വിശു ദ്ധ ഏവൻഗേലിയോനേയും ആയുധമാക്കി പിശാചുക്കളോട് അടരാടി അവയെ ലജ്ജിപ്പിച്ച് ഞങ്ങളിൽ നിന്നും ഞങ്ങളുടെ ഭവനങ്ങളിൽ നിന്നും ഓടിച്ചു കളയുവാനും തിരു നാമം മഹത്വ പ്പെടുത്തുവാനും തിരുമേനിയെ ആരാധിക്കുന്ന ക്രിസ്ത്യാനികളാ കുന്ന ബലഹീനരായ ഞങ്ങൾ പുകഴ്ത്തപ്പെടുവാനും തിരുവു ള്ളമുണ്ടാകണമെ. ഇപ്പോഴും എപ്പോഴും തിരുമേനിക്ക് സ്തുതിയും സ്തോത്രവും യോഗ്യമാകുന്നു. ആമ്മീൻ.

## സഭയ്ക്കു വേണ്ടിയുള്ള പ്രാര്‍ത്ഥന

ദൈവപുത്രാ! വിശുദ്ധ സഭക്ക് നിരപ്പു കൊടുക്കുകയും അതില്‍ നിന്നു ദുഷ്ടഭിന്നതകളേയും ഇല്ലാതാക്കുകയും ചെയ്യണമെ.

തര്‍ക്കങ്ങള്‍ ഉണ്ടാകാതിരിക്കുവാന്‍ അതിന്റെ വാതിലുകളെ വിശുദ്ധ സ്ലീബായാല്‍ മുദ്ര വയ്ക്കണമെ. തര്‍ക്കക്കാരുടെ കലഹിപ്പിക്കുന്ന തര്‍ക്കങ്ങള്‍ അതില്‍ പ്രവേശിക്കരുതെ.
മ്ശിഹാരാജാവേ! വിശുദ്ധ സഭ ഉയര്‍ത്തപ്പെടുകയും അതിന്റെ തലവന്മാരും അധികാരികളും നിരപ്പാക്കപ്പെടുകയും ചെയ്യണമെ. അധികാരികളുടെ കിരീടങ്ങള്‍ അതിന് അലങ്കാരമായിരിക്കണമെ. ഇമ്പമുള്ളതും ലഘുവായിരിക്കുന്നതുമായ തിരു നുകമായിരിക്കുന്ന സ്ലീബാ അതിന്റെ തോളുകളിലും കഴുത്തുകളിലും വയ്ക്കപ്പെടുമാറാകണമെ. കര്‍ത്താവേ! നാനാ ഭാഗങ്ങളിലുള്ള തിരുസഭയെ തിരുമേനി നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം ഭരിക്കുന്ന ഇടയന്മാരെ അതില്‍ നിയമിക്കണമെ. സത്യപ്രകാശം ശോഭയോടെ അതില്‍ ഉദിപ്പിക്കേണമെ. അത് പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്ത് വന്ദിച്ച് മഹത്വപ്പെടുത്തുവാനായി സമാധാനത്തിന്റെ കാലങ്ങള്‍ അതിന് കൊടുക്കുകയും ചെയ്യേണമെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമ്മിന്റേയും ഇന്‍ഡ്യയുടെ കാവല്‍പിതാവായ പരിശുദ്ധ മാര്‍ത്തോമ്മാ ശ്ലീഹായുടേയും ഞങ്ങളുടെ കാവല്‍പിതാവായ പരിശുദ്ധ പരുമല കൊച്ചു തിരുമേനിയുടേയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളേയും പ്രാര്‍ത്ഥനയാല്‍ തന്നെ. ആമ്മീന്‍.

## കുടുംബ സമാധാനത്തിനുവേണ്ടിയുള്ള പ്രാര്‍ത്ഥന

ശാന്തശീലനും ദയാനിധിയുമായ യേശുനാഥാ! സമാധാനമില്ലാതെ വലയുന്ന എല്ലാ കുടുംബങ്ങളേയും തൃക്കരങ്ങളില്‍ സമര്‍പ്പിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ഐക്യവും തിരുകുടുംബത്തിന്റെ സ്നേഹവും നല്‍കി ഞങ്ങളുടെ കുടുംബത്തെ ശാശ്വതമായ സമാധാനത്തിലും ഐക്യത്തിലും തിരുസ്നേഹത്തിലും നയിക്കണമെന്നും ഞങ്ങളുടെ കുടുംബാംഗങ്ങള്‍ക്ക് ക്ഷമയെന്ന പുണ്യം തന്ന്

പരിശുദ്ധാത്മവിനാൽ അനുഗ്രഹിക്കണമെന്നും പ്രാത്ഥിക്കുന്നു. തൃപാദത്തിങ്കൽ അഭയം പ്രാപിച്ചു കഴിയുന്ന അവിടുത്തെ ദാസരായ ഞങ്ങൾ ഒരു കാലത്തും ലജ്ജിക്കപ്പെടാനിടയാകരുതെയെന്ന് തൃപ്പാദം ചുംബിച്ചുകൊണ്ട് അടിയങ്ങൾ കഴിക്കുന്ന ഈ യാചനയെ കൈക്കൊള്ളുമാറാകണമെ. ആമ്മീൻ.

## മുൻകോപം മാറ്റുന്നതിനുള്ള പ്രാത്ഥന

കത്താവേ! എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ. വിദ്വേഷമുള്ളടത്തു സ്നേഹവും ദ്രോഹമുള്ളടത്ത് ക്ഷമയും സന്ദേഹമുള്ളടത്ത് വിശ്വാസവും നിരാശയുള്ളടത്ത് പ്രത്യാശയും അന്ധകാരമുള്ളടത്തു പ്രകാശവും സന്തോഷമുള്ളടത്തു സന്തോഷവും ഞാൻ വിതയ്ക്കട്ടെ.

ഓ! ദിവ്യ നാഥാ, ആശ്വസിപ്പിക്കപെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുന്നതിനും മനസ്സിലാക്കപ്പെടുന്നതിനേക്കാൾ മനസ്സിലാക്കപ്പെടുന്നതിനും സ്നേഹിപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും എനിക്ക്(ഞങ്ങൾക്ക്)ഇടയാകണമെ. എന്തെന്നാൽ കൊടുക്കുമ്പോഴാണ് ഞങ്ങൾക്ക് ലഭിക്കുന്നത്. ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ ക്ഷമിക്കപ്പെടുന്നത് മരിക്കുമ്പോഴാണ് ഞങ്ങൾ നിത്യജീവിതത്തിലേക്കു പ്രവേശിക്കുന്നത്.

കത്താവേ! എന്നെ (ഞങ്ങളെ) അനുഗ്രഹിക്കണമെയെന്ന് പാപികളായ ഞങ്ങൾ ഹൃദയംനൊന്ത് യാചിക്കുന്നു. കൃപയോടു കേൾക്കുമാറാകണമെ. ആമ്മീൻ.

## ആവശ്യ സാദ്ധ്യത്തിനുതകതക്കതായ പ്രാത്ഥന

ലോക രക്ഷകനായ യേശുവേ! തിരുമേനിക്ക് അസാദ്ധ്യമായി യാതൊന്നുമില്ലല്ലോ. നിഭാഗ്യപാപികൾ മനസ്സുരുകി പ്രാത്ഥിച്ചാൽ തിരുമേനിക്കത് നിരസിക്കാൻ സാധിക്കില്ലല്ലോ. ആകയാൽ എന്റെ (ഞങ്ങളുടെ) മേൽ അലിവു തോന്നി അപേക്ഷ സാധിച്ചു തരണമേയെന്ന് കണ്ണീരോടുകൂടി അത്ഥിക്കുന്നത് കൃപയോടു കേൾക്കുമാറാകണമെ. ആമ്മീൻ.(ഈ പ്രാത്ഥന കണ്ണീരോടുകൂടി രണ്ടു കൈയ്യും നെഞ്ചത്തു വെച്ചുകൊണ്ട് 33 പ്രാവശ്യം വിശ്വാസപൂവ്വം പ്രാത്ഥിച്ചു കുമ്പിട്ടാൽ തീച്ചയായും ഉദ്ദിഷ്ടകാര്യ സാദ്ധ്യത തീച്ച.)

# ദമ്പതികളുടെ പ്രാത്ഥന

മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു പറഞ്ഞുകൊണ്ട് ഇണയെ സൃഷ്ടിച്ചു നൽകിയ ദൈവമേ! തിരു സൃഷ്ടി കമ്മത്തിൽ പങ്കെടുക്കുവാൻ വിവാഹമെന്ന കൂദാശയിലൂടെ ഞങ്ങളെ തിരുമേനി പരസ്പരം യോജിപ്പിച്ച മംഗളദിവസത്തെ ഓത്ത് തിരുമേനിക്ക് നന്ദി പറയുന്നു; തിരുമേനിയെ ഞങ്ങൾ സ്തുതിക്കുന്നു.

വിവാഹ ദിവസം മുതൽ മരണം വേപ്പെടുത്തുന്നതുവെരെ സന്തോഷത്തിലും സന്താപത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും, വിശ്വസ്തതയോടെ ജീവിത പങ്കാളിയെ സ്നേഹിച്ചും ആദരിച്ചും, ഒന്നിച്ചു ജീവിക്കാമെന്ന് വിവാഹ സമയത്തെ വാഗ്ദാനം നവീകരിക്കുന്നു. കുഞ്ഞുങ്ങളെ തിരുഹിതപ്രകാരം വളത്തുവാൻ സഹായിക്കണമെ. ഞങ്ങളുടെ കുടുംബ ജീവിതത്തെ തകക്കുന്ന എല്ലാ തിന്മകളേയും തിരുമേനി ബന്ധിച്ച് കീഴ്പ്പെടുത്തി ഞങ്ങളെ തിരുപരിശുദ്ധാത്മാവിനെ കൊണ്ട് നിറയ്ക്കണമെ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകമറിയമ്മേ! ഞങ്ങളെ രണ്ടു പേരേയും യേശുവിൽ സമപ്പിച്ച് ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥം പ്രാത്ഥിക്കണമേയെന്ന് യാചിക്കുന്നത് കൃപയോടു കേൾക്കുമാറാകണമെ. ആമ്മീൻ.

# സുഖപ്രസവത്തിനുള്ള പ്രാത്ഥന

പിതാവായ ദൈവമേ! തിരുമേനിയുടെ മഹനീയമായ സൃഷ്ടികമ്മത്തിൽ പങ്കാളികളാക്കി ഉദരഫലം നൽകിയ തിരുമേനിയുടെ സ്നേഹത്തിനു നന്ദി പറയുന്നു. വലിയ സ്നേഹവായ്പോടെ ഈ ദാനത്തെ വളത്തിയെടുക്കുവാനാഗ്രഹിക്കുന്നു.

എന്നാൽ പിതാവേ! ഒരു കുറവുമില്ലാത്ത ദൈവകുഞ്ഞായി ഉദരത്തിൽ വളരുന്നതിന് ഭയം, ഉൽകണ്ഠ, ഏകാന്തത, ദുഃഖം, വെറുപ്പ് എന്നിവ അനുവദിക്കുന്നില്ലല്ലോ. അവിടുത്തെ പുത്രനായ യേശുവിനെ അയച്ച് എല്ലാ ഭാരങ്ങളേയും, അവിടുത്തെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിച്ച്, സുഖപ്രസവം നൽകണമേയെന്ന് യാചിക്കുന്നു.

ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ നൽകി സകല സൽഫലങ്ങളാലും ഈ കുഞ്ഞിനെ അനുഗ്രഹിക്കണമെ.

ഉണ്ണീശോയെ ഉദരത്തിൽ വഹിച്ച പരിശുദ്ധ അമ്മയുടെ നിരന്തര മദ്ധ്യസ്ഥപ്രാത്ഥനയെ യാചിക്കുന്നു. ആമ്മീൻ.

# മക്കളില്ലാത്തവക്ക് വേണ്ടിയുള്ള പ്രാത്ഥന

ഞങ്ങളെ സൃഷ്ടിച്ചു പരിപാലക്കുന്ന ദൈവമേ! തിരുമേനിയെ ഞങ്ങൾ സ്തുതിക്കുന്നു; ആരാധിക്കുന്നു. തവ അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നു. വൃദ്ധനായ അബ്രഹാമിന് ഇസഹാക്കിനേയും, ഹന്നായുടെ കണ്ണീരിൽ അലിവു തോന്നി ശാമുവേലിനേയും, വന്ധ്യയായിരുന്ന എലിസബത്തിന് യോഹന്നാനേയും നൽകി അവരുടെ ദാമ്പത്യ ജീവിതത്തെ അനുഗ്രഹിച്ച ഞങ്ങളുടെ ജീവനുള്ള കത്താവേ! വിവാഹിതരായ ഇവർ ഒരു കുഞ്ഞിക്കാലു കാണാതെ വേദനിക്കുന്നുവല്ലോ. ദൈവത്തെകൊണ്ട് ഒന്നും അസാദ്ധ്യമല്ലന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

കത്താവായ യേശുവേ! ഉദരഫലം നൽകി അനുഗ്രഹിക്കണമെയെന്ന് യാചിക്കുന്നു.ഗഭധാരണത്തിന് തടസ്സമായിരിക്കുന്ന എല്ലാ കുറവുകളേയും പരിഹരിച്ച് "നിങ്ങൾ വദ്ധിച്ച് പെരുകുവിൻ" എന്നു പറഞ്ഞ ആ അനുഗ്രഹവചനം പൊഴിക്കണമെ. അങ്ങനെ സന്താന ലബ്ധിയിൽ സന്തോഷിച്ച് തിരുനാമത്തെ സ്തുതിക്കുവാൻ തിരു കൃപ ചൊരിയണമെയെന്ന് കണ്ണുനീരോടെ യാചിക്കുന്നത് കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.

# വിവാഹത്തിനു വേണ്ടിയുള്ള പ്രാത്ഥന

ഞങ്ങൾക്കു ജന്മം നൽകിയ നിമിഷം മുതൽ ഈ നിമിഷം വെരെ ഞങ്ങളെ പരിപാലിച്ചതിന് നന്ദി പറയുന്നു. തവ പരിപാലനയുടെ കരങ്ങളിൽ എന്നും ആയിരിക്കുവാനാഗ്രഹിക്കുന്നു. എല്ലാ നന്മയ്ക്കുമായി രൂപാന്തരപ്പെടുത്തുന്ന പൊന്നുതമ്പുരാന്റെ അത്ഭുതകരമായ സ്നേഹത്തിന് സ്തോത്രം ചെയ്യുന്നു. തിരുമേനി ഈ (ദാസനു) (ദാസിക്കു) വേണ്ടി തിരുപദ്ധതിപ്രകാരം തിരഞ്ഞെടുക്കുന്ന ഭാവിജീവിതപങ്കാളിയെ തവ സംരക്ഷണയിൽ നിലനിത്തണമെ.
തിരുമേനി ആഗ്രഹിക്കുന്ന സമയത്ത് വിവാഹം യാതൊരു തടസ്സവും കൂടാതെ നടത്തിതരണമെ. "നീ പേടിക്കേണ്ട, അനാദി മുത

ലേ അവ(ൻ) (ൾ) നിനക്കായി നിശ്ചയിക്കപ്പെട്ടതാണ്'' എന്ന വേദവാക്യ പ്രകാരം തിരുഹിതം നടപ്പിലാക്കേണമെ. അവിടുത്തെ ശരണം പ്രാപിച്ചു കഴിയുന്ന ഈ ദാസർ ഒരിക്കലും ലജ്ജിക്ക പ്പെടുവാനിടയാകരുതെന്ന് കണ്ണുനീരോട് അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.

## വിധവകളുടെ പ്രാത്ഥന

കാരുണ്യവാനായ ദൈവമേ! വഷങ്ങൾക്കു മുമ്പ് വിശുദ്ധ ദേവാലയത്തിൽവെച്ച് തിരുമേനി എനിക്കു നൽകിയ എന്റെ ഇണയെ സന്തോഷത്തോടെ ഞാൻ തിരുമേനിക്കു സമപ്പിക്കുന്നു. എനിക്ക് ദാമ്പത്ത്യത്തിലൂടെ ലഭിച്ച എല്ലാ സന്തോഷ സന്താപ ത്തിനും നന്ദി പറയുന്നു. വേപാടിന്റെ ദുഃഖം താങ്ങാൻ കഴിവില്ലാ തെ കഴിയുന്ന എനിക്ക് കരുണയായിരിക്കണമെ. ഏകാന്തതയുടെ വേദനകളിൽ ദിവ്യ സാന്നിദ്ധ്യം ശക്തി പകരട്ടെ.
കത്താവായ യേശുവേ! തിരുമേനിയെ എന്റെ രക്ഷകനും നാഥനുമായി ഞാൻ സ്വീകരിക്കുന്നു. എന്റെ കുടുംബത്തിന്റെ തലവനും ഉടമസ്ഥനും തിരുമേനിയാണെന്ന് ഏറ്റുപറയുന്നു. എന്നെ സകല സ്വാത്ഥ മോഹങ്ങളിൽ നിന്നും ആകുലതയിൽ നിന്നും മോചിപ്പിക്കണമെ.
പൊന്നുതമ്പുരാന്റെ അരൂപിയുടെ നിയന്ത്രണത്തിനായി എന്നെ പൂണ്ണമായി ഏല്പിക്കുന്നു. എന്നെ പൂണ്ണമായി തിരുസ്തുതി ഗീതങ്ങൾ ആലപിക്കാൻ യോഗ്യതയുള്ള ആളാക്കി തീക്കുമാറാകണമേയെ ന്ന് യാചിക്കുന്നു. ''നിങ്ങളുടെ വാദ്ധ്യക്യം വെരെയും ഞാൻ നിങ്ങളെ രക്ഷിക്കും. നിങ്ങൾക്ക് നരബാധിക്കുമ്പോഴും ഞാൻ നിങ്ങളെ വഹിക്കും ഞാൻ നിങ്ങളെ സൃഷ്ടിച്ചു വഹിക്കും എന്ന് യെശയ്യാ പ്രവാചകന്റെ 4: 6-4 ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഞങ്ങൾ വിശ്വസിച്ചിരിക്കുന്നതിനെ പൂത്തികരിക്കുമാറാകണമെ യെന്ന് യാചിക്കുന്നു. ആമ്മീൻ.

### പരീക്ഷകളുടേയും മറ്റും വിജയത്തിനുള്ള പ്രാത്ഥന

ഞങ്ങളുടെ സകല ഗുരുനാഥനായ യേശുതമ്പുരാനേ! അങ്ങയുടെ മാഗ്ഗങ്ങൾ മനസ്സിലാക്കിത്തരണമെ. എന്തെന്നാൽ അങ്ങാണല്ലോ

രക്ഷകനായ ദൈവം. അങ്ങയുടെ സന്നിധിയിലേക്ക് ഈ ദാസന്റെ ബുദ്ധിയും മനസ്സും കഴിവുകളും ഉയത്തി സമപ്പിക്കുന്നു. ഈ ദാസന്റെ പാഠങ്ങൾ ശരിയായി പഠിക്കുവാനും അനുഗ്രഹിക്കണമെ. തിന്മയായിട്ടുള്ളതൊന്നും ഈ ദാസന്റെ ബുദ്ധിയിൽ പ്രവേശിക്കുവാൻ അനുവദിക്കരുതെ. ഈ ദാസന്റെ പരീക്ഷയുടെ (ഇന്റർവ്യൂ, ടെസ്റ്റ്) സമയത്ത് തിരുമേനി ഈ ദാസന്റെ കൂടെ ഉണ്ടായിരിക്കണമെ. ശരിയായ ഉത്തരം എഴുതുവാൻ (പറയുവാൻ) തിരുമേനിയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഈ ദാസന്റെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമെ. ഈ ദാസന് ലഭിക്കുന്ന അറിവും കഴിവും വിജയവുമെല്ലാം തിരുമേനിയുടെ സ്തുതിക്കും മഹത്വത്തിനുമായി വിനിയോഗിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് അപേക്ഷിക്കുന്ന പ്രാത്ഥനയെ കൃപയോടെ കൈകൊള്ളുമാറാകണമെ. ആമ്മീൻ.

(എവിടെ ദാസൻ എന്നിടത്ത് ദാസി/ദാസർ എന്ന് അവസരോചിതം പോലെ ഉപയോഗിക്കണം.)

## ജോലി കിട്ടാൻ വേണ്ടിയുള്ള പ്രാത്ഥന

നിന്റെ നെറ്റിയിലെ വിയപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ കല്പിച്ച കത്താവേ! ഒരു ജോലിക്കു വേണ്ടി അലയുന്ന തിരുദാസനെ ഞങ്ങൾ തിരുസന്നിധിയിൽ സമപ്പിക്കുന്നു. ഈ ദാസന്റെ തൊഴിലില്ലായ്മ മൂലം കഷ്ടപ്പെടുന്ന കുടുംബത്തെ തൃപ്പാദത്തിങ്കൽ സമപ്പിച്ചുകൊണ്ട് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു; അങ്ങയെ മഹത്വപ്പെടുത്തുന്നു.

നസ്രത്തിൽ തച്ചന്റെ ജോലി ചെയ്ത് ജീവിച്ച യേശുവേ! തിരുമേനി കാണിച്ചു തരുന്ന ഏതു ജോലിയും ചെയ്യുന്നതിനുള്ള ശക്തിയും വിനയവും ഈ ദാസനു നൽകണമെ. "അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ" എന്നുള്ള തിരുവചനമോത്തുകൊണ്ട് അലസതയും ഭീരുത്വും ദുരഭിനമാവും വെടിഞ്ഞ് നല്ല ഉന്മേഷത്തോടെകൂടി ജോലി ചെയ്യുവാനുള്ള സന്മനസ്സും കഴിവും ഈ ദാസനു നൽകണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. അങ്ങനെ ഈ ദാസന്റെ ജീവിതം ഐശ്വര്യപൂണ്ണമാകുവാൻ കൃപ ചെയ്യണമേയെന്ന് ഞങ്ങൾ എല്ലാവരും ചേന്ന് കണ്ണുനീരോടു കൂടി പ്രാത്ഥിക്കുന്നത്

കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.
(ഈ പ്രാർത്ഥന സമൂഹമായി ജോലി കിട്ടുന്നതിന് ആഗ്രഹിക്കുന്ന വ്യക്തിയുടെ ഭവനത്തിൽ തുടർച്ചയായി നടത്തുക)

## മറുനാട്ടിൽ ജോലി ചെയ്യുന്നവർക്ക് വേണ്ടി

പിതാവായ ദൈവമേ! വിദൂരത്ത് ജോലി ചെയ്യുന്നവരെ ഓർത്ത് തിരുമേനിക്ക് നന്ദി പറയുന്നു. അനേകായിരങ്ങൾ തൊഴിൽ രഹിതരായി വേദനിക്കുമ്പോൾ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ ഞങ്ങളുടെ പ്രിയപ്പെട്ടവരെ അനുഗ്രഹിച്ചതിനെ ഓർത്ത് നന്ദി പറയുന്നു. കാരുണ്യവാനായ ദൈവമേ! ഞങ്ങളുടെ പ്രിയപ്പെട്ടവർക്ക് അനാരോഗ്യകരമായ സാഹചര്യങ്ങൾ, പരിചയമില്ലാത്ത സ്ഥലങ്ങൾ അവജ്ഞയൊടെ നോക്കികാണുന്ന ദേശവാസികൾ, വിശ്വാസപരമായ പരീക്ഷണങ്ങൾ, സാമ്പത്തിക ഞെരുക്കങ്ങൾ, പൈശാചിക പ്രലോഭനങ്ങൾ ശത്രുക്കളുടെ കുടിലതന്ത്രങ്ങൾ എന്നിവ അവരെ അലട്ടുന്നു സർവ്വോപരി സ്നേഹിക്കുന്നവരിൽ നിന്നുള്ള വേർപാട്, കുടുംബത്തിൽ നിന്നുള്ള അകൽച്ച എന്നിവ മൂലം അവർ പല പാപ സാഹചര്യങ്ങളിലും വീണു പോകുവാനിടയുണ്ട്. കരുണ നിറഞ്ഞ ദൈവമേ! അവരെ കാത്തു പരിപാലിച്ചു പരിശുദ്ധ ആത്മാവിനാൽ അഭിഷേകം ചെയ്ത് അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.

## ഈ ഭവനത്തിന്റെ നാഥാ

ദൈവത്തിന്റെ ജനനീ, മാധുര്യവും ശാന്തതയും നിറഞ്ഞ അമ്മേ, ഞങ്ങൾ ഈ ഭവനത്തിന്റെ നാഥയും സംരക്ഷകനുമായി തിരഞ്ഞെടുത്തിരിക്കുന്ന പ്രിയപ്പെട്ട അമ്മേ! ഈ ഭവനത്തെ പകർച്ച വ്യാധികളിൽ നിന്നും അഗ്നിബാധയിൽ നിന്നും ശത്രക്കളുടെ ദുഷ്ടതയിൽ നിന്നും കാത്തു രക്ഷിക്കണമെ.
ഓ മറിയമെ! കർത്താവിന്റെ പ്രിയപ്പെട്ട അമ്മേ! ഈ ഭവനത്തിൽ പാർക്കുന്ന എല്ലാവരേയും പരിപാലിക്കണമെ. അവർ പുറത്തു സഞ്ചരിക്കുമ്പോഴും തിരിച്ചു വരുമ്പോഴുമെല്ലാം അവരെ കാത്തു

കൊള്ളുകയും, പെട്ടെന്നുള്ള മരണത്തിൽ നിന്നും, മറ്റ് അപകടങ്ങ ളിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്യണമെ.
അമ്മേ! ഞങ്ങളെ എല്ലാ പാപവിപത്തുകളിൽ നിന്നും പരിരക്ഷിക്കു കയും ഞങ്ങൾ ദൈവത്തെ സേവിച്ച് അവിടുത്തെ പ്രസാദത്തിൽ മരിക്കുവാനുള്ള വരം ലഭിക്കുന്നതിന് ഞങ്ങൾക്കു വേണ്ടി അപേ ക്ഷിക്കുകയും ചെയ്യണമെ.
മുഖ്യദൂതനായിരിക്കുന്ന വിശുദ്ധമീഖായേലേ ആത്മീയ പോരാട്ട ത്തിൽ ഞങ്ങളെ പിശാചിന്റെ ദുഷ്ടതയിൽ നിന്നും കാത്തു രക്ഷി ക്കണമെ. ദൈവം പിശാചിനെ ശാസിച്ച് അമർത്തുന്നതിനായി എളിമയോടു കൂടി പ്രാർത്ഥിക്കുന്നു. കൃപയോടു കൂടി കേൾക്കു മാറാകണമെ. ആമ്മീൻ.

## നന്മരണ പ്രാർത്ഥന

ലോകരക്ഷകനായ യേശുവേ! ഈ ദാസന്റെ മരണസമയം ഞങ്ങൾ അങ്ങയ്ക്ക് സമർപ്പിക്കുന്നു. ഈ ദാസന്റെ അന്ത്യവേളയിൽ അനുതാപാധിക്യത്താൽ തകന്ന ഹൃദയവും ശാരീരകവും മാനസീ കവുമായ ക്ലേശങ്ങൾ സഹിക്കാനുള്ള ശക്തിയും പൈശാചിക പ്രലോഭനങ്ങളിൽ വിജയവും ഈ ദാസനു നൽകിയരുളണമെ. സുബോധത്തോടെ കൂടെ കൂദാശകൾ സ്വീകരിച്ച് പിതാവേ! അവിടുത്തെ തൃക്കരങ്ങളിൽ ഈ ദാസന്റെ ആത്മാവിനെ ഞങ്ങൾ സമർപ്പിക്കുന്നു എന്നു പറഞ്ഞു കൊണ്ട് അന്ത്യശ്വാസം വിടുവാൻ ഈ ദാസനു ഇടയാക്കിയരുളണമെ. പൂങ്കാവനത്തിൽ വെച്ച് മരണ വേദന അനുഭവിച്ച മ്ശിഹായെ ഇപ്പോൾ ആസന്നമരണമായിരി ക്കുന്നവരെ തിരുരക്തത്താൽ കഴുകി ശുദ്ധീകരിക്കണമെ. ആമ്മീൻ.

## കടബാദ്ധ്യതകൾ മാറുന്നതിനുള്ള പ്രാർത്ഥന

പിതാവായ ദൈവമേ! ഒന്നിനും കുറവില്ലാത്തവനായ തിരുമേനിയു ടെ പുത്രനായി എന്നെ ഏറ്റെടുത്തിരിക്കുന്നതിന് ഞാൻ നന്ദി പറയുന്നു. സകലത്തിന്റേയും പരിപാലകനും സകല സമ്പത്തി ന്റേയും ഉടയവനുമായ തിരുമേനിയുടെ ആശ്രിതരെ ഒരു കുറവു മില്ലാതെ പരിപാലിക്കുന്നതിന് തിരുമേനിക്ക് നന്ദി പറയുന്നു.

എന്നാൽ പിതാവേ! തിരുമേനിയുടെ ഈ മകന്റെ ഈ കുടുംബം കടബാദ്ധ്യതകളിൽ വലയുന്നു. എത്രശ്രമിച്ചിട്ടും കൊടുത്ത തീക്കാൻ പറ്റാത്ത കടങ്ങൾ അലട്ടുന്നു. ഓരോ കടവും തീക്കുവാൻ ശ്രമിക്കുമ്പോൾ മറ്റനേകം പുതിയ കടങ്ങൾ ഉണ്ടാകുന്നു. ജീവിതകാലം മുഴുവൻ ശ്രമിച്ചാലും ഇന്നുള്ള കടങ്ങൾ തീരുകയില്ലല്ലോ. കത്താവേ! ഈ സാഹചര്യത്തിൽ തിരുമേനിയുടെ സന്നിധിയിലേക്ക് ഈ പാപിയായ ദാസന്റെ കണ്ണുകൾ ഉയത്തുന്നു.

പിതാവേ! തിരുമേനി കനിഞ്ഞു തിരുമേനിയുടെ കാരുണ്യം വഷിക്കണമെ. കടം തന്നവരുടെ ഹൃദയങ്ങളിൽ ഈ പാപിയായ ദാസനോടെ അലിവു തോന്നിയ്ക്കണമെ. ഈ കടങ്ങൾക്കു പരിഹാരം നൽകുവാൻ തക്കവണ്ണം ഈ ദാസന്റെ സാമ്പത്തിക സ്ഥിതി വദ്ധിപ്പിക്കണമെ. അങ്ങനെ കടബാദ്ധ്യതകൾ തീക്കുവാൻ സഹായിക്കണമെയെന്ന് തിരുപുത്രനായ യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു; കേൾക്കുമാറാകണമെ. ആമ്മീൻ.

## ഭവന രഹിതക്കു വേണ്ടിയുള്ള പ്രാത്ഥന

ദുഃഖിതരുടെ ആശ്വാസ കേന്ദ്രമായ പരിശുദ്ധ മാതാവേ! പല ഭവനങ്ങളുടേയും മുന്നിൽ മുട്ടിയിട്ടും തന്റെ തിരുവുദരത്തിൽ ഉത്ഭവിച്ച ദൈവകുമാരനെ പ്രസവിക്കാൻ ഒരിടം കിട്ടാതെ കഷ്ടപ്പെട്ടതും അവസാനം ഒരു കല്ലടാവ് പ്രസവസ്ഥലമായി തിരഞ്ഞെടുത്ത പരിശുദ്ധ മാതാവേ! ഞങ്ങളുടെ പൊന്നേശുവിന്റെ അമ്മേ! സ്ഥിരമായ ഒരു ഭവനമില്ലാതെയും പണിയാനാരംഭിച്ച ഭവനത്തിന്റെ പണി പൂത്തിയാക്കാൻ സാധിക്കാതെയുമിരിക്കുന്ന ഞങ്ങളുടെ ദയനീയ അവസ്ഥയെ പ്രിയ തിരു കുമാരനു സമപ്പിക്കണമെ.

തിരുകുടുംബത്തിന്റെ എല്ലാ വേദനകളും മനസ്സിലാക്കിയിരുന്ന സ്വഗ്ഗീയ പിതാവേ! ഞങ്ങൾക്ക് ഒരു ഭവനം സ്വന്തമായി ലഭിക്കുന്നതിനു വേണ്ടി ഞങ്ങൾ കഴിക്കുന്ന ഈ പ്രാത്ഥന കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.

# ആശീർവാദങ്ങൾ

സകല ബുദ്ധിയേും കവിയുന്ന ദൈവസമാധാനം ഹൃദയങ്ങളേയും മനസ്സുകളേയും ക്രിസ്തുയേശുവിൽ കാക്കപ്പെടുമാറാകട്ടെ. ആമ്മീൻ.

## (മറ്റൊന്ന്)

കര്ത്താവായ യേശുമ്ശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സംസ്സര്ഗ്ഗവും ത്രിയേക ദൈവത്തിന്റെ അളവറ്റ സമാധാനവും കൃപയും വാഴ്വുകളും

എല്ലായ്പ്പോഴും എന്നേക്കും നാം എല്ലാവരുടെ മേലും നമ്മൾ ഓര്ക്കാൻ കടപ്പെട്ടിട്ടുള്ള എല്ലാവരുടെ മേലും മറ്റ് നമ്മുടെ എല്ലാ പ്രിയപ്പെട്ടവരുടെ മേലും മറ്റ് നമ്മൾ ഓര്ക്കാൻ കടപ്പെട്ടിട്ടുള്ള എല്ലാ കാര്യങ്ങളിലും ഇപ്പഴും എപ്പഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

# വലിയമ്പേിലെ പ്രാത്ഥന

## സന്ധ്യാ നമസ്ക്കാരം

### തുടക്കം

(+) പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.
ആദിമുതൽ എന്നും എന്നേക്കും തന്നെ, ആമ്മീൻ.

തന്റെ മഹത്വം കൊണ്ട് സ്വഗ്ഗത്തിലും ഭൂമിയിലും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു., ഉയരങ്ങളിൽ സ്തുതി.

ദൈവമേ! പരിശുദ്ധനാകുന്നു.
ബലവാനേ! പരിശുദ്ധനാകുന്നു
മരണമില്ലാത്തവനേ! പരിശുദ്ധനാകുന്നു
കുരിശിൽ തറയ്ക്കപ്പെട്ട(+)മ്ശിഹാ തമ്പുരാനേ! കരുണ ചെയ്യണമേ.
(മൂന്നു പ്രാവശ്യം ചൊല്ലി കുരിശു വരയ്ക്കണം)
കത്താവേ! കരുണ ചെയ്യണമേ
കത്താവേ! കൃപതോന്നി കരുണ ചെയ്യണമേ
കത്താവേ! നമസ്ക്കാരവു; ശുശ്രൂഷയും കൈകൊണ്ട് കരുണ ചെയ്യണമേ

ദൈവമേ! സ്തുതി.
സൃഷ്ടാവേ! സ്തുതി
പാപികളായ അടിയാരോട് കരുണ ചെയ്യുന്ന മ്ശിഹാരാജാവേ സ്തുതി
ബാറെക്മോർ

(+) സ്വര്ഗ്ഗസ്ഥനായ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരുരാജ്യം വരേണമെ. തിരുവിഷ്ടം സ്വര്ഗ്ഗത്തിലെപോലെ ഭൂമിയിലും ആകണമെ. ആവശ്യമുള്ള അപ്പം ഇന്നും തരേണമെ. കടക്കാരോടു ക്ഷമിച്ചതുപോലെ കടങ്ങളും ദോഷങ്ങളും ക്ഷമിക്കണമെ. പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതെ. ദോഷത്തിൽ നിന്ന് രക്ഷിച്ചു കൊള്ളണമെ. രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നു മെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ (+)

(+) കൃപനിറഞ്ഞ മാതാവേ! അമ്മയ്ക്കു സമാധാനം; നമ്മുടെ കര്ത്താവ് അമ്മയോടു കൂടെ; അമ്മ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; അമ്മയുടെ വയറ്റിൽ ഫലമായ നമ്മുടെ കര്ത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ട തമ്പുരാനാകുന്നു. പരിശുദ്ധ കന്യക മര്ത്തമറിയമേ, തമ്പുരാന്റെ അമ്മേ! പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസ മയത്തും ദൈവം തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമേ! (+) ആമ്മീൻ

## 140, 141, 118, 116 മസുമൂറുകൾ

കര്ത്താവേ! തിരുമേനിയെ ഞാൻ വിളിച്ചു എന്നോടു തിരുമേനി ഉത്തരമരുളിചെയ്ത് എന്റെ വചനങ്ങൾ സൂക്ഷിച്ചു കേട്ടുകൈക്കൊള്ളണമെ.

എന്റെ പ്രാത്ഥന തിരുമുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കണെമെ.

എന്റെ ഹൃദയം ഒരുദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവര്ത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കും അധരങ്ങൾക്കും ഒരു കാവൽക്കാരനേയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോട് ഞാൻ ചേരുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ.

ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എന്റെപ്രാത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ ന്യായാധിപന്മാർ പാറയിൻ മുനയാൽ തടയപ്പെട്ടു.

ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു. കൊഴുവു ഭൂമിയെ പിളക്കുന്നതുപോലെ പാതാളത്തിന്റെ വായ്ക്കരികൾ അവരുടെ അസ്ഥികൾ ചിതറപ്പെട്ട.

കർത്താവേ! തിരുമുമ്പാകെ ഞാൻ എന്റെ കണ്ണുകൾ ഉയർത്തി, തിരു മേനിയിൽ ശരണപ്പെട്ടു; എന്റെ ആത്മാവിനെ തള്ളികളയരുതെ.

എനിക്കായി കണികൾ മറച്ചുവെച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമെ. ഞാൻ കടന്നു പോകു മ്പോൾ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒന്നിച്ചു വീഴട്ടെ.

ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു; ഞാൻ കർത്താവിനോട് എന്റെ ശബ്ദത്താൽ അപേക്ഷിച്ചു. തിരുമുമ്പാകെ എന്റെ സങ്കടം ഞാൻ ബോധിപ്പിച്ചു.

എന്റെ ഞെരുക്കം തിരുമുമ്പാകെ ഞാൻ അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ എന്റെ ഊടുവഴികൾ തിരുമേനി അറിയുന്നുവല്ലോ.

അവർ എനിക്കായ് എന്റെ നടപ്പുകളുടെ വഴിയിൽ കണികൾ മറച്ചു വെച്ചു. ഞാൻ ചുറ്റുവപാടും നോക്കി; എന്നെ സഹായിക്കുന്നവർ ഇല്ലന്നു ഞാൻ കണ്ടു.

എനിക്ക് സങ്കേതസ്ഥലവും ഇല്ലാതെയായി; ആരും എന്റെ ആത്മാ വിനുവേണ്ടി പകരം ചോദിക്കാനുമില്ല.

കർത്താവേ! തിരുമുമ്പാകെ ഞാൻ നിലവിളിച്ചു. തിരുമേനി എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയുമാകുന്നു. എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നതുകൊണ്ട് എന്റെ അപേക്ഷയെ ശ്രദ്ധിച്ചു കേൾക്കണമെ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതുകൊണ്ട് എന്നെ അവരിൽ നിന്ന് വിടുവിക്കണമെ.

തിരുനാമത്തെ ഞാൻ സ്തോത്രം ചെയ്യുന്നതിനായിട്ട് കാരാഗ്രഹത്തി ൽ നിന്ന് എന്റെ ആത്മാവിനെ വിടുവിക്കണമെ. എനിക്കു വേണ്ടി തിരുമേനി പകരം ചെയ്യുമ്പോൾ എനിക്കായി തിരുമേനിയുടെ നീതിമാന്മാർ കാത്തിരിക്കും.

തിരുവചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവ ഴികൾക്ക് പ്രകാശവും ആകുന്നു. ഞാൻ സത്യമായിട്ടും തിരുമേ നിയുടെ ന്യായങ്ങൾ പ്രമാണിക്കുന്നതിനായിട്ട് തീരുമാനിച്ചു.

ഞാൻ ഏറ്റവും ക്ഷീണിച്ചു. തിരുവചനപ്രകാരം കർത്താവേ! എന്നെ ജീവിപ്പിക്കണമെ. കർത്താവേ! തിരുമേനി എന്റെ വായിലെ വചനങ്ങളിൽ ഇഷ്ടപ്പെട്ടു. എന്നെ തിരുന്യായങ്ങളിൽ നിന്നും പഠിപ്പിക്കേണമെ.
തിരുകൈകളിൽഎല്ലായ്പ്പോഴും എന്റെ ആത്മാവ് ഇരിക്കുന്നു. ഞാൻ തിരുവേദപ്രമാണം മറന്നില്ല. പാപികൾ എനിക്കായ് കണികൾ മറച്ചു വെച്ചു. ഞാൻ തിരു കല്പകളിൽ നിന്നും തെറ്റി പോയില്ല.
തിരുസാക്ഷിയെ ഞാൻ എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു. തിരുകല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.
സകല ജനങ്ങളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. എന്തെന്നാൽ തിരുമേനിയുടെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. തിരുമേനി സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.
ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ നോമ്പും നമസ്ക്കാരവും തിരുമേനിക്കു വെടിപ്പുള്ള ധൂപം പോലെയായി സൗരഭ്യങ്ങളുടെ പുകപോലെ തിരുസ ന്നിധിയിൽ കൈകൊള്ളപ്പെടുമാറാകണമെ.
ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവായ ദുഷ്ടന്റെ നേരേ തോൽക്കാത്ത ആയുധവുമാകുന്നു.
കർത്താവേ! ഞങ്ങളുടെ പ്രാത്ഥന തിരുമേനിക്ക് ഇമ്പമുള്ളതാകണ മെ. ഞങ്ങളുടെ അപേക്ഷ തിരുമുമ്പാകെ പ്രവേശിക്കുമാറാ കണമെ. ആനന്ദപരിമളം പോലെ തിരുശ്രേഷ്ഠതമുമ്പാകെ കൈ കൊള്ളപ്പെടുമാറാകണമെ.
നോമ്പു നല്ലതാകുന്നു. ഒരുത്തൻ സ്നേഹം കൂടാതെ നോമ്പു നോ ക്കുന്നു എങ്കിൽ അവന് വ്രതവിശേഷമെന്ത്? പ്രാത്ഥന സ്നേഹ ത്താൽ നിറയപ്പെട്ടതാകുന്നു.
സ്നേഹം അതിനെ കരേറ്റുന്നില്ലായെങ്കിൽ അതിന്റെ ചിറക് ബല ഹീനമാകുന്നു. തന്റെ ഇടത്തിൽ അത്യുന്നതനെ കാണുന്നുമില്ല.

ദീഘ്ദശിയുടെ വായാൽ പരിശുദ്ധ റൂഹാമൂലം തിരുമേനി അരുളി ചെയ്തത് ഞാൻ തിരഞ്ഞെടുത്തിട്ടുള്ള നോമ്പ് സഹോദരൻ തന്റെ കൂട്ടുകാരനെ സ്നേഹിക്കുന്നതാകുന്നു എന്നാണല്ലോ.
കർത്താവേ! എന്റെ കടങ്ങളെക്കുറിച്ചുള്ള ഭാരം എനിക്കു സഹിക്ക വയ്യാത്തതാകുന്നുവല്ലോ. എന്റെ തലയ്ക്കു മീതേ അവ കടന്നിരിക്കുന്നതിനാൽ ഞാൻ എന്തു ചെയ്യേണ്ടു എന്ന് അറിയുന്നില്ലല്ലോ.

ന്യായവിധിയിങ്കൽ അവ എന്നെ കാത്തിരിക്കുന്നു എന്നു ഞാൻ ഭയപ്പെടുന്നു. സ്വന്തം പിഴകളെക്കുറിച്ച് ആത്മതപനം ചെയ്ത് കരയാത്തവനും കണ്ണീർ വാക്കാത്തവനുമായ് ആരുള്ളു?

അവിടെ അനുതാപം കൈക്കൊള്ളാൻ അവസരമുണ്ടോ? ഞാൻ പാപം ചെയ്തതിനാൽ എനിക്കു ഹാ കഷ്ടം.
കർത്താവേ! ജീവന്റേയും സത്യത്തിന്റേയും വഴി വിട്ട് മായകളുടെ പിന്നാലെ ഓടിപോയ നശിച്ചു പോയ പള്ളാട് ഞാനാകുന്നു എന്ന് ഏറ്റുപറയുന്നു. നല്ല ഇടയനായ പൊന്നുതമ്പുരാനെ! എന്നെ അന്വേഷിപ്പാൻ വേഗം പുറപ്പെടുണമെ. പിതാവേ! ഞാൻ മുഴുവനായ് നശിച്ചു പോകുവാൻ എന്നെ കൈവിട്ടു കളയരുതെ.

പിന്നെയോ, തിരുമേനിയുടെ മണവറയിൽ പ്രവേശിക്കുവാൻ ചുങ്കക്കാരനോടു കൂടെയും പാപിനിയായ സ്ത്രീയോടു കൂടെയും ബുദ്ധിയുള്ള കന്യകമാരോടു കൂടെയും തിരുമേനിയുടെ ആട്ടിൻ കൂട്ടത്തിൽ എനിക്കു കൂടി എണ്ണി പ്രവേശിപ്പാൻ യോഗ്യത നൽകണമെ.
ദൈവമേ! തിരുമേനി എന്റെ കടങ്ങളെ പുണ്യമാക്കി അകൃത്യങ്ങളൊക്കയും ക്ഷമിക്കണമെ. എന്തെന്നാൽ, തിരുമേനിയോടെ ഞാൻ പാപം ചെയ്ത് തിരുമേനിയെ കോപിപ്പിച്ചു. ഇപ്പോൾ പാപിയായ് ഞാൻ നിലവിളിക്കുന്നു.
മഹത്വത്തിൽ തിരുമേനി എഴുന്നള്ളി വരുമ്പോൾ, മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ! തിരുമേനിയുടെ പരിശുദ്ധന്മാരുടെ കൂട്ടത്തിൽ തിരുമേനിക്കു സ്തുതി പാടുവാൻ എന്നോടു കനിവു തോന്നണമെ.
ഞാൻ മുടിയനായ പുത്രന്റെ സാദൃശ്യത്തിൽ വ്യസനിച്ചു നിലവിളിക്കുന്നു. എന്റെ സ്വർഗ്ഗീയ പിതാവേ! കൃപതോന്നി എന്നോടു കരുണ ചെയ്യണമെ.

തിരുമുമ്പാകെയും സ്വർഗ്ഗത്തിലും ഞാൻ പിഴച്ചു. എന്നെ കൂലിക്കാര നെപ്പോലെ കൈകൊള്ളണമെ. ഞാൻ തിരുഭവനത്തിൽ അടിയാ നെപ്പോലെ ആയ്ക്കൊള്ളാം. ഞാൻ പിഴച്ചതെല്ലാം അനുഗ്രഹിക്കു ന്നവനായ ദൈമായ തിരുമേനി എന്നോടു ക്ഷമിച്ചുകൊള്ളണമെ യെന്ന് യാചിക്കുന്നു.

ഞാൻ ദിവസം തോറും അടുത്തദിവസം അനുതപിച്ചു കൊള്ളാമെ ന്ന് ഉറപ്പു പറയുന്നു. എങ്കിലും എന്റെ ദിവസങ്ങൾ എല്ലാം കടന്നു പോയിരിക്കുന്നു.

എന്നാൽ എന്റെ കടങ്ങൾ നിലനിൽക്കുന്നുവല്ലോ. ഞാൻ തിരു കരുണയാലും കൃപയാലും ജീവിക്കുമാറാകണമെ.

സംസാരിക്കാനുള്ള കഴിവും പ്രാപ്തിയും ഭാഷയുമുണ്ടായിരുന്നെ ങ്കിൽ പൊന്നുംവെള്ളിയും സമ്പാദിക്കുന്നവരോട് അവ ഇപ്രകാരം പറയുമായിരുന്നു:

എന്നോടു നിങ്ങൾ അടുക്കരുത് എന്തെന്നാൽ നിങ്ങൾ എന്നെ അനാഥരിൽ നിന്നും അഗതികളിൽ നിന്നും വിധവമാരിൽ നിന്നും ദരിദ്രന്മാരുടെ വയലുകളിൽ നിന്നും കുടിലുകളിൽ നിന്നും അപഹ രിച്ചിരിക്കുന്നു.

നിങ്ങളെ മരണം വന്ന് കൂട്ടിക്കൊണ്ടു പോകുമ്പോൾ എന്തു കഷ്ടം; എന്നന്നേക്കും ഞാൻ ഇവിടെ തന്നെ അവശേഷിക്കും

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for our salvation came down from heaven, (+) and was incranate of the holy Virgin Mary, Mother of God, by the Holy Spirit and became man (+), and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to his will, and ascended into heaven, and sat on the right hand of His Father, and shall come again in His great glory to judge both the living and the dead, whose Kingdom
shall have no end. Amen

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father and the son is worshipped and glorified, who spoke by the prophets and the apostles; Amen

And in the one, holy, Catholic and apostolic Church; and we acknowledge one baptisam for the remission of sins; and look for the resurrection of

the dead; and the new life in the world to come. Amen.
Barekmore, Stoumen Kalos Kuriealaison.

# LITANY

Word: God the heavenly Father,
Response: Have mercy on us.

Word: Son of God who redeemed the world.
Response: Have mercy on us.

Word: God the Holy Spirit,
Response: Have mercy on us.

Word: Holy Trinity the one God
Response: Have mercy on us.

Word: From all sins, unholy thoughts, tainted attractions, diabolical emotions, bad dreams, hidden snares, evil companionships, and from all tempations of this world;
Response: Deliver us, O merciful Lord

Word: From all enemies, deceivers, deceitful comrades, trails of devils, and from the malice of the evil one;
Response: Deliver us, O merciful Lord

Word: From rods of wrath, sudden death, anger, hatred, lighting, thunder and plagues;
Response: Deliver us, O merciful Lord

Word: From burning hell, severe pains, undying worms, unquenchable fire, gnashing of teeth, mourning and terrible events,
Response: Deliver us, O merciful Lord

Word: From vicious hours, torturings authorities ever- ything that detaches us, "go away, for I do not know you,"
Response: Deliver us, O merciful Lord

Word: By the intercession and communion of holy Mary, Moher of God, and our Fathr St. Thomas, the apostle and of St. Gregorious of Parumala, bless us, O Lord
Response: Lord accept our petitions

Word: O Lord, bless and protect us. Turn thy holy face on us and shower forth Thy grace. Turn Thy holy face on us and grant us peace.
Response: Lord, accept our petitions.
Kurielesion, Kurielesion, Kurielesion.

Lord, have mercy upon us,
Lord, have mercy upon us,
Lord, Answer and mercy on us.

Glory be to thee, O God
Glory be to theee,
Glory to thee, our hope for ever, Barekmore

## THE LORD'S PRAYER

(+) Our Father, who art in heaven,
Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we also have forgiven our debtors. Lead us not into temptation, but deliever us from the evil one. For thine is the Kingdom, the power and the glory for ever and ever Amen (+)

## ANGELIC SALUTATION

(+) Hail Mary, full of grace,
Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O Saint Mary, virgin Mother of God, pray for us sinners, now and at the hour of our death. Amen(+)

## A PRAYER TO THE HOLY TRINITY

Holy Father, protect us by Thy holy name. O Son! the redeemer, protect us beneth Thy victorious cross(+).
Holy Spirit, make us abodes of Thy indwelling. Lord our God, shelter us beneth the shadow of the wings

of Thy divinity for ever, and have mercy upon us. Amen.

**A PRAYER AT THE END OF EVERY PRAYER**

O Father, Son and Holy Spirit! the one true God for ever and ever, we believe and confess that Thou art our God ever-lasting.

We pray to Thee, acept our facts and our adorations, our offices and petitions and be merciful to us.

Forgive us all our faults, and the evil which we have done against Thee, willingly and unwillingly, knowing- ly and unknowingly.

Help us to live all the days of our lives, with thoughts words and deeds, pleasing to Thee.

O God! save us from the tempations of the evil one, from the afflictions of evil spirits; from the bitterness of evil men; from all kinds of sickness that afflict us daily bread; and from all enemies both open and hidden.

Forgive all our short comings and transgressions, and those of our departed ones.

Forsake us not to inherit hell, prepared for heathens

and rebelious.

Make us all worthy to rejoice in heaven, with Thy friends, the just and the righteous.

O Saint Mary, Mother of God, and all saints and Holy angels, we seek refuge in you, and pray to you with hope.
Intercede with the Lord God, for our salvations. Amen,

## CONCLUDING BENEDICTION FOR EVENING

The love of God the Father, the grace of the only begotten Son, and the fellowship and the indewelling of the Holy Spirit; and the intercessions and commu- nion of Holy Mary, Mother of God, our Father St. Thomas the Apostle and St. Gregorious of Parumala, be with us, with our abroad relatives, with our all rel- atives and friends, with our all faithful departed people and with our all forgotten people and matters,
for ever and ever. Amen.

# അനുദിന പ്രത്യേക പ്രാര്‍ത്ഥനകള്‍

**(പ്രതിദിന പ്രഭാത പ്രദോഷ പ്രാര്‍ത്ഥനകളോടൊപ്പം കൂട്ടി ചേര്‍ത്ത് ചൊല്ലാവുന്നത്. സഭയുടെ പ്രാര്‍ത്ഥനകളാണിത്)**

## ഞായറാഴ്ച പ്രഭാതം

സകലത്തിന്റേയും ഉടയവനായ ദൈവമേ! നന്മയായിട്ടും ഗുണമായിട്ടും ഉള്ള യാതൊന്നും തിരുമുമ്പാകെ ചെയ്യാതിരുന്നിട്ടും അയോഗ്യരായ ഞങ്ങളെ ഈ ഞായറാഴ്ചയുടെ പ്രഭാത പ്രാര്‍ത്ഥനയില്‍ ഒരുമിച്ച് ചേര്‍ന്ന് സ്തുതിപ്പാന്‍ കൃപയാലും കരുണയുടെ ബഹുത്വത്താലും കാത്തു സൂക്ഷിച്ചതിനായിട്ട് സ്തോത്രം ചെയ്യുന്നു. മ്ശിഹാ തമ്പുരാനെ! ബലഹീനരായ ഞങ്ങളുടെ ആരാധനയിലും ശുശ്രൂഷകളിലും പ്രാര്‍ത്ഥനാധ്യാനങ്ങളിലും പ്രസാദിക്കുമാറാകണമെ. കര്‍ത്താവേ! അവിടുത്തെ സ്തുതിക്കുവാന്‍ അയോഗ്യരായ ഞങ്ങളെ കരുണയാല്‍ ഉറക്കത്തില്‍ കാത്തു സൂക്ഷിച്ച് ഉണര്‍ത്തിയിരിക്കുന്നു. നല്ല കര്‍ത്താവേ! അനുഗ്രഹങ്ങളുടെ സമൃദ്ധിയില്‍ ഞങ്ങളെ കാത്തു സൂക്ഷിച്ച് സകല ആപത്തുകളില്‍ നിന്നും രക്ഷിക്കണമെ.

കര്‍ത്താവേ! കൃപയാല്‍ ഞങ്ങള്‍ ആരാധനയിലും ശുശ്രൂഷകളിലും ദൈവത്തെ പ്രസാദിപ്പാന്‍ കൃപയരുളണമെ. കര്‍ത്താവേ! ദൈവത്തിന്റെ ഈ ഭവനത്തിലുള്ള ഞങ്ങളെ ദൈവത്തില്‍ വളര്‍ന്ന് ദൈവകൃപ അനുഭവിപ്പാനും ഞങ്ങളുടെ അയല്‍ക്കാരെ സ്നേഹിച്ച് അവരും ഞങ്ങളെപ്പോലെ അവിടുത്തെ സ്തുതിച്ച് ആരാധിപ്പാനും കൃപ നല്‍കണമെ.

രക്ഷകനായ യേശുമ്ശിഹാ! ഈ ഞായറാഴ്ചയുടെ പ്രഭാതത്തില്‍ ഞങ്ങള്‍ ഈ ഭവനത്തില്‍ അവിടുത്തെ സ്തോത്രം ചെയ്ത് അവിടത്തെ വിശുദ്ധ ആലയത്തില്‍ സമ്മേളിച്ച് വിശുദ്ധ സഭയായി ദൈവത്തെ സ്തുതിച്ച് ആരാധിക്കുന്നതിനും ദൈവത്തില്‍ നിന്ന് വിശുദ്ധാത്മാവിന്റെ കൃപകള്‍ അനുഭവിച്ച് ദൈവരാജ്യത്തിന്റെ തോഴക്കാരായി മ്ശിഹായെ നോക്കിപ്പാര്‍ത്ത് ഈ പരദേശവാസം നിര്‍മ്മലമായി കഴിക്കുവാന്‍ കൃപ ചൊരിയണമെ.

നാഥാ! ഇന്നു പകല്‍ ഞങ്ങളുടെ എല്ലാ പ്രവര്‍ത്തനങ്ങളിലും ദൈവത്തിന്റെ ഈ വിശുദ്ധ ഞായാറാഴ്ച ദിവസം വിശുദ്ധമായി കാത്തു

സൂക്ഷിച്ച് ദൈവത്തെ പ്രസാദിപ്പിച്ച് അനുഗ്രഹം പ്രാപിപ്പാൻ ഞങ്ങളോട് ദയവുണ്ടാകണമെ. ഞങ്ങളുടെ പ്രാൎത്ഥനയിൽ ആശ്രയിച്ച് ഞങ്ങൾക്ക് നിർദ്ദേശം തരുന്നവൎക്കും ഞങ്ങളുടെ പരേതൎക്കും ഞങ്ങൾക്കും ഞങ്ങളുടെ പ്രാൎത്ഥന കോട്ടയാകണമെ.

രക്ഷകന്റെ നന്മകളെ അനുഭവിപ്പാൻ ഞങ്ങൾക്കും അവൎക്കും കൃപ തരണമേയെന്ന് ക്രിസ്തുയേശുവിന്റെ നാമത്തിൽ തൃപ്പാദം ചുംബിച്ചു കൊണ്ട് താഴ്മയായി അപേക്ഷിക്കുന്നു; കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.

# ഞായറാഴ്ച സന്ധ്യ

ജീവനുള്ള ദൈവപുത്രനായ മ്ശിഹാതമ്പുരാനെ ലോകത്തിലേക്ക് എഴുന്നള്ളിയത് ലോകത്തെ രക്ഷിപ്പാനല്ലാതെ അതിനെ വിധിപ്പാനായിട്ടല്ലല്ലോ. വിശുദ്ധ കഷ്ടാനുഭവങ്ങളാൽ രക്ഷപെടുകയും സ്വന്ത രക്തത്താൽ ഞങ്ങൾ കഴുകപ്പെടുകയും വിലക്കു കൊള്ളപ്പെടുകയും ചെയ്തവരായ ഞങ്ങളെ അനുഗ്രഹിക്കണമെ. കൎത്താവേ! ഞങ്ങൾ നശിച്ചു പോകാതിരിക്കാനായി ഞങ്ങളോടെ കരുണ ചെയ്യണമെ.

ഈ വിശുദ്ധ ഞായറാഴ്ച ദിവസത്തിൽ ദിവ്യ സംസൎഗ്ഗത്തിൽ കഴിയുവാൻ കൎത്താവേ! രാത്രിയിൽ ഞങ്ങളുടെ സങ്കേതവും ആശ്രയവുമായിരിക്കണമെ. ദിവ്യപ്രകാശത്തിൽ ഞങ്ങളെ ഉറക്കണമെ. ഞങ്ങളുടെ ഉറക്കത്തിൽ സാത്താന്റെ പരീക്ഷയിൽ ഞങ്ങൾ വീഴാതെ ഞങ്ങളെ വിശുദ്ധ മാലാഖമാരുടെ നിരന്തര സംസൎഗ്ഗത്തിൽ കാക്കേണമെ. കൎത്താവേ! തിരുവചന ധ്യാനം മൂലം അതിൽ ആശ്രയിച്ചു ജീവിപ്പാൻ ഞങ്ങളെ കാത്തുകൊള്ളണമെ. കൎത്താവേ! അവിടുത്തെ ഒഴിച്ച് മറ്റൊരുത്തരേയും വന്ദിക്കാതിരിപ്പാൻ ഞങ്ങളെ കാത്തു കൊള്ളണമെ

പരിശുദ്ധനായുള്ളോവേ! അവിടുത്തെ വിശുദ്ധ ആലയമായി തീരേണ്ടതിന് ഞങ്ങളെ വെടിപ്പാക്കണമെ. ഞങ്ങൾ ഉണൎന്നാലും മോഹം ഞങ്ങളിൽ ഉറങ്ങുമാറാകണമെ. ഞങ്ങളുടെ കൎത്താവേ! ഞങ്ങളോട് യുദ്ധം ചെയ്യുന്ന ഞങ്ങളുടെ വൈരികൾക്ക് ഞങ്ങൾ പരിഹാസ

പാത്രമായി തീരരുതേ. അവരുടെ ഇഷ്ടം പ്രവത്തിക്കാനായിട്ട് അവരുടെ വഞ്ചനകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങളുടെ കത്താവേ! ദൈവകൃപ ഞങ്ങളെ ശിക്ഷയ്ക്ക് വിധിക്കയില്ലങ്കിലും ഞങ്ങളുടെ അവയവങ്ങളെ അശുദ്ധപ്പെട്ടിരിക്കുന്നവരായി ഞങ്ങളുടെ ശത്രുക്കൾ കാണുന്നതിൽ അവക്ക് സന്തോഷമുണ്ടാകുമല്ലോ. തൃക്കൈ ഞങ്ങളുടെ മേൽ അതായത് ഞങ്ങളുടെ കിടക്ക മേൽ വിടത്തപ്പെട്ടിരിക്കുന്നത് അവർ കണ്ട് ഭയപ്പെടുമാറാകണമെ. ഞങ്ങൾ അറിയാതെ ഞങ്ങളുടെ ശരീരം അവക്ക് മോഹത്തിന്റെ ശുശ്രൂഷക്കാരായി തീരരുതെ. കണ്ടാലും ഞങ്ങളുടെ കിടക്കയെ ഇതാ തിരുമുമ്പാകെ ഞങ്ങൾ വെച്ചിരിക്കുന്നു. ഞങ്ങളുടെ കത്താവേ! ദൈവ തൃക്കണ്ണുകൾ തിരുദാസരുടെ മേൽ ഇരിക്കണമെ. ഉറക്കമില്ലാത്ത ഉണവുള്ളവനായ ദൈവത്താൽ തന്നെ ഉറക്കത്തിലും ഉണച്ചയിലും ഞങ്ങളുടെ ആയുസ് കാക്കപ്പെടുമാറാകണമെ. ദൈവത്തിന് സ്തുതിയും വാഴ്വുകളും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും യോഗ്യമാകുന്നു.

## തിങ്കളാഴ്ച പ്രഭാതം

സ്വഗ്ഗീയ പിതാവേ! തിരുസന്നിധിയിലേക്ക് പ്രഭാതയാമത്തിൽ കുടുംബമായി ഞങ്ങൾ ചേരുന്നു. ദൈവമേ! ഞങ്ങളുടെ അവയവങ്ങളെ ക്ഷതപ്പെടുത്തുന്ന ഉറക്കത്തിൽ നിന്ന് അവിടുത്തെ സ്തുതിപ്പാൻ അയോഗ്യരായ ഞങ്ങളെ എഴുന്നേല്പിച്ചതുകൊണ്ട് ഞങ്ങൾ സ്തോത്രം ചെയ്യുന്നു. യേശുനാഥാ! ഞങ്ങളുടെ കുടുംബ പ്രാത്ഥന തിരുനാമ മഹത്വത്തിനായിരിക്കണമെ. കത്താവേ! ഞങ്ങളുടെ ആത്മാവ് വ്യത്ഥവും അസുദ്ധവുമായ സംസഗ്ഗങ്ങളിൽ ഉൾപ്പെടുന്ന മോഹങ്ങളുടെ അപകടത്തിൽ ഞങ്ങളുടെ ബോധങ്ങളെ പൈശാചികൻ വീക്ഷിക്കുന്നതിന് ഇടയാതെ അവന്റെ പരീക്ഷകളിൽ ഈ പകൽ ഞങ്ങളെ കാത്തുകൊള്ളണമെ. കത്താവേ! ഞങ്ങളുടെ ആത്മാവിനെ അശുദ്ധ വികാരങ്ങളിൽ നിന്നും നിന്ദ്യമായ ആലോചനകളിൽ നിന്നും രക്ഷിച്ച് കാത്തുകൊള്ളണമെ. കത്താവിനെ പാടി സ്തുതിപ്പാൻ ഞങ്ങളുടെ നാവുകളെ ശുദ്ധീകരിക്കണമെ.

ഞങ്ങളുടെ ജീവിതകാലം മുഴുവനും സത്യമായ് ദൈവത്തെ വന്ദിച്ച് സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ തിരു സന്നിധിയിൽ യോഗ്യരാക്കണമെ. കത്താവിന്റെ ജയമുള്ള സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കളേയും ശരീരങ്ങളേയും കാത്തു പരിപാലിക്കണമെ. പിശാചുക്കളുടെ വഞ്ചനയിൽ നിന്നും ഞങ്ങളെ കാത്ത് ദുഷ്ടമനുഷ്യരുടെ ഉപദ്രവത്തിൽ നിന്നും ഞങ്ങളെ വീണ്ട് ഞങ്ങളുടെ കടങ്ങളേയും പാപങ്ങളേയും പരിഹരിക്കണമെ. ഞങ്ങളുടെ കത്താവും ദൈവവുമേ! ഞങ്ങളുടേയും ഈ സ്ഥലത്തുള്ള എല്ലാ സഹോദരങ്ങളുടേയും പരേതരുടേയും ആത്മാക്കളെ ആശ്വസിപ്പിക്കേണമെ. ആയത് സകല പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥപ്രാത്ഥനകളാൽ ഞങ്ങളുടെ കുടുംബങ്ങൾ തിരുസന്നിധിയിൽ യോഗ്യരായി ഭവിക്കണമെ.

കത്താവേ! ദയയാൽ ഞങ്ങളെ കാത്ത് അനുഗ്രഹിക്കണമെ. വിശുദ്ധ ശിഷ്യരായ അപ്പോസ്തോലന്മാക്ക് നൽകിയ പരിശുദ്ധാത്മാ പുതുക്കം നവം നവങ്ങളായ കൃപകളാൽ സുവിശേഷ വേലയ്ക്ക് അവക്ക് ജീവൻ നൽകിയ ദൈവീകദാനങ്ങൾ ഞങ്ങളും കുടുംബമായി പ്രാപിക്കുമാറാകണമെ. എന്തെന്നാൽ കത്താവേ! അവിടുന്നു ഞങ്ങളുടെ ആത്മാക്കളുടെ പുണ്യവും കണ്ണുകളുടെ പ്രകാശവും ആയുസ്സിന്റെ ഭരണകത്താവും ഞങ്ങളുടെ ജീവന്റെ ആശാ ബന്ധുവുമാകുന്നുവല്ലോ. വിശുദ്ധ റൂഹായുടെ പുതുക്കത്താൽ ഞങ്ങളുടെ ആത്മാക്കളേയും ശരീരങ്ങളേയും ശുദ്ധീകരിക്കണമെ. കത്താവേ! അവിടുത്തെ പ്രസാദിപ്പിച്ച് പരിശുദ്ധന്മാരോടുകൂടി ഞങ്ങൾക്ക് കൃപ ലഭിക്കുമാറാകണമെ.

സകലത്തിന്റേയും ഉടയവനെ! കുടുംബമായി ഞങ്ങൾ പ്രഭാതത്തിൽ സ്തുതിച്ച് ആരാധിക്കുന്നു. സവ്വശക്തനെ ഞങ്ങൾ വന്ദിക്കുന്നു. ദൈവമേ! കരുണാസമ്പന്നനാകയാൽ ഞങ്ങൾ ദൈവത്തോടു കാണിച്ച അതിക്രമങ്ങളേയും പാപങ്ങളേയും ഞങ്ങളോട് ദോഷം ചെയ്തിട്ടുള്ളവരോടും കത്താവേ! അവിടുന്നു ക്ഷമിച്ച് ഞങ്ങൾക്കും അവക്കും മോചനം നൽകണമെ. ആമ്മീൻ.

# തിങ്കളാഴ്ച സന്ധ്യ

സ്വർഗ്ഗീയ രാജാവും ആശ്വാസത്തിന്റെ ദൈവവുമായുള്ളോവേ! അയോഗ്യരും പാപികളുമായ അവിടുത്തെ ദാസരായ അടിയാർ ഈ പകൽ സമാധാനത്തോടു കൂടി കഴിച്ചു കൂട്ടുവാനും ഈ സന്ധ്യയ്ക്ക് ശാന്തതയോടെ വന്നടുക്കുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർത്ത അവിടുത്തെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. രക്ഷകനായ കർത്താവേ! തിരുസന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന പ്രാത്ഥനയും തിരുവചനധ്യാനങ്ങളും കൃപയോടെ കൈക്കൊള്ളണമെ. ദുഷ്ടന്റെ ദുരുപദേശത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെ. വഞ്ചകന്റെ സകല കണികളെയും ഞങ്ങളിൽ നിന്ന് മായിച്ചു കളയണമെ. വിചാരങ്ങളിൽ നിന്നും അലച്ചിലുകളിൽ നിന്നും ഉള്ളടക്കത്തോടു കൂടി ഈ സന്ധ്യയും രാവും കഴിച്ചു കൂട്ടുവാനും ഞങ്ങൾക്ക് സംഗതിയാക്കണമെ. സാത്താന്റെ മായാമോഹങ്ങളാൽ ഞങ്ങൾ പരീക്ഷിക്കപ്പെടരുതെ. സമാധാനത്തോടു കൂടി ഈ രാത്രി കഴിച്ചു കൂട്ടുവാനും കടപ്പെട്ടിരിക്കുന്ന പ്രാത്ഥനകൾക്കും ശുശ്രൂഷകൾക്കും സ്തുതികൾക്കുമായി വെടിപ്പോടെ എഴുന്നേൽക്കുവാനും ഞങ്ങളെ കുടുംബമായി യോഗ്യരാക്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ! എല്ലാ നേരത്തും സ്തുതിയും സ്തോത്രവും യോഗ്യമാകുന്നു.

കാരുണ്യവാനായ ദൈവമേ! ഞങ്ങളുടെ കുറ്റങ്ങൾ അനവധിയാകുന്നു. ഞങ്ങളുടെ പാപം എപ്പോഴും ഞങ്ങളുടെ മുമ്പിലിരിക്കുന്നു. ദൈവത്തിന്റെ മുമ്പാകെയുള്ള ഞങ്ങളുടെ അനുസരണക്കേടിനെ ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. കർത്താവേ! തിരു രക്തത്താൽ ഞങ്ങളുടെ പാപങ്ങളെ കഴുകി സകല കളങ്കത്തിൽ നിന്നും കഴുകി ഞങ്ങളെ ശുദ്ധീകരിക്കേണമെ. ഞങ്ങൾ രക്ഷകനായ യേശു ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരായി തീരണമെ. കർത്താവേ! കപട ഭക്തിയിൽ ഞങ്ങൾ വീഴാതെ ഞങ്ങളെ കാക്കണമെ. ഞങ്ങളുടെ ഹൃദയവിചാരങ്ങളെ സ്വാർത്ഥതയിൽ നിന്നും ലൗകിക ചിന്തകളിൽ നിന്നും പിന്തിരിപ്പിച്ച് സത്യമായ ദൈവപ്രത്യാശയിൽ ഞങ്ങളെ സ്ഥിരപ്പെടുത്തണമെ. ഞങ്ങളുടെ ആഗ്രഹങ്ങളെ

നിയന്ത്രിച്ച് ശുദ്ധീകരിച്ച് തിരുഹിതപ്രകാരം ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമെ.

ഉന്നതങ്ങളിൽ സ്തുതിക്കപ്പെടുന്ന രക്ഷകനായ യേശുവേ! തിരു കല്പനപ്രകാരം ഞങ്ങൾ ജീവിതം നയിക്കുവാൻ ഞങ്ങൾക്കു തുണയരുളണമെ. സത്യത്തിൽ ഞങ്ങൾ ജീവിച്ച് ദാനധമ്മങ്ങൾ നടത്തുവാൻ ഞങ്ങൾക്ക് സന്മനസ്സും ക്ഷമയും പരിജ്ഞാനവും നൽകണമെ. രക്ഷകനായ യേശുവേ! ഞങ്ങൾ മറ്റുള്ളവരെ പരിരക്ഷിക്കുന്നതും അന്യക്ക് ഉപകാരം ചെയ്യുന്നതും അവർ അത് നന്ദി ഹീനതയാണെന്ന് ഗണിച്ചു വത്തിച്ചാലും ഞങ്ങളുടെ പരോപകാര പ്രവത്തികൾ തുടന്നുകൊണ്ടിരിപ്പാൻ ഉയരത്തിലെ സ്വഗ്ഗീയകൃപകളാൽ ഞങ്ങളെ വഴി നടത്തേണമെ. ഞങ്ങളുടെ കഴിഞ്ഞ പകൽ സമയത്തെ എല്ലാ പ്രവത്തികളും കത്താവേ! തിരുമുമ്പിൽ കുടുംബമായി ഞങ്ങൾ സമപ്പിക്കുന്നു. ഞങ്ങളുടെ പ്രവത്തനങ്ങളിൽ വന്നുപോയ എല്ലാ കുറവുകളേയും ക്ഷമിച്ച് തിരു നാമമഹത്വത്തിനായി അവയെ ശുദ്ധീകരിച്ച് ഉപയോഗിക്കണമെ. കത്താവേ! ഞങ്ങൾ ലോകമയുള്ളവരായി അവശേഷിക്കുന്നു. ഞങ്ങൾ മ്ശിഹായെ ധ്യാനിച്ചു കിടന്നുറങ്ങി തിരുഹിതപ്രകാരം പ്രഭാതത്തിൽ രക്ഷകനെ സ്തുതിപ്പാൻ കൃപയരുളണമെന്ന് യേശുവിന്റെ നാമത്തിൽ തൃപ്പാദം ചുംബിച്ചുകൊണ്ട് താഴ്മയായി അപേക്ഷിക്കുന്നു; കൃപയോടെ ഉത്തരമരുളണമെ. ആമ്മീൻ.

## ചൊവ്വാഴ്ച പ്രഭാതം

പരിശുദ്ധനും നീതിസൂര്യനുമായ ഞങ്ങളുടെ കത്താവേ! നിത്യനായ സ്വഗ്ഗസ്ഥ പിതാവിന്റെ തിരുമുമ്പിൽ ഈ പ്രഭാത പ്രാത്ഥനയിൽ ഞങ്ങൾ കുടുംബമായി സന്നിധിബോധത്തോടു കൂടി അടുത്തു വന്ന് സ്തുതിച്ച് സ്തോത്രംചെയ്യുന്നു. ഈ ദിവസത്തിന്റെ പ്രഭാതം കാണുവാൻ ദൈവം അനുവദിച്ച കൃപയ്ക്കായ് നന്ദിയോടെ സ്തോത്രം ചെയ്യുന്നു. കഴിഞ്ഞ രാത്രിയിൽ സുഖമായ് ഉറക്കം തന്ന് പ്രഭാതയാമത്തിൽ കത്താവേ പ്രകീത്തിപ്പാനും ആപത്തനത്ഥങ്ങളിൽ നിന്നും കരുണയോടെ

ഞങ്ങളെ കാത്തു സൂക്ഷിച്ചതിനാൽ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. കർത്താവേ! ഈ പകലിൽ ദൈവത്തെ കൂടുതൽ കൂടുതൽ സ്നേഹിച്ച് രക്ഷകന്റെ ദിവ്യ സ്നേഹവും കരുതലും കൂടുതലായ അനുഭവിപ്പിക്കേണമെ. കർത്താവേ! തിരു കൃപയാൽ ഞങ്ങളുടെ പാപങ്ങളെ പരിഹരിച്ച് ഞങ്ങളോട് കരുണ ചെയ്ത് ഞങ്ങളുടെ കുടുംബത്തെ രക്ഷിക്കണമെ. ദൈവമേ! ശുദ്ധതകളുടെ സ്വർഗ്ഗത്തിൽ ഞങ്ങളെ സൂക്ഷിക്കണമെ. ഞങ്ങളുടെ പൈശാചിക ശത്രുക്കൾക്ക് എതിരായി ഞങ്ങളെ സഹായിക്കണമെ. വലതുകൈ ഞങ്ങൾക്കു നീട്ടി ഞങ്ങളുടെ നേരേ അഹങ്കരിക്കുന്നവരായ വിദ്വേഷികളിൽ നിന്നും ഞങ്ങൾക്ക് വിടുതൽ നൽകണമെ. നാഥാ തിരുകൃപയാൽ ഞങ്ങളുടെ പാപ ദോഷങ്ങൾ പരിഹരിച്ച് അനുതാപത്തിന്റെ കണ്ണുനീരാൽ അവയ്ക്ക് മോചനം നൽകി ഞങ്ങളിൽ സൽഫലങ്ങൾ കായിക്കുമാറാകണമെ. കർത്താവേ! ഞങ്ങളിൽ മുളച്ചുണ്ടാകുന്ന മുൾപടപ്പുകളേയും പറക്കാരകളേയും ദഹിപ്പിക്കുവാനായി വിശുദ്ധ റൂഹായുടെ അശരീരമായ അഗ്നി ഞങ്ങളുടെ ഹൃദയത്തിൽ ഇടേണമെ. എന്തെന്നാൽ സകല നന്മകൾ നൽകുന്നവനും സകല ജ്ഞാനങ്ങളുടേയും ഉറവയും കർത്താവാകുന്നു. എന്റെ കർത്താവേ! ആ കുഷ്ടരോഗിയെപ്പോലെ ഞങ്ങൾ വന്ദിക്കുന്നു; തിരുഹിതമെങ്കിൽ ഞങ്ങളെ വെടിപ്പാക്കുവാൻ കഴിയുമല്ലോ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ആത്മാക്കളുടെ കുഷ്ടത്തിൽ നിന്ന് ഞങ്ങളെ ആ കുഷ്ടരോഗിയെ വെണ്മയാക്കിയ പ്രകാരം വെടിപ്പാക്കി ഞങ്ങളുടെ ശരീര കറകളിൽ നിന്ന് ഞങ്ങളെ കഴുകി ശുദ്ധിയുള്ളവരാക്കി തീർക്കണമെ. എന്തെന്നാൽ യേശു പരിശുദ്ധന്മാരെ ശു ദ്ധീകരിക്കുന്നവനാകുന്നു.

ദൈവമേ! അവിടുന്ന് എന്നേക്കും ഉള്ളവനും അവുടത്തെ സിംഹാസനം തലമുറതലമുറകൾ വരെയുള്ളതുമാകുന്നു. ഞങ്ങൾ തിരുസന്നിധിയിൽ ലജ്ജിപ്പാനിടയാകാതെ ക്രിസ്തുയേശുവിൽ ഞങ്ങൾ വളന്ന് തിരുരാജ്യം പ്രാപിപ്പാൻ കുടുംബമായി ഞങ്ങളോട് കൃപചെയ്യണമെ. കർത്താവേ! ഈ പ്രഭാതത്തിൽ ഞങ്ങൾ തിരുമേനിയെ സ്തുതിച്ച് ആരാധിക്കുന്നു. കർത്താവേ! ലോകമെങ്ങും ഉള്ളതായ തിരുസഭയേയും അതിന്റെ എല്ലാ ഭരണക്കാരേയും

പ്രവത്ത്കരേയും സുവിശേഷം ഉൽഘോഷിക്കുന്നവരേയും തിരുസന്നിധിൽ ഞങ്ങൾ ഓക്കുന്നു. അവക്ക് തിരുജ്ഞാനവും വിശുദ്ധിയും നൽകണമെ. ഞങ്ങളുടെ പരേതരോടു കൂടി തിരുരാജ്യം അനുഭവിപ്പാൻ ഞങ്ങൾക്കു രക്ഷ നൽകണമെ. തൃപ്പാദം ചുംബിച്ചുകൊണ്ട് മ്ശിഹായുടെ നാമത്തിൽ താഴ്മയായി അപേക്ഷിക്കുന്നു; കൃപയോടെ ഉത്തരമരുളണമെ. ആമ്മീൻ.

# ചൊവ്വാഴ്ച സന്ധ്യ

കത്താവേ! ഈ പകലിൽ ഞങ്ങളെ കാത്തു സൂക്ഷിച്ചതിൽ ഞങ്ങൾ കുടുംബമായി സന്നിധിയിൽ അണഞ്ഞ് സ്തോത്രം അപ്പിക്കുന്നു. ഞങ്ങളുടെ സകലവിധ പാപങ്ങളേയും ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് പാപ വിമുക്തരാകുവാൻ തിരുകരുണയിൽ ആശ്രയിച്ച് ഞങ്ങളോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു. രാത്രി സംബന്ധ വും അന്ധകാരത്തിനടുത്തതുമായ പാപത്തിന്റെ സകല വികാര ങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. ഈ സന്ധ്യ സമാധാന മുള്ളതും ഭയം കൂടാത്തതുമായിത്തീരണമെ. വരുവാനിരിക്കുന്ന രാത്രി മായാമോഹം കൂടാത്തതും ഉപദ്രവം കൂടാത്തതുമായിരി ക്കണമെ. ഞങ്ങളുടെ ആയുസ്സിലുള്ള എല്ലാ നാളുകളേയും പാപം കൂടാതെ കാത്തുകൊള്ളണമെ. ന്യായ വിധിയുടെ ദിവസത്തിൽ തിരുകരുണയും മനുഷ്യസ്നേഹവും ലഭിപ്പാനായിട്ട് ഞങ്ങളെ യോഗ്യരാക്കണമെ. കരുണാ സമ്പന്നനായ ദൈവമാകകൊണ്ട് സ്തുതിയും ബഹുമാനവും ശ്രേഷ്ഠതയും തിരുമേനിക്ക്യോഗ്യമാകുന്നു.

ദൈവമായ കത്താവേ! ഞങ്ങളിൽ നിന്നും പകൽ കടന്നുപോയ ഈ നേരത്തു ഞങ്ങൾ സ്തോത്രം ചെയ്തു കരുണയോടെ യാചിക്കുന്നതെന്തെന്നാൽ ഈ രാത്രിയിൽ നിരപ്പിലും സമാധാന ത്തിലും പാപം കൂടാതെയും ഞങ്ങളെ കാത്തു കൊള്ളണമെ. കരുണയാൽ ഞങ്ങൾക്ക് രക്ഷ നൽകുമാറാകണമെ. പകൽ സമയത്ത് പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഞങ്ങൾക്ക് രക്ഷ ലഭിക്കുവാൻ ഞങ്ങൾ നന്മയോടെ യാചിക്കുന്നു. തിരുമുമ്പാകെ ഭക്തിയോട് നിന്ന് സ്തുതിച്ച് ആരാധിക്കുവാൻ ഞങ്ങളെ സന്നിധിയിൽ യോഗ്യരാക്കി

തീക്ക്ണമെ. ഞങ്ങളുടെ സന്ധ്യയുടെ കുടുംബ പ്രാത്ഥനകൾ സന്ധ്യാ സമയത്തെ ബലിപോലെ ഞങ്ങളുടെ പശ്ചാത്താപ കണ്ണുനീരുകൾ യൗസേഫിന്റെ പ്രാത്ഥനപോലെ കൈക്കൊള്ളണമെ. മലിനകൂടാതെ രാത്രിയിൽ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ ആത്മാക്കൾക്ക് അനുതാപവും ഞങ്ങളുടെ ഹൃദയങ്ങൾക്ക് ഭയങ്കരവും ഭ്രമിക്കത്തക്ക ന്യായവിധിയെക്കുറിച്ചുള്ള സ്മരണയും വിചാരവും നൽകണമെ. ഞങ്ങളുടെ കത്താവേ! തിരുമേനിയെക്കുറിച്ചുള്ള ഭയം കൊണ്ട് ഞങ്ങളുടെ ഹൃദയത്തെ നിറയ്ക്കണമെ. ഭയങ്കരമായ ഉറക്കത്തിൽ ഞങ്ങൾ വീഴുമ്പോൾ വലുതായ തിരു ന്യായവിധിയെപ്പറ്റി ചിന്തിപ്പാനായിട്ട് പാപസംബന്ധമായി ഞങ്ങളുടെ അവയവങ്ങളെ പാപം കൂടാതെ കാക്കണമെ. ഞങ്ങളുടെ കത്താവേ! സകല ദുഷ്ട വിചാരങ്ങൾക്കും ഭ്രഷ്ട് നൽകി ഉപദ്രവകരമായ സകല മോഹങ്ങളേയും ഞങ്ങളിൽ നിന്ന് ദുരീകരിക്കണമെ. സകല പാപങ്ങളിൽ നിന്നും ഞങ്ങളെ കാത്തു ഞങ്ങളുടെ പാപങ്ങൾ ക്ഷമിച്ച് ഞങ്ങൾ ശുദ്ധിയുള്ളവരായി തിരുമേനിയുടെ വിശുദ്ധ കല്പനകൾ പരിപാലിച്ച് രാത്രി യാമങ്ങളുടെ പ്രാത്ഥനാ സമയത്തേക്ക് ഞങ്ങളെ എഴുന്നേല്പിക്കണമെ. അങ്ങിനെ ഞങ്ങൾ പരിപൂണ്ണമായ ഹൃദയസമാധാനത്തോടുകൂടി തിരുസന്നിധിയിങ്കലേക്ക് അടുത്തു വരുന്നതിന് ഞങ്ങൾക്കു കൃപ നൽകണമെ. ഞങ്ങൾ വെറുത്തു ഏറ്റുപറഞ്ഞു ഉപേക്ഷിച്ച പാപങ്ങൾ ആവത്തിക്കുന്നതിന് ഇടയാകാതെ അവയിന്നു വീണ്ടുംനിപതിക്കാതെ ഞങ്ങൾ ജീവിപ്പാൻ കൃപയരുളണമെ. കത്താവേ! ഈ രാത്രിയിൽ ഞങ്ങളും ഓത്തു തിരുസന്നിധിയിൽ മദ്ധ്യസ്ഥ പ്രാത്ഥന ചെയ്യുന്ന അവക്കും ഞങ്ങൾക്കും ഹൃദയസമാധാനവും സന്തോഷവും ഐശ്വര്യവും പ്രദാനം ചെയ്യണമെ. ഞങ്ങളെ ഏല്പിച്ച ജോലിയിൽ ഞങ്ങൾ വിശ്വസ്തതയോടുകൂടി ഞങ്ങളുടെ താലന്തുകൾ തിരുസന്നിധിയിൽ സമപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമെ. കത്താവേ! ദുഖിതരേയും രോഗികളേയും അനാഥരേയും സന്നിധിയിൽ ഓത്തു പ്രാത്ഥിക്കുന്നു. അതിരാവിലെ ഉണന്ന് പ്രാത്ഥിപ്പാൻ കൃപയരുളണമേയെന്ന് തൃപ്പാദം ചംബിച്ചുകൊണ്ട് രക്ഷകന്റെ നാമത്തിൽ താഴ്മയായി അപേക്ഷിക്കുന്നു; കൃപയോടെ ഉത്തരമരുളണമെയെന്ന് യാചിക്കുന്നു. ആമ്മീൻ.

# ബുധനാഴ്ച പ്രഭാതം

പാപം കൂടാതെ മനുഷ്യനായി പാപികളായ മനുഷ്യരെ രക്ഷിപ്പാൻ തിരുഅവതാരം ചെയ്ത ദൈവപുത്രാ! പ്രഭാതത്തിൽ ഞങ്ങൾ കുടുംബമായ് ഉണന്ന് എഴുന്നേറ്റ് ദൈവമേ! അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ അനുതാപഹൃദയത്തോടു ഞങ്ങൾ സന്നിധിയിൽ അപേക്ഷിക്കുന്നു. പാപികളുടെ പാപകറകളെ കഴുകി വീണ്ടും ശുദ്ധീകരണം നൽകുന്ന രക്ഷിതാവേ! തിരുകരുണയുടെ വാതിൽ ഞങ്ങൾ മുട്ടുന്നു. തിരുകൃപാദാനങ്ങളുടെ ശ്രീഭണ്ഡാരത്തെ ഞങ്ങൾക്കു തുറക്കണമെ. തന്റെ വിശുദ്ധ കല്പനകളാൽ ഔഷധങ്ങളെ മുളപ്പിക്കുന്നവനായുള്ളോവേ, ജീവനുണ്ടാകുന്നതായ സ്തോത്രം ഞങ്ങളിൽ വളത്ത്ണമെ.

ശമുവേലിന്റെ മാതാവിന് തന്റെ പ്രാത്ഥനയാൽ യിസ്രായേലിനെ ശുശ്രീഷിക്കാനും ഭരിക്കാനും കഴിവുള്ള പുത്രനെ നൽകിയ പിതാവാം ദൈവമേ! തിരുകരുണയാൽ ഈ ലോകത്തിൽ ഞങ്ങൾ ജീവിച്ച് തിരുമേനിയെ സേവിപ്പാൻ ഞങ്ങൾക്ക് ശക്തി നൽകണമെ. മോറിയാ മലയിലെ യാഗത്തിൽ നിന്നും ഇസ്സഹാക്കിനെ മരണത്തിൽ നിന്നും വീണ്ടെടുത്ത പ്രകാരം കുഞ്ഞാടിനെ കൊടുത്തവനായ ദൈവമേ! ലോകരക്ഷിതാവായ യേശുവിന്റെ കൃപയാൽ ആ കുഞ്ഞാടിന്റെ തിരു രക്തത്താൽ ഞങ്ങളുടെ പാപങ്ങൾ കഴുകപ്പെട്ട് തിരുമേനിയുടെ അനുഗ്രഹമുള്ള കൃപയാൽ ലോകപരീക്ഷയിലും, ശത്രുക്കളുടെ കണികളിൽ നിന്നും, പെട്ടെന്നുള്ള മരണത്തിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. രഹസ്യ ജീവിതത്തിൽ ഞങ്ങൾ കുറ്റരഹിതരായി തിരു സന്നിധിയിൽ കാണുവാൻ ദൈവമേ! ഞങ്ങളെ കാക്കണമെ. കത്താവേ! തിരുമേനിയെ പ്രസാദിപ്പിപ്പാൻ ഞങ്ങൾക്ക് ശക്തി നൽകണമെ. ഞങ്ങളുടെ ജീവിന്റെ ശരണവും, ആത്മാക്കളുടെ രക്ഷകനും അടിയങ്ങൾക്ക് വിശുദ്ധാത്മ പുതുക്കത്താൽ ജീവിത യാത്രകളിൽ പ്രകാശം നൽകി ഞങ്ങളെ വഴി നടത്തുന്ന ലോകരക്ഷിതാവായ യേശുനാഥാ! തിരുകരുണയാൽ പാപികളായ ഞങ്ങളുടെ സകല പാപങ്ങളും കഴുകി ഞങ്ങളോട് കരുണ ചെയ്ത് ഞങ്ങളെ നയിക്കണമെ. കത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ ഞങ്ങളുടെ രഹസ്യ കറകൾ ഞങ്ങളിൽ കാണാതിരി

ക്കുവാൻ ഞങ്ങളെ തുണയ്ക്കണമെ. ഞങ്ങളുടെ കത്താവേ! തിരു ശ്രേഷ്ഠ സിംഹാസനത്തിൻ മുമ്പാകെ ലജ്ജിതരാകാതെ തിരുമേനി യുടെ തോഴരോടൊരുമിച്ച് സ്വർഗ്ഗവാസസ്ഥലത്തിൽ നിത്യമായ ഭവനത്തിൽ ഞങ്ങളുടെ പരേതരോടൊരുമിച്ച് തിരുസന്നിധിയിൽ ചേക്കപ്പെടുമാറാറാകണമെ. കത്താവേ! തിരുകരുണയാൽ തിരു മേനിയുടെ ആട്ടിൻകൂട്ടത്തിൽ ഞങ്ങളെ ഓരോരുത്തരേയും തിരുമേനിയുടെ വലഭാഗേ ചേക്കണമെ. ഞങ്ങളുടെ കത്താവേ! ന്യായവിസ്താരം ചെയ്യുന്ന സമയം ഞങ്ങളുടെ കുറ്റങ്ങളെ ചോദ്യം ചെയ്യുന്നതിന് തിരുമേനി തുനിയരുതേയെന്ന് കണ്ണീരോടു കൂടി അടിയങ്ങൾ കുടുംബമായി ഈ പ്രഭാതത്തിൽ കേണപേക്ഷി ക്കുന്നു. ബഹുലങ്ങളായ ദിവ്യദാനങ്ങളാൽ ഞങ്ങളെ അനുഗ്രഹി ക്കുമാറാകണമെ.

ലോക ഇമ്പങ്ങളിൽ വ്യാമോഹിതരാകാതെ ലോകത്തിനും പിശാ ചിനും വേണ്ടി ജീവിക്കാതെ ഞങ്ങളുടെ പാപങ്ങളെ ഉപേക്ഷിച്ച് ക്രിസ്തു യേശുവിൽ ജീവിതം നയിക്കുന്നവരായി തീരണമെ. കത്താവേ! കൃപയാൽ നൽകുന്ന രക്ഷകന്റെ നീതിയുടെ വെൺ വസ്ത്രത്തിൽ ജീവിത കുഴപ്പങ്ങൾ കൊണ്ട് ഞങ്ങൾ ഓരോരുത്ത ക്കും കറ പറ്റിക്കുമാറാകരുതെ. തൃക്കരത്താൽ ഞങ്ങളെ താങ്ങി വഴിനടത്തണമെയെന്ന് തൃപ്പാദം ചുംബിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്ന യാചനയെ കേൾക്കുമാറാകണമെ. ആമ്മീൻ.

## ബുധനാഴ്ച സന്ധ്യ

സകലത്തിന്റേയും സൃഷ്ടാവും സകലത്തേയും ക്രമപ്പെടുത്തി ഭരിച്ചു നയിക്കുന്നവനായ പിതാവാം ദൈവമേ! ഈ സന്ധ്യാ സമയത്ത് ഞങ്ങൾ കുടുംബമായി തിരുസന്നിധിൽ അണയുന്നു. ഈ സന്ധ്യയിൽ ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കി കൊണ്ടിരിക്കുന്നു. ഈ പകലിന്റെ സായാഹ്നവേളയിൽ ഞങ്ങൾ സന്നിധിയിൽ തിരുവചനം ധ്യാനിച്ചും തിരുമേനിയെ പാടി സ്തുതിപ്പാൻ ഞങ്ങൾക്ക് നൽകിയ കൃപയെ ഓത്ത് നന്ദിയോടെ തിരുമേനിയെ സ്തുതിക്കുന്നു. തന്നിമിത്തം തിരുനാമത്തെ ഞങ്ങൾ പുകഴ്ത്തുന്നു. കത്താവേ! തിരുകരുണയോടെ ഞങ്ങൾ യാചിക്കു ന്നത് അന്ധകാര പ്രവത്തികളിൽ നിന്നും രാത്രിയിലെ ദുസപ്നങ്ങ

ളിൽ നിന്നും സാത്താന്റെ വ്യാപാരങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. കരുണയുള്ളവനും കൃപയും വിശുദ്ധിയും വിതറുന്നവനുമായ നാഥാ, ഈ സന്ധ്യയിൽ അടക്കവും താഴ്മയും ഞങ്ങൾക്ക് നൽകണമെ. തിരുമേനിയുടെ ആത്മാവിന്റെ കരുണയും ആവാസവും തിരിച്ചറിവും ഞങ്ങളിൽ വ്യാപരിക്കണമെ.

മനുഷ്യരെ സ്നേഹിക്കുന്ന കർത്താവേ! ഞങ്ങൾ ഉറങ്ങുമ്പോൾ ഞങ്ങളുടെ ശരീരത്തിന് ആശ്വാസം നൽകണമെ. പാപത്തിന്റെ കൂരിരുട്ടിൽ നിന്ന് ഞങ്ങളെ കാത്തുകൊള്ളണമെ. ശരീരത്തിന്റേയും ആത്മാവിന്റേയും മലിനതകളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. തിരുമേനിയെക്കുറിച്ചുള്ള ഭയത്താൽ ഞങ്ങൾ അവസാനത്തോളം വിശുദ്ധിയോടുകൂടി തിരുസന്നിധിയിൽ ജീവിക്കുമാറാകണമെ. രാത്രിയിലെ സകല ദുർമ്മോഹങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. ഞങ്ങളുടെ വികാരങ്ങളുടെ ചെയ്തികൾ ജഡസംബന്ധമായ ചലനങ്ങളുടെ ദുർമ്മോഹങ്ങൾക്കു അടിമപ്പെടുമാറാകരുതെ. ഉണർവ്വുള്ള ബോധങ്ങളും പരിപാകതയുള്ള വികാരങ്ങളും അതിന്റെ സൽഫലങ്ങളും ഞങ്ങളിൽ ഓരോരുത്തരും വ്യക്തികളായും കുടുംബമായും സന്നിധിയിൽ സമർപ്പിക്കുമാറാകണമെ. രാത്രിയിലെ യാമങ്ങളിൽ ഉണർന്ന് തിരുമേനിയെ മഹത്വപ്പെടുത്തി സ്തുതിപ്പാൻ ഞങ്ങൾക്കു തിരുസന്നിധി ബോധം നൽകണമെ.

ദൈവമേ! ഈ രാത്രി തിരുമേനിയുടെ മക്കളായി ഞങ്ങൾ ഉറങ്ങി പാപചിന്തകളിൽ നിന്നും ഞങ്ങളെ കാത്തു കിസ്തുയേശുവിനെക്കുറിച്ചുള്ള ചിന്തകളിൽ ഉണർന്നെഴുന്നേറ്റ് തിരുമേനിയെ സ്തുതിപ്പാൻ ഞങ്ങളെ സഹായിക്കണമെ. ഞങ്ങൾക്കു തിരുമേനി രക്ഷകനും സ്വർഗ്ഗഭവനങ്ങളെ നൽകുന്നവനും ഞങ്ങൾക്കുള്ള ഭവനങ്ങളെ പണിത് അതിൽ ഞങ്ങളെ വസിപ്പിക്കുവാൻ കൃപയരുളുന്നവനുമാകുന്നു.

കർത്താവേ! തിരുഹിതമെങ്കിൽ കൃപയോടെഉണർന്നെഴുന്നേറ്റ് സന്തോഷത്തോടുകൂടി സന്നിധിയിൽ കുടുംബമായി ചേർന്ന് തിരുവചനധ്യാനങ്ങളാലും സങ്കീർത്തനങ്ങളാലും തിരുമേനിയെ പാടി മഹത്വപ്പെടുത്തുവാൻ കൃപയാൽ ദൈവമേ! തിരുപുത്രന്റെ നാമ

ത്തിൽ ഞങ്ങളെ കാക്കണമെന്ന് അരുമനാഥന്റെ തൃപ്പാദം ചുംബി ച്ചുകൊണ്ട് താഴായ്മയായി അപേക്ഷിക്കുന്നു.ആമ്മീൻ.

## വ്യാഴാഴ്ച പ്രഭാതം

ദൈവമേ! തിരുമേനിയെ സ്തുതിച്ച് ആരാധിപ്പാനും തിരുമാലാഖ മാരുടെകാവലിൽ ഞങ്ങൾ കഴിഞ്ഞ രാത്രിയിൽ സുഖമായി ഉറങ്ങുവാനും കൃപ ചെയ്തതിന് തിരുമേനിക്ക് നന്ദിയും സ്തോത്രവും ഈ പ്രഭാതയാമത്തിൽ സമർപ്പിക്കുന്നു.

ഞങ്ങളുടെ ദൈവമേ! തിരുമേനി ഞങ്ങളുടെ സഹായി ആകുന്നു. യേശുമ്ശിഹാ ഞങ്ങളെ തിരു മഹിമയുടെ കൃപയാൽ കാക്കണമെ.
ഞങ്ങൾ തൃക്കയ്യിൽ ഇരിക്കുന്നു. ഞങ്ങളുടെ കുടുംബത്തിന് പ്രയോജനമുള്ളതെല്ലാം കർത്താവേ! തിരുമേനി അറിയുന്നു. അതിൽ കൂടെ ഞങ്ങളെ വഴി നടത്തണമെ. കർത്താവേ! ഞങ്ങൾ തെറ്റി പാപത്തിൽ വീഴുന്നവരാകയാൽ പാപം ചെയ്യുവാൻ തക്കവണ്ണം ഞങ്ങളെ തിരുമേനി കൈവിടരുതെ. കർത്താവേ! ഞങ്ങൾ സ്വന്ത ഇഷ്ടത്തിന് വിധേയരാകരുതെ. പാപത്തിൽ ഞങ്ങൾ നശിച്ചു പോകുന്നതിന് ഞങ്ങളെ തള്ളികളയരുതെ. ദൈവമേ! തിരു സൃഷ്ടികളായ ഞങ്ങളെ തിരു കരുണയാൽ മറച്ച് ഞങ്ങളുടെ ബലഹീനതയിൽ ഞങ്ങളോട് കൃപ ചൊരിഞ്ഞ് ഞങ്ങളുടെ ആത്മാക്കൾ പാപത്തിൽ വീഴാതെ ഞങ്ങളെ കാക്കണമെന്ന് തിരുസന്നിധിയിൽ പ്രാർത്ഥിക്കുന്നു. കർത്താവേ! തിരുമേനിയുടെ അടുക്കലേക്കല്ലാതെ ഓടി ഒളിപ്പാൻ ഞങ്ങൾക്ക് മറ്റു സ്ഥലമില്ലല്ലൊ. ഞങ്ങൾക്ക് വിരോധമായി നിന്ന് ഞങ്ങളുടെ ആത്മാവിനെ വഞ്ചിപ്പാൻ ആഗ്രഹിക്കുന്ന എല്ലാവരും ലജ്ജിച്ചു പിൻ തിരിയണമെ.

തിരുമേനി സകലത്തിനും ബലവാനും എല്ലാത്തിന്റേയും ഉടയവനും സകലത്തേയും ഭരിക്കുന്നവനുമാകയാൽ ഞങ്ങക്ക് എന്തു ഭവിക്കുമെന്ന് തിരുമേനി അറിയുന്നതാൽ കർത്താവേ! ഞങ്ങൾ തിരുമേനിയിൽ പൂർണ്ണമായി ശരണപ്പെടുന്നു. പെട്ടന്നുള്ള

മരണത്തിൽ നിന്ന് ഞങ്ങളെ കാത്തു ഞങ്ങളെ ജീവന്റെ തുറമുഖത്ത് ഉറപ്പിക്കണമെ. കത്താവേ! അനുഗ്രഹങ്ങളുടെ ബഹുത്വം പോലെ ഞങ്ങളുടെ ജീവന്റെ രക്ഷയ്ക്ക് നല്ലതായിട്ടുള്ള തൊക്കയും നൽകണമെ.

കത്താവേ! വ്യത്ഥമായ വിചാരം ഞങ്ങളിൽ നിന്ന് നീക്കി കളഞ്ഞ് നിന്നോടുള്ള ഭയവും ഭക്തിയും കരുണയും സ്നേഹവും തമ്മിൽ തമ്മിൽ സഹോദര പ്രീതിയും ഞങ്ങളിൽ വളത്തണമെ. ദൈവത്തിന്റെ വിശുദ്ധ വ്യാപാരത്താൽ ഞങ്ങളെ വഴി നടത്തിക്കുന്ന കത്താവേ! വിശുദ്ധ റൂഹായുടെ കൃപയുടെ പുതുക്കം ഞങ്ങൾക്ക് കല്പിച്ചയച്ച് ആത്മാവിന്റേയും ശരീരത്തി ന്റേയും സകല മലിനതകളിൽ നിന്നും ഞങ്ങളെ ശുദ്ധീകരി ക്കണമെ. പാപി അനുതപിച്ച് ജീവിക്കുന്നതിനല്ലാതെ അവൻ മരിക്കുന്നതിൽ എിനിക്കിഷ്ടമില്ലന്നരുളിചെയ്ത സവ്വശക്തനായ കത്താവേ! കുടുംബമായി ഞങ്ങൾ കണ്ണുനീരിൽ തിരുസന്നിധി യിൽ അനുതപിച്ച് ഞങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷി ക്കുന്നു. ഞങ്ങളുടെ രഹസ്യ പാപങ്ങളേയും രോഗങ്ങളേയും കഴുകി ശുദ്ധരാക്കണമെ. ഞങ്ങളെ ശുദ്ധീകരിച്ച് തിരുമേനിയുടെ തൊഴുത്തിലെ ആടുകളായി ചേക്കണമെ.

നാഥാ! ഞങ്ങൾക്കുള്ള നിത്യഭവനങ്ങളിൽ ഞങ്ങൾ ചേക്കപ്പെടു വാൻ ഈ വ്യത്ഥലോകത്തിൽ ഞങ്ങൾ ജീവിക്കുന്ന കാലങ്ങളിൽ എല്ലാവിധ സ്വാത്ഥചിന്തകളിൽ നിന്നും മായാമോഹങ്ങളിൽ നിന്നും ഞങ്ങളെ ഒഴിവാക്കി ഞങ്ങളെ പരിരക്ഷിച്ചു കാക്കണമെ. ഞങ്ങളുടെ കുടുംബ പ്രാത്ഥനയിൽ തിരുമേനിയോട് അപേക്ഷിച്ചി ട്ടുള്ളതിൽ കൂടുതൽ നന്മകളും അനുഗ്രഹങ്ങളും ഞങ്ങളുടെ മേൽ വഷിച്ച് ഞങ്ങളേയും ഞങ്ങളുടെ പരേതരേയും നിത്യ പ്രകാശത്തിൽ കത്താവേ! നയിക്കണമെന്ന് തൃപ്പാദം ചുംബിച്ച് താഴായ്മയോടെ അപേക്ഷിക്കുന്നു; കൃപയോടെ കേൾക്കുമാറാക ണമെ; ആമ്മീൻ.

## വ്യാഴാഴ്ച സന്ധ്യ

കത്താവേ! തിരുവാസത്തിന് ഞങ്ങൾ നിമ്മല ഭവനങ്ങളും തിരു ബഹുമാനത്തിന് ഞങ്ങൾ വന്ദനകൾ സമപ്പിക്കുന്നവരും തിരു ശു ശ്രൂഷയ്ക്ക് ദിനംപ്രതി ഒരുക്കമുള്ളവരുമായി തീരണമെ. കഴിഞ്ഞ പ

കലിൽ തിരുകരുണയുടെ ചിറകിൽ ഞങ്ങളെ ക്ഷേമമായി കാത്തു വഴി നടത്തിയതിൽ നന്ദിനിറഞ്ഞ കണ്ണുകളാൽ ആത്മീയമായി തിരുമേനിയെ കണ്ട് തിരു വഴികളിൽ കൂടി നടപ്പാൻ കൃപ നൽകിയ മഹനീയതയെ ഞങ്ങൾ അനവരതം സ്തുതിച്ചു പ്രാർത്ഥിക്കുന്നു. കർത്താവേ! തിരു കല്പനകൾ ആചരിപ്പാനും കർത്താവിന്റെ ഊടുവഴികളിൽ കൂടി നടപ്പാനും തിരുജ്ഞാനം ഞങ്ങളിൽ വസിക്കണമെ. കുടുംബമായി സങ്കീർത്തനങ്ങളാലും തിരുവചനധ്യാനത്താലും തിരുനാമമഹത്വത്തിനായി സ്തുതിസ്തോത്രങ്ങൾ സന്നിധിയിൽഅണയ്ക്കുവാൻ അടിയങ്ങൾക്ക് യോഗ്യത നൽകണമെ.

ഞങ്ങളുടെ നാവുകൾ കർത്താവിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്ന കിന്നരങ്ങളായിരിക്കണമെ. ആത്മാവിന്റെ ശോഭയാലും ശരീരത്തിന്റെ വിശുദ്ധിയാലും വെടിപ്പുള്ള സ്തുതികളാലും മഹത്വമുള്ള കാഴ്ചകളേയും ഞങ്ങൾ അണയ്ക്കുമാറാകണമെ. ഞങ്ങളുടെ കുടുംബ പ്രാർത്ഥ നകൾ ആത്മീയ സ്തോത്രങ്ങളായി തിരുമേനിയുടെ മഹത്വത്തിന്റെ ഉന്നത സിംഹാസന സന്നിധിയിൽ പ്രവേശിക്കുമാറാകണമെ.

കാരുണ്യവാനേ! ഞങ്ങൾ കുടുംബമായി സന്ധ്യയുടെ ഈ നേരം തിരുമേനിയെ പാടി പ്രകീർത്തിക്കുന്നു. സമാധാനത്തോടും ആശ്വാസത്തോടും കൂടി പിതാവിന്റെ സന്നിധിയിലേക്ക് ഞങ്ങളുടെ കുടുംബത്തെ സമർപ്പിക്കുന്നു. പെട്ടെന്നുള്ള മരണത്തിൽ നിന്നും ഞങ്ങളെ കാത്ത് അനർത്ഥങ്ങളിൽ നിന്നും ഞങ്ങളെ ഒഴിവാക്കി പൈശാചിക പരീക്ഷകളിൽ ഞങ്ങൾ പതിക്കാതെ വിവിധ പ്രവർത്തനങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും ഈ സമയം വിശ്രമിച്ച് നിദ്ര ആരംഭിക്കുന്നതിന് മുമ്പ് ഞങ്ങൾ തിരുസന്നിധിയിൽ അണയുന്നു. ദൈവസാനിധ്യത്തിൽ ഞങ്ങൾ ഉണർന്നെഴുന്നേറ്റ് മ്ശിഹായുടെ ശബ്ദം കേട്ട് പ്രഭാത യാമത്തിൽ തിരുമേനിയെ സ്തുതിച്ച് പ്രാർത്ഥിപ്പാൻ അവസരം വീണ്ടും തരുമാറാകണമെ. രാത്രിയിൽ കിടക്കയിൽ തിരുകല്പനകളെക്കുറിച്ച് ധ്യാനിച്ച് നിദ്രയിലാകുവാൻ കർത്താവേ! അടിയങ്ങളോട് കൃപതോന്നണമെ. ക്രിസ്തുനാഥന്റെ ദിവ്യസമാധാനം ഞങ്ങളുടെ ഹൃദയത്തിലുള്ള ഭയത്തേയും പരിഭ്രമത്തേയും അശേഷം നീക്കികളയണമെ. കർത്താവേ! ലോകമോഹത്തിൽ ഞങ്ങൾ ഇമ്പപ്പെട്ട് ഓടി

ഞങ്ങളുടെ നിത്യരക്ഷ നശിപ്പിക്കുവാൻ ഞങ്ങൾക്ക് ഇടയാകരു തെ. അരുമനാഥന്റെ ദിവ്യസ്വഭാവത്തിന് ഞങ്ങളിൽ വിളവു വരുത്തുവാൻ ഞങ്ങൾക്ക് കൃപയരുളണമെ.
ഞങ്ങളുടെ ഭാവി ജീവിതം തിരുമുമ്പാകെ അടിയങ്ങൾ സമർപ്പിച്ച് കർത്താവിൽ നിന്നും കൃപകൾ ആർജിച്ച് ദിവ്യ വ്യാപാരത്തിൽ ഞങ്ങൾ സ്വശക്തിയുള്ളവരായി ജീവതയാത്ര തുടരുവാൻ തിരു ഹിതമെങ്കിൽ ഞങ്ങളെ നയിക്കണമെ. ലോകോല്ലാസത്തിനും ജഡേച്ഛകൾക്കും ഞങ്ങളുടെ സമയവും ദേഹവും ദേഹിയും സമ്പത്തും ചിലവഴിക്കുവാൻ കർത്താവേ! അനുവദിക്കരുതെ. ഞങ്ങളേയും ഈ ഭവനത്തേയും ഞങ്ങളുടെ ഹൃദയത്തേയും ശുദ്ധീകരിച്ച് കർത്താവേ! തിരുരാജ്യത്തിലെ ഏറ്റവും ചെറിയവരിൽ ഒരുവനെപ്പോലെ ഞങ്ങളോരോരുത്തരേയും മ്ശിഹാ തമ്പുരാന്റെ കൃപയാൽ കാത്ത് പ്രഭാതത്തിൽ ദൈവത്തെ സ്തുതിപ്പാൻ കനിയണമെയെന്ന് തൃപ്പാദം ചുംബിച്ചു കൊണ്ട് താഴായ്മയോടപേക്ഷിക്കുന്നു. കൃപയോടെ കേൾക്കുമാറാകണമെ; ആമ്മീൻ.

## വെള്ളിയാഴ്ച പ്രഭാതം

പിതാവായ ദൈവമേ! തിരുശ്രേഷ്ഠതയുടെ സന്നിധിയിൽ സ്തോത്ര സമർപ്പണത്തിന് ഈ വെള്ളിയാഴ്ച പ്രഭാതത്തിൽ ഞങ്ങൾ കുടുംബ മായി അടുത്തു വരുന്നു. രാത്രിയാമത്തിൽ ഞങ്ങൾക്ക് തിരുമേ നിയെ പ്രകീർത്തിക്കാൻ അവസരം നൽകിയതിൽ ദൈവമേ! തിരുമേനിക്ക് സ്തുതി, ആയിരമായിരം സ്തോത്രം. കർത്താവേ! ഞങ്ങളുടെ വിചാരങ്ങളെ ശുദ്ധീകരിക്കണമെ. ഞങ്ങളുടെ ജീവത ത്തെ തിരുകരുണയാൽ കാത്ത് വിശുദ്ധിയിൽ ഞങ്ങളുടെ ജീവിതം ഇഹത്തിൽ തുടരുവാൻ നൽവരം തരേണമെ. ഞങ്ങളുടെ ആയു സ്സിന്റെ എല്ലാ ദിവസങ്ങളിലും തിരു വിശുദ്ധാത്മ പുതുക്കത്താൽ ഞങ്ങളെ ബലപ്പെടുത്തണമെ. ഞങ്ങളുടെ മേൽ വന്നു കൂടുന്ന സകല ശിക്ഷകളിൽ നിന്നും ക്രോധത്തിന്റെ വടികളിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കണമെ. കർത്താവേ! പൈശാചിക പോരാ ട്ടങ്ങളേയും ശത്രുക്കളുടെ കെടുതികളേയും ജയിക്കുവാനും സ്ലീ ബായാൽ ഞങ്ങളോട് യുദ്ധം ചെയ്യുന്നവരേയും ജയിപ്പാനും ശക്തി

നൽകണമെ. കർത്താവേ! തിരുകരുണപ്രകാരം ഞങ്ങളോട് കൃപ ചെയ്യണമെ. തിരുമേനി ഞങ്ങളുടെ പാപങ്ങളെ സൂക്ഷിച്ചു നോക്കുന്നുവെങ്കിൽ തിരുസന്നിധിയിൽ അണയുന്നതിന് ഞങ്ങൾക്ക് അർഹതയില്ലല്ലോ. പരിശുദ്ധ റൂഹായുടെ പുതുക്കത്താൽ പിതാവേ! ഞങ്ങൾ തിരുസന്നിധയിൽ ഞങ്ങളുടെ കുറ്റങ്ങളേയും പാപങ്ങളേയും ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നു. നിരന്തരം ഞങ്ങൾ പാപങ്ങളും കുറ്റങ്ങളും ചെയ്തുകൂട്ടുന്നു. തിരുസന്നിധിയിൽ വിശുദ്ധ സ്ലീബാധാരികളായി ഞങ്ങളുടെ അയൽക്കാർക്ക് വെളിച്ചം വിതറുന്ന സ്നേഹിതരായി കാണുവാനും അവരുടെ മുമ്പിൽ തിരുസാക്ഷകളാകുവാനും കൃപയാൽ ഞങ്ങളെ കാത്തു കൊള്ളണമെ.

ക്രിസ്തുയേശുവിൽ ഞങ്ങളെല്ലാം ദൈവമക്കളാകുവാൻ യേശുവിനോട് ചേർന്ന് മാമ്മോദീസാ ഏറ്റിരിക്കുന്ന ഞങ്ങളെല്ലാം ക്രിസ്തുയേശുവിനെ ധരിച്ചിരിക്കുന്നതിനാൽ അവനിൽ ഞങ്ങൾ കുടുംബമായി ഒന്നായി ജീവിച്ചിരിപ്പാൻ കൃപയരുളണമെ. ദൈവമായ കർത്താവേ! തിരു ശ്രേഷ്ഠതയുടെ മുമ്പാകെയുള്ള ഞങ്ങളുടെ നില തിരുകർത്തവ്യത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനുമായിരിക്കണമെ. അഹോരാത്രം തിരുനാമത്തെ ഞങ്ങൾ ഓർക്കയും, തവ ദിവ്യകല്പനകളെക്കുറിച്ച് ധ്യാനിക്കയും ചെയ്യുമാറാകണമെ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! ഞങ്ങളുടെ ആയുസിനെ കാത്തുകൊള്ളുകയും ഞങ്ങൾ വീണു പോകാതിരിപ്പാനായിട്ട് ഞങ്ങളേയും ഞങ്ങളുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും തവശക്തിയാൽ ഞങ്ങളെ ബലപ്പെടുത്തണമെ. ഞങ്ങളുടെ മേൽ വന്നു കൂടുന്ന സകലത്തിലും ഞങ്ങളെ സഹായിക്കണമെ.

ഞങ്ങളുടെകർത്താവേ! യുദ്ധങ്ങളെ സഹിപ്പാൻ ശക്തിതരേണമെ. ഞങ്ങൾ തളർന്ന് പോകാതിരിപ്പാനായിട്ട് ഞങ്ങൾക്ക് കൃപ നൽകണമെ.

കർത്താവേ! ഞങ്ങൾ തിരുമുമ്പാകെയാകുന്നു. തിരുവിഷ്ടത്തിന് കടപ്പെട്ടിരിക്കുന്നത് ഇന്നതെന്ന് ഞങ്ങൾ അറിയുന്നതിനാൽ തിരുവിഷ്ടത്തിന് ഞങ്ങൾ യോഗ്യരാകണമെ. തവ കരുണപോലെ ഞങ്ങളോട് കരുണചെയ്യണമെ. ഞങ്ങളുടെ ശത്രുക്കളുടെ തിന്മയെ ഞങ്ങൾ അറിയാതിരിക്കും. തിരുമേനി സകലവും അറിയു

കയും കാണുകയും ചെയ്യുന്നതിനാൽ ഞങ്ങൾ നിനക്കുള്ള വരായിരുന്നതു വെരെ അവരോട് യുദ്ധം ചെയ്തുകൊണ്ട് ഞങ്ങളുടെ ബലഹീനതയ്ക്കു സഹായിക്കണമെ. അനുഗ്രഹം തനിക്കുള്ളതാകുന്നു; ഞങ്ങളെ രക്ഷിക്കണമെ.

എന്തെന്നാൽ തവ സഹായം കൂടാതെ അവരുടെ കൈകളിൽ നിന്ന് ഓടിയൊളിപ്പാൻ ഞങ്ങൾക്ക് ശക്തിയില്ല. മുള്ളുകൊണ്ടുള്ള ഭൂമിയുടെ അരിഷ്ടതകളിൽ നിന്നും ഞങ്ങളെ കരേറ്റുവാൻ വേണ്ടി തന്റെ കൃപയാൽ സ്ലീബായാൽ കരേറിയവനായ മനുഷവര്ഗ്ഗത്തിന്റെ രക്ഷിതാവായ മ്ശിഹാതമ്പുരാനെ തിരുസ്ലീബായുടെ പ്രകാശം ഞങ്ങൾക്ക് ഉദിപ്പിക്കുകയും ഞങ്ങളുടെ ആത്മാവിന്റെ അന്ധകാരത്തെ പ്രകാശിപ്പിക്കയും ചെയ്യണമെ. കര്ത്താവേ! ഞങ്ങൾ അവയിൽ കൂടി സഞ്ചരിക്കേണ്ടതിന് തവ വഴി ഞങ്ങളെ കാണിക്കണമെ. എന്തെന്നാൽ തിരുമേനി ഞങ്ങളുടെ ദൈവമാകുന്നു. ഞങ്ങളുടെ കര്ത്താവേ! തിരുമേനിയെ ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങളുടെ ആത്മാവ് തവ പിന്നാലെ പുറപ്പെട്ടിരിക്കുന്നതായി തിരു വലത്തു കൈ ഞങ്ങളെ താങ്ങുമാറാകണമെ.

സത്യസഭയേയും അതിലെ ഇടയന്മാരേയും അവരുടെ പ്രവര്ത്തനങ്ങളേയും തവ വ്യാപാരത്തിൽ നയിക്കണമെ. വിശുദ്ധ സഭയേയും അതിന്റെ പ്രജകളേയും വിശിഷ്യാ ഞങ്ങളെ ദ്വേഷിക്കുന്നവരേയും ഞങ്ങളുടെ പ്രാത്ഥനയിൽ സ്മരിക്കുന്നു. അവരുടെ കുറ്റങ്ങളെ അവര്ക്ക് ബോദ്ധ്യമാക്കി അനുതാപം നൽകണമെ. തന്നിമിത്തം ഞങ്ങൾ അവരെ സ്നേഹിക്കുന്നവരും അവര്ക്ക് വേണ്ടി പ്രാത്ഥിക്കുന്നവരുമാക്കി തീര്ക്കണമെ. പിതാവേ! അനുതാപികളുടെ മാനസാന്തരം കൈക്കൊള്ളുന്നവനെ, ഞങ്ങളും അവരും സന്നിധിയിൽ ചേര്ക്കപ്പെടേണമേയെന്ന് തൃപ്പാദം ചുംബിച്ചുകൊണ്ട് താഴ്മയോട് അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കുമാറാകണമെ. ആമ്മീൻ.

## വെള്ളിയാഴ്ച സന്ധ്യ

മനുഷ്യകുലരക്ഷയ്ക്ക് സ്വയം ക്രൂശുമരണം സഹിച്ച് മരിച്ച് ഉയര്ത്ത വനായ ദൈവപുത്രാ! ഇഹലോകവാസം വിട്ട് പരലോകവാസത്തിലേക്ക് ഞങ്ങൾ പ്രവേശിക്കുന്ന സമയം വ്യസനങ്ങളും

വേദനകളും ധീരതയോടെ സഹിച്ച് ഞങ്ങൾ ആകൽക്കറുസായ്ക്ക് അടിമപ്പെടാതെ സ്വ്ഗ്ഗീയരോടുകൂടി ചേരുവാൻ കാവൽ മാലാഖ മാർ ഞങ്ങളെ നടത്തുമാറാകണമെ. കത്താവേ! തിരുമേനിയുടെ രണ്ടാമത്തെ വരവിങ്കൽ ജീവിച്ചിരിക്കുന്നവരും പരേതരും സ്വശരീര ങ്ങൾ വീണ്ടും ധരിക്കുമ്പോൾ തിരുമേനിയെ എതിരേൽക്കുന്ന വരോടൊന്നിച്ച് വിശുദ്ധക്ക് ഒരുക്കിയിരിക്കുന്ന നിത്യഭവനങ്ങളിൽ വസിക്കുവാൻ ഞങ്ങളേയും തിരുകരുണയാൽ അഹ്രാക്കണമെ.

യേശുനാഥാ! ഈ നശ്വരലോകത്തിൽ അടിയങ്ങൾ ജീവിക്കുമ്പോൾ അന്യായക്കാരുടെ കയ്യിൽ നിന്ന് ഞങ്ങളെ കാത്തു കൊള്ളണമെ. തിരു വചനം ധ്യാനിച്ചും തവ ശരീരരക്ത ങ്ങൾ ഭക്ഷിച്ചും ഞങ്ങൾ നിന്നിൽ ജീവിക്കുന്നതിനും ഞങ്ങളിൽ വസിക്കുന്നതിനും വിശുദ്ധ പ്രബലതയിൽ ഞങ്ങൾ ഇമ്പപ്പെടേ ണമെ. ദൈവമേ! ദിവ്യസമാധാനം കൊണ്ട് ഞങ്ങളുടെ ഭവനത്തെ നിറയ്ക്കണമെ. ദൈവമേ! ദുഷ്ടത നിറഞ്ഞിരി ക്കുന്ന ഇഹത്തിൽ പല ദുഷ്ടന്മാരും ദ്രോഹികളും ഞങ്ങൾക്ക് വിരുദ്ധ കെണികൾ വെച്ചിരി ക്കുന്നതിൽ ഞങ്ങൾ അകപ്പെടുമാറാകരുതെ. അവരിൽനിന്നും ഞങ്ങളെ കത്താവേ! കാത്തു കൊള്ളണമെ. എന്തു കൊണ്ടെ ന്നാൽ ഞങ്ങളുടെ കത്താവും ദൈവവും തിരുമേനി ആകു ന്നുവല്ലോ. ഞങ്ങളുടെ ശത്രുക്കൾ അടിയങ്ങളുടെ പ്രാത്ഥനയാൽ തിരുമേനിയെ രക്ഷിതാവായി സ്വീകരിച്ച് ഞങ്ങളെ അവരും അവരെ ഞങ്ങളും ഓത്തു പ്രാത്ഥിച്ച് തിരുമേനിയിൽ ഞങ്ങളും അവരും കൃപയുടെ അനുഗ്രഹങ്ങൾ പ്രാപിച്ച് തമ്മിൽ തമ്മിൽ ഞങ്ങൾ സ്നേഹിക്കുന്നവരായി തിരു രാജ്യത്തിന്റെ സുവിശേഷക രായി ഞങ്ങളെ വേർ തിരിക്കണമെ..

'കാണ്മീൻ നാം ദൈവമക്കൾ' എന്നു വിളിക്കപ്പെടുവാൻ പിതാവാം ദൈവം നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നതുപോൽ കത്താവിൽ ഞങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നവരായി തീരേ ണമെ. ലോകം ഞങ്ങളെ ദ്വേഷിക്കുന്നത് അരുമ നാഥാ! അവർ രക്ഷകനായ ക്രിസ്തുയേശുവിനെ അറിയാത്തതു കൊണ്ടാകുന്നു വല്ലോ. തന്നിമിത്തം ഞങ്ങളെ അവർ പകയ്ക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നതുപോലെ ഞങ്ങളുടെ മാതാപിതാക്കളേയും സഹോദരങ്ങളേയും അയൽക്കാരേയും സ്നേഹിപ്പാൻ കഴിവുള്ള സ

മനസ്സും ഹൃദയവും ഞങ്ങൾക്കു കത്താവേ! തിരുകൃപയാൽ നൽക ണമെ. കത്താവേ! വിശുദ്ധ സ്ലീബായാൽ ഞങ്ങളെ നയിച്ച് ഞങ്ങൾ വിശുദ്ധ സ്ലീബായാൽ ജയം പ്രാപിക്കുമാറാകണമെ. രാജാവായ ദാവീദിനെ പോലെ ദിവ്യ ഗാനങ്ങൾ പാടി കുടുംബമായി തിരുമെനിയെ പുകഴ്ത്തുവാൻ പാപികളായ അടിയങ്ങ ൾക്ക് സന്ധ്യാപ്രാത്ഥനയിൽ ദൈവത്തിന്റെ മഹത്വങ്ങൾ പാടി കീത്തിക്കുവാൻ വരം നൽകണമെ. കുടുംബങ്ങളിൽ കത്താവേ! തിരു സാന്നിധ്യവും സമാധാനവും ഉണ്ടാകണമെ. കത്താവേ! കഴിഞ്ഞ പകലിൽ ഞങ്ങളുടെ ജീവിതത്തിൽ വന്ന എല്ലാ തെ റ്റുകളും കുറവുകളും നിത്യ കമ്മങ്ങളും ചുമതലകളും ഞങ്ങളുടെ പാപങ്ങളും സന്നിധിയിൽ ഏറ്റു പറയുന്നു; ഞങ്ങളോട് ക്ഷമിയ്ക്കണ മെ. കത്താവേ! ഈ രാത്രിയിൽ കൃപയാൽ ഞങ്ങൾ തിരുമേനി യെ സ്തുതിച്ച് ഉണവുള്ളവരായി തിരുസന്നിധിയിൽ പ്രഭാതവേള യിൽ ഉറക്കത്തിൽ നിന്ന് ഉണന്ന് തിരുഹിതം പോലെ ഞങ്ങൾ സ്തോത്രം സമപ്പിക്കുവാൻ ഇടയാകണമെ. കത്താവ് ഞങ്ങളെ ഭരിക്കയും ഞങ്ങളിൽ വാഴുകയും ചെയ്യണമെ. ഇവയെല്ലാം സ്വഗ്ഗസ്ഥനായ പിതാവേ! തിരുപുത്രനായ രക്ഷകന്റെ നാമത്തിൽ തൃപ്പാദം ചുംബിച്ചുകൊണ്ട് താഴ്മയായി അപേക്ഷിക്കുന്നു; കൃപയോടെ കേൾക്കുമാറാകണമെ; ആമ്മീൻ.

## ശനിയാഴ്ച പ്രഭാതം

കരുണ നിറഞ്ഞ പിതാവാം ദൈവമേ! ഈ ആഴ്ചയുടെ അവസാന ദിവസത്തിലെ പ്രഭാതത്തിൽ തവ കരുണാ ചിറകിൽ ഞങ്ങൾ അഭയം തേടുന്നു. കുടുംബമായി ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഈ കഴിഞ്ഞ ആഴ്ചയിൽ ദൈവമേ! തിരു കൃപ അനുഭവിച്ച് ഞങ്ങൾ ജീവിക്കുവാൻ തിരുമേനിയെ ആരാധിച്ച്തവസഭപുകഴ്ത്തപ്പെടുവാൻ ഞങ്ങൾ മൂലം നന്മകൾ വഷിക്കപ്പെടുവാൻ; തവ സന്നിധിയിൽ ഞങ്ങൾ വിശ്വസ്ഥരായി കാണപ്പെടുവാൻ ഇടയാക്കിയ ദൈകൃ പയ്ക്ക് ഞങ്ങൾ ഹല്ലേലുയ്യ പാടി ഘോഷിക്കുന്നു. ആത്മാക്കളു ടേയും വൈദ്യനും ആദമിനേയും അവന്റെ പിൻ തലമുറകളേയും നരകത്തിൽ നിന്ന് കയറ്റിവയവനും മഹത്വമുള്ള തന്റെ കഷ്ടാനു ഭവമരണത്തിന്റെ ഉയപ്പിനാലും ജീവിപ്പിക്കുന്ന തന്റെ സ്ക്കീപ്പായു

ടെ ശക്തിയാലും മരിച്ച് വാങ്ങിപ്പോയവരുടെ ഉയപ്പിനെ ഉറപ്പു വരുത്തിയവനുമായ സവ്വശക്തിയുള്ള ദൈവമായ കത്താവായും ലോകത്തിന്റെ പാപങ്ങളെ വഹിക്കുന്നവനുമായുള്ളോവേ, തിരു മേനിയുടെ ദാസന്മാരുടെ ഈ കുടുംബ പ്രാത്ഥനയെ കൈക്കൊണ്ട് ഞങ്ങളുടെ പാപങ്ങൾക്ക് മോചനവും യാചനകൾക്ക് കൃപയുടെ അനുഗ്രഹങ്ങളും നൽകണമെ. എന്തെന്നാൽ കത്താവ് കരുണ യുള്ളവനും ദീഘക്ഷമയുള്ളവനും അനുഗ്രഹങ്ങൾ വളരെയുള്ളവ നും പ്രവത്തികളിൽ നീതിജ്ഞനുമാകുന്നു. ഞങ്ങളുടെ കത്താവേ! വചനത്താലോ, പ്രവത്തിയാലോ, സ്മരണയിലോ വിചാരത്തി ലോ, രഹസ്യമായും പരസ്യമായും ഞങ്ങൾ ചെയ്ത പാപങ്ങളും കുറ്റങ്ങളും ക്ഷമിച്ച് സകല വിധ ദൂഷണങ്ങളിൽ നിന്നും വഞ്ചന യുടെ അന്യായങ്ങളിൽ നിന്നും അശുദ്ധ വ്യാപാരങ്ങളിൽ നിന്നും പൈശാചിക പരീക്ഷകളിൽ നിന്നും ഞങ്ങളെ കാത്ത് കത്താവി ന്റെ കൃപയിൽ വളരുവാൻ ഞങ്ങൾക്ക് സംഗതിയാകണമെ. കത്താവേ! ഞങ്ങളോട് കരുണ ചെയ്ത് ഞങ്ങളുടെ ജീവാവസാനം വെരെ ദുഷ്ടതയിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ സന്മാഗ്ഗബോധവും ജ്ഞാനവും ഞങ്ങൾക്ക് നൽകണമെ. തവ വ്രതന്മാരുടേയും പരിശുദ്ധന്മാരുടെയും നാമങ്ങളുടെ പിന്നാലെ ഞങ്ങളുടെ പേരുകളും ജീവന്റെ പുസ്തകത്തിൽ രക്ഷകനായ യേശുവേ! എഴുതുമാറാകണമെ. രോഗത്തിൽ കഷ്ടപ്പെട്ടു ഞങ്ങൾ നിരാശയിൽ വീഴാതെ കത്താവേ! ഞങ്ങളെ കാക്കണമെ. പഞ്ഞത്താലും വസന്തയാലും ഞങ്ങൾ വലഞ്ഞു സത്യ വിശ്വാസം ത്യജിക്കാതെ ഞങ്ങളെ കാത്തു ദിനംപ്രതിയുള്ള അപ്പം ഞങ്ങൾക്കു നൽകുമാറാകണമെ. യേശുനാഥാ! നിന്നിലുള്ള വിശ്വാസത്താൽ വാങ്ങിപ്പോയവരായി തിരുവിഷ്ടം പ്രവത്തിച്ച ഞങ്ങളുടെ സ്വന്തപ്പെട്ടവരെ ഞങ്ങൾ സ്മരിക്കുന്നു. ഞങ്ങളേയും അവരേയും ഞങ്ങളുടെ പ്രാത്ഥനകളിൽ സ്വഗ്ഗസ്ഥനായ പിതാവു പ്രസാദിച്ചു ശുദ്ധർ വസിക്കുന്ന നിത്യ ഭവനങ്ങളിൽ ഞങ്ങളും അവരും ചേക്കപ്പെടേണമെ. ഞങ്ങൾ ഒരുമിച്ച് തിരുമേനിക്കും പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. അത് രക്ഷകന്റെ നാമത്തിൽ എന്നേക്കും ആമ്മീൻ.

കത്താവേ! തിരുമേനിയെ സ്തോത്രം ചെയ്യുന്നതും ഉന്നതപ്പെട്ട തിരു

നാമത്തിനു പാടുന്നതും പ്രഭാത കാലത്തു തവ കൃപയും രാത്രി കാലങ്ങളിൽ തവ വിശ്വാസവും അറിയിക്കുന്നതുംഎത്രയും നല്ലതാകുന്നു.
കർത്താവേ! പ്രഭാത സമയത്ത് ഞങ്ങളുടെ ശബ്ദം തിരുമേനി കേൾക്കണമെ. പ്രഭാതത്തിൽ ഞങ്ങൾ ഒരുങ്ങി തിരുമേനിയ്ക്ക് കാണപ്പെടുമാറാകണമെ. കർത്താവേ! തിരുജനത്തോട് തിരുമേനി കരുണ ചെയ്യണമെ. കർത്താവേ! ഞങ്ങൾ എല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിയ്ക്കണമെ. പരിശുദ്ധനായുള്ളേവേ! തിരു വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച് തിരുനാമം നിമിത്തം ഞങ്ങളുടെ (പാപ) രോഗങ്ങളെ സൗഖ്യമാക്കണമേയെന്ന് തൃപ്പാദം ചുംബിച്ചുകൊണ്ട് താഴ്മയോടെ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കുമാറാകണമെ; ആമ്മീൻ.

# ശനിയാഴ്ച സന്ധ്യ

സ്വർഗ്ഗീയ പിതാവേ! കഴിഞ്ഞ പകലിലെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളെ വിശുദ്ധാത്മശക്തിയാൽ വഴി നടത്തിയതുകൊണ്ട് തവ ശരണത്താൽ ഞങ്ങൾക്കു സിദ്ധിച്ച സകല കൃപകൾക്കും ഈ സന്ധ്യയിൽ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഇന്നു പകലിലും ഞങ്ങളുടെ ജീവിതത്തിലും വ്യക്തികളായും കുടുംബമായും ഞങ്ങളിൽ വന്നു ഭവിച്ച എല്ലാ വീഴ്ചകളേയും പാപങ്ങളേയും ഞങ്ങൾ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നു. രക്ഷിതാവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളോട് ക്ഷമിയ്ക്കണമെ. ഞങ്ങളെ ഭരമേല്പിക്കപ്പെട്ട പല നന്മ പ്രവർത്തികളും ഞങ്ങൾ ചെയ്യാതെയും വിചാരത്തിലും വാക്കിലും പ്രവർത്തിയിലും ഞങ്ങളിൽ വന്ന എല്ലാ തെറ്റുകളും പാപങ്ങളും രക്ഷകനായ യേശുവേ! ഞങ്ങളോട് ക്ഷമിയ്ക്കണമെ. കർത്താവേ! തിരുഹിതപ്രകാരം കഴിഞ്ഞപകലിൽ ഞങ്ങളുടെ ജീവിതം സന്നിധിയിൽ സമർപ്പിക്കുവാൻ ഞങ്ങൾക്കു സമയവും അനുഗ്രഹങ്ങളും സ്വർഗ്ഗീയ കൃപകളും നൽകിയതിനാൽ നന്ദിനിറഞ്ഞ ഹൃദയത്തോടും അനുതാപ കണ്ണീരോടും യേശുനാഥനെ സ്തുതിക്കുന്നു. കർത്താവേ! പ്രകാശമുള്ള ബോധവും വെടിപ്പുള്ള കിടക്കയും ഞങ്ങൾക്ക് നൽകണമെ.

കത്താവേ! ഈ ദിവസത്തിലും ഞങ്ങളുടെ ആയുസ്സിന്റെ എല്ലാ ദിവസത്തിലും വാക്കാലോ പ്രവത്തിയാലോ വിചാരത്താലോ ശേഷമുള്ള ഇന്ദ്രിയങ്ങളാലോ തിരുമുമ്പാകെ ചെയ്തുപോയിട്ടുള്ള സകല പാപത്തേയും തവ ദാസരായ ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളെ പുണ്യപ്പെടുത്തണമെ. കത്താവേ! നിരപ്പിന്റേയും സമാധാനത്തിന്റേയും മാലാഖായെ ഞങ്ങൾക്ക് പറഞ്ഞയച്ച് തിന്മപ്പെട്ടവന്റേയും അവന്റെ സകല സൈന്യങ്ങളുടേയും വഞ്ചന യിൽ നിന്ന് കാത്തുകൊള്ളണമെ. ദൈവമായ കത്താവേ! ഞങ്ങളു ടെ ആത്മാവിനും ശരീരത്തിനും ആശ്വാസമുള്ള ഉറക്കം തരേണമെ. ഞങ്ങളുടെ വികാരങ്ങളുടെ പാച്ചിലുകളെ ഞങ്ങളിൽ മൌനമാക്ക ണമെ. ശരീരത്തിന്റെ ജ്വാലയെ ഇല്ലാതാക്കണമെ. ശത്രുക്കളുടെ ബന്ധനങ്ങളെ ഞങ്ങളിൽ നിന്നും അഴിക്കണമെ. പ്രകാശമുള്ള ബോധവും വെടിപ്പുള്ള കിടക്കയും ഞങ്ങൾക്ക് തരേണമെ. തിരുമേനിയുടേയും പരിശുദ്ധ പിതാവിന്റേയും പരിശുദ്ധറൂഹായു ടേയും പരിശുദ്ധ തിരുനാമമഹത്വത്തിന് ഞങ്ങളെ ഉയത്തണമെ. അത് ഇപ്പേഴും എല്ലായ്പ്പോയും എന്നേക്കും സത്യം.

ദൈവമേ! ശരീരത്തിന്റെ ഉറക്കത്തെ ഞങ്ങളിൽ നിന്നും അകറ്റണമെ. ഞങ്ങൾ ഉണച്ച്യോടെ പരിശുദ്ധ തിരുനാമത്തെ ഓത്ത് തിരുന്യായ വിധികളെപ്പറ്റി തിരുമേനിക്ക് സ്തോത്രം ചെയ്യേണ്ടതിന് തിരുകൃപ ഞങ്ങൾക്ക് നൽകണമെ. മനുഷ്യരെ സ്നേഹിക്കുന്നവനെ! ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ ഞങ്ങളുടെ ഹൃദയകണ്ണുകളെ പ്രകാശിപ്പിക്കണമെ. മരണത്തിന്റെ ഉറക്കം ഞങ്ങൾ ഉറങ്ങുമാറാകരുതെ. ദുഷ്ട ദശനങ്ങളിൽ നിന്നും ഞങ്ങളിൽ വെടിപ്പാക്കണമെ. തവ കല്പനകളെ ആചരിപ്പാനും രാവും പകലും തവ ന്യായപ്രമാണങ്ങളിൽ ധ്യാനിപ്പാനും തവ ഇഷ്ടം നിവത്തിപ്പാനും ഞങ്ങൾക്കു കൃപ നൽകണമെ. പാപാന്ധകാരത്തിന്റെ പ്രവത്തികളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. സാത്താന്റെ അടിമയിൽ നിന്നും ഞങ്ങളെ സ്വാത ന്ത്ര്യപ്പെടുത്തണമെ. തിരുമേനിയുടെ വിശുദ്ധന്മാരുടെകൂടെ ഞങ്ങ ൾക്കു പങ്കാകുകയും ഞങ്ങൾ പ്രകാശത്തിന്റേയും പകലിന്റേയും മക്കളായി തീരുകയുംചെയ്യണമെ. ഞങ്ങളുടെ കത്താവേ! ഞങ്ങൾ തിരുമേനിയെ സ്തുതിച്ച് എന്നേക്കും തിരുമേനിയെ ശുദ്ധീ

കരിപ്പാൻ തക്കവണ്ണം സകല സുകൃതം കൊണ്ടും പരിശുദ്ധി കൊണ്ടും ഞങ്ങളുടെ ആത്മാക്കളെ അലങ്കരിപ്പിക്കണമേയെന്ന് തൃപ്പാദം ചുംബിച്ചുകൊണ്ട് താഴായ്മയോടെ അപേക്ഷിക്കുന്ന യാചനയെ കൃപയോടെ കേൾക്കുമാറാകണമെ; ആമ്മീൻ.

# വിശുദ്ധ ഗീവറുഗീസ് സഹദായോടുള്ള മദ്ധ്യസ്ഥ പ്രാത്ഥന

സവ്വശക്തനും പരമകാരുണികനുമായ കത്താവേ! അങ്ങയുടെ വിശ്വാസത്തിനും വാത്സല്യത്തിനു; പാത്രമായ വിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അപേക്ഷിക്കുന്നു. ബലഹീനരായ ഞങ്ങളെ അനുഗ്രഹിക്കണമെ..

സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചവക്ക് ലഭിച്ച അത്ഭുതകരമായ അനുഗ്രഹങ്ങളെക്കുറിച്ച് ഞങ്ങൾ അറിയുന്നു. കത്താവേ! ഞങ്ങളെ അനുദിനം നയിക്കുന്ന ശക്തി അങ്ങാണല്ലോ. ഞങ്ങൾക്കു കൈവന്ന എല്ലാ സൗഭാഗ്യങ്ങളും അവിടുത്തെ ദാനമാണല്ലോ. അവിടുന്നു നൽകിയ എല്ലാ നന്മകൾക്കും സ്തുതിയും സ്തോത്രവും സമപ്പിക്കുന്നു.

ഞങ്ങൾ പാപികളാണു് കത്താവേ! വാക്കിലും പ്രവത്തിയിലും, ചിന്തയിലും ചെയ്തുപോയ തെറ്റുകൾ ഓത്ത് ദുഃഖിക്കുന്നു. ഞങ്ങളുടെ വാക്കുകളേയും പ്രവത്തികളേയും നിയന്ത്രിക്കണമെ. അറിവോടും അറിവു കൂടാതെയും ചെയ്തുപോയ സകല പാപങ്ങളും ക്ഷമിക്കുമാറാകണമെ. ആകുലതകളാളും ആവശ്യങ്ങളാലും പ്രയാസപ്പെടുന്ന ഞങ്ങളുടെ അപേക്ഷകൾ കൈക്കൊള്ളണമെ. തിരുസന്നിധിയിൽ സത്യവിശ്വാസത്തോടു കൂടി ജീവിക്കുവാനും, ആയുഷ്ക്കാലമൊക്കെയും പുണ്യപ്രവത്തികൾ ചെയ്‌വാനും ഞങ്ങളെ സഹായിക്കണമെ.
വിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ സമപ്പിക്കുന്ന പ്രാത്ഥനകൾ കേൾക്കണമെ.

## ലുത്തിനിയാ - 1

(പ്രതിവാക്യം - ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ, നിനക്കു സമാധാനം)

1. കത്താവിനോടുള്ള സ്നേഹത്താൽ കഷ്ടതകൾ സഹിച്ച് രക്തസാക്ഷിത്വം വരിച്ച വിശുദ്ധ ഗീവറുഗീസ് സഹദാ!

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

2.ലോകമെങ്ങും ആദരണീയനായ വിശ്വാസ ധീരാ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

3. ബാല്യം മുതൽ സത്യവിശ്വാസത്തിൽ വളരുകയും മറ്റുള്ളവരെ സത്യ മാഗ്ഗത്തിലേക്കു നയിക്കുകയും ചെയ്ത പുണ്യവാനേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

4. ഭൗതികമായ പ്രലോഭനങ്ങളെ അതിജീവിച്ച് ലൗകിക സുഖങ്ങളും സ്ഥാനമാനങ്ങളും പരിത്യജിച്ച് പ്രത്യാശയുടെ ജീവകിരീടം പ്രാപിച്ച ആദശ ധീരാ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

5. സകല രോഗങ്ങളേയും വേദനകളേയും സുഖപ്പെടുത്താൻ പരിശുദ്ധ റൂഹായാൽ ശക്തി നേടിയ പരിശുദ്ധാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

6. രോഗികൾക്കു ആശ്വാസവും അശരണക്ക് അഭയവും അരുളുന്ന കാവൽ നാഥാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

7. സാധുക്കളുടെ സംരക്ഷകനും, ദുഃഖിതക്ക് സന്തോഷവും സമാധാനവും നൽകുന്നവനായ പുണ്യവാനേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

8. കത്താവിന്റെ ആത്മീയ തോട്ടത്തിലെ നല്ലവേലക്കാരനായ പരിശുദ്ധാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

9. തനിക്കു കൈവന്ന താലന്തിനെ ശരിയായി വിനിയോഗിച്ച് സഭയ്ക്കും സമൂഹത്തിനും ഉത്തമ മാതൃകയായ്തീന്ന വിശ്വസ്ത മദ്ധ്യസ്ഥാ!

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

10. അടിമകളുടേയും അഗതികളുടേയും സംരക്ഷകനായ മാർ ഗീവർഗീസ് സഹദാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

11. ജീവതയാത്രയിൽപ്പെട്ടുഴലുന്നവക്ക് മാഗ്ഗദശിയും, സ്വഗ്ഗീയ രാജാവിന്റെ സന്നിധിയിലേക്കുള്ള ആത്മീയ വാതിലുമായ പുണ്യവാനേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

## അപേക്ഷ

മാർ ഗീവറുഗീസ് സഹദായെ ശ്രേഷ്ഠനാക്കിയ കത്താവേ! അങ്ങയുടെ ശ്രീഭണ്ഡാരത്തിൽ നിന്നും എല്ലാ അനുഗ്രഹങ്ങളും നന്മയും സഹായങ്ങളും ഞങ്ങൾക്കു നൽകണമെ. ഞങ്ങൾക്കെല്ലാവക്കും ശാന്തിയും, സമാധാനവും സുഭിക്ഷതയും ഫലസമൃദ്ധിയും നൽകണമെ. പ്രകൃതി ക്ഷോഭങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെ. ഭൂതോപദ്രവും സപ്പപീഡയും ഞങ്ങളിൽ നിന്നും നീക്കണമെ. രോഗങ്ങളിൽ നിന്നും മാനസീകമായ പീഡകളിൽ നിന്നും മോചനം നൽകണമെ. തക്കസമയത്ത് മഴയും മഞ്ഞും എല്ലാനന്മകളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമെ.

ദൈവം തമ്പുരാനേ! സഹദായുടെ മദ്ധ്യസ്ഥത ഞങ്ങളുടെ ദുഃഖങ്ങൾ മാഞ്ഞുപോകുന്നതിനും സന്തോഷങ്ങൾ വദ്ധിക്കുന്നതിനും കാരണമാക്കണമെ. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവക്കും കടങ്ങളുടെ മോചനവും പാപപരിഹാരവും സിദ്ധിക്കണമെ. ലോകത്തി ൽ ശാന്തിയും സമാധാനവും വാഴണമെ.

കത്താവേ! ഞങ്ങൾ അങ്ങയേയും അവിടുത്തെ പിതാവിനേയും പരിശുദ്ധ റൂഹായേയും എന്നുമെന്നും മഹത്വപ്പെടുത്തുമാറാകണമെ.
ആമ്മീൻ.

## ലുത്തിനിയാ -2

പ്രതിവാക്യം - ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ,നിനക്കു സമാധാനം

1. ശ്രേഷ്ഠനായ മാർ ഗീവറുഗീസ് സഹദാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

2. സ്വര്ഗീയ ഫലം നൽകുന്ന ആത്മീയ തേജസേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

3. ദൈവീക മൂറോന്റെ മുദ്രയായ വിശുദ്ധാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

4. ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് പാപാന്ധകാരത്തെ ഉന്മൂലനം ചെയ്യുവാൻ കഴിവുള്ള പുണ്യവാനേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

5. നീരുറവയിൽ കിടന്ന മഹാസര്പ്പത്തെ വധിച്ച് പ്രഭുകുമാരിയേയും രാജ്യത്തേയും രക്ഷിച്ച് ആകൽക്കറുസ്സായുടെ മുള്ളിന്റെ മൂര്ച്ചയെ കെടുത്തിയ ഭാഗ്യവാനേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

6. ഉണക്കമരത്തിൽ നിന്നും ശാഖകളെ മുളപ്പിച്ച പരിശുദ്ധാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

7. ചുട്ടുപഴുത്ത ഇരുമ്പുചക്രത്തിൻ മീതെ നടന്ന് പരീക്ഷണങ്ങളെ അതിജീവിച്ച പുണ്യവാണേ.
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

8. കര്ത്താവിനാൽ വീണ്ടും ജീവിക്കുകയും വിജാതീയനായ ദിദിയാനോസിനെ ലജ്ജിപ്പിക്കുകയും ചെയ്ത വിശുദ്ധാ!
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

9. അലക്സാന്ത്രിയാ രാജ്ഞിയെ സത്യവിശ്വാസത്തിലേക്ക് നയിച്ച വിശ്വാസികളുടെ നല്ല നാമമേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

10. എല്ലാ രക്തസാക്ഷികൾക്കും ഉത്തമമാതൃകയായി തീന്നവനേ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

11. വിലപിക്കുന്നവക്ക് ആശ്വാസവും, അലയുന്നവക്ക് സമാധാനാവും നൽകുന്ന വിശുദ്ധ ഗീവറുഗീസ് സഹദാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

12. മ്ശിഹായുടെ ആട്ടിൻകൂട്ടത്തിന്റെ ഉണവുള്ള കാവൽനാഥാ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

## അപേക്ഷ

സ്നേഹസമ്പൂണ്ണനനായ കത്താവേ! തിരുസന്നിധിയിൽ പൂണ്ണ മനസ്സോടും പൂണ്ണഹൃദയത്തോടും കൂടി ഞങ്ങളെ സമപ്പിക്കുന്നു. അങ്ങ് ഞങ്ങളെ അനുദിനം വഴി നടത്തുന്ന സത്യമാണല്ലോ. അവിടുത്തെ സാന്നിദ്ധ്യം അനുഭവിച്ചറിയാൻ ഞങ്ങളെ യോഗ്യരാക്കണമെ. ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെയെല്ലാം ആത്മവിശ്വാസത്തോടെഅഭിമുഖീകരിക്കുവാൻശക്തിനൽകണമെ

ബലഹീനതയിൽ സ്വയം അനുതപിക്കുവാനും, അവിടുത്തെ മഹത്തായ പദ്ധതിയുടെ ഭാഗമായി ജീവിതത്തിലെ എല്ലാ അനുഭവങ്ങളേയും മാറ്റുവാനും സഹായിക്കണമെ.

സ്വാത്ഥതയുടെ കറപുരളാത്ത ത്യാഗനിഭരമായ ജീവിതം ഞങ്ങൾക്കു നൽകണമെ. ആഡംഭരങ്ങളിൽ ഭ്രമിക്കാതെ ലളിതമായ ഒരു ജീവിതംനയിക്കുവാൻ ഞങ്ങളെപ്രാപ്തരാക്കണമെ. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ആസക്തിയിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമെ

കത്താവേ! കാമക്രോധ ലോഭ മോഹങ്ങളിൽ നിന്നും, മദമാത്സ്യരങ്ങളിൽ നിന്നും രക്ഷിക്കണമെ. ഞങ്ങളുടെ ഭവനങ്ങളിൽ സമാധാനവും സംതൃപ്തിയും നൽകി അനുഗ്രഹിക്കണമെ.
തിരുനാമമഹത്വത്തിനായി സ്തുതിയും സ്തോത്രവും അപ്പിക്കുന്നു.

ആയത് വിശുദ്ധ ഗീവറുഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ തന്നെ.
ആമ്മീൻ.

## ലുത്തിനിയാ -3

പ്രതിവാക്യം - ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ/നിനക്കു സമാധാനം.

1. സർവ്വശക്തന്റെ ധൂപകലശത്തിൽ സർവ്വസ്വവും സമർപ്പിച്ച് ദൈവസന്നിധിയിൽ പ്രസാദകരമായ സൗരഭ്യമായിത്തീർന്ന മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

2. സഹായങ്ങളുടെ മഹാസമുദ്രവും, ഔഷധത്തിന്റെ നിർമ്മല നീരുറവയുമായ മാർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

3. നോമ്പും പ്രാത്ഥനയും ജാഗരണവുമാകുന്ന കുന്തവും വാളും, പടച്ചട്ടയും ധരിച്ച് സാത്താന്റെ സകലകുടില തന്ത്രങ്ങളോടും, പൊരുതി വിജയിച്ച മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

4. പിശാചുക്കളേയും പൈശാചിക ശക്തികളേയും ഉന്മൂലനം വരുത്തുന്നവനും ദുഃഖിതർക്ക് ആശ്വാസദായകനും, രോഗികൾക്ക് മഹാവൈദ്യനുമായ മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

5. അവിശ്വാസികളെ ആത്മശോഭയാൽദൈവരാജ്യത്തിലേക്ക് ആനയിക്കുന്ന സ്വർഗീയ മാർഗദീപമായ മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

6. ആപത്തിൽ പെട്ടിരിക്കുന്നവരെ പരിപാലിക്കുന്നവനും ദുഷ്ടന്മാരുടെ വലയിൽ കുടുങ്ങിയവരെ തന്റെ ഭുജവീര്യത്താൽ രക്ഷിക്കുന്നവനുമായ മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

7. അപേക്ഷിക്കുന്നവരുടെ അടുക്കൽ അതിവേഗം പാഞ്ഞെത്തി സങ്കട നിവൃത്തി വരുത്തുന്ന അത്ഭുത പ്രവർത്തകനായ മോർ ഗീവർഗീസ് സഹദാ!
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

8. കണ്ണുനീരിൽ കനിയുന്നവനും, ദുരിതമനുഭവിക്കുന്നവർക്ക് സാന്ത്വനമരുളുന്നവനും ദൂരസ്ഥരെയും, സമീപസ്ഥരെയും തന്റെ മദ്ധ്യസ്ഥതയാൽ സംരക്ഷിക്കുന്നവനുമായ മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

9. കർത്താവിനു വേണ്ടി വേദനകൾ സ്വയം ഏറ്റുവാങ്ങുമ്പോഴും അശരണർക്കും അഗതികൾക്കും പീഡിതർക്കും അംഗവൈകല്യമുള്ള വർക്കും വേണ്ടി അപേക്ഷിച്ച മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

10. സഹദേന്മാരിൽ മുമ്പനും വിശ്വാസികളുടെ സഹായിയും ഭക്ത ന്മാർക്ക് മാനസാന്തരം നൽകുന്നവനുമായ മോർ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

11. ദരിദ്രന്മാരെ പോറ്റുന്നവനും വിധവകളേയും ആലംബഹീനരേ യും, സഹായിക്കുന്നവനും വഴിതെറ്റിപോയവരെ നേർവഴിക്കു നയി ക്കുന്നവനുമായ ഗീവർഗീസ് സഹദാ!

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

## അപേക്ഷ

വിശുദ്ധ ഗീവറുഗീസ് സഹദായ്ക്കു സമാധാനം. കർത്താവ് തന്റെ സത്യ വാഗ്ദത്തപ്രകാരം കർത്താവിലും കർത്താവ് അവനിലും വസിക്കുന്നു.

ദൈവത്തിന്റെ വിശ്വസ്ത കലവറക്കാരാ! പാപികളായ ഞങ്ങൾ കരു

ണയ്ക്കും, പാപമോചനത്തിനും അഹ്റരായിത്തീരുവാൻ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ. വിശ്വാസസ്ഥിരതയും, സുകൃതജീവിതവും നന്മയും സഹിഷ്ണതയും നൽകണമെ.

സഹദായുടെ മദ്ധ്യസ്ഥതയിൽ സമാധാനവും സുഭിക്ഷിതയും ഫലസമൃദ്ധിയും ഉണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കാരുണ്യവാനായ കർത്താവേ! വിശുദ്ധ സഹദായുടെ പ്രാത്ഥനയാൽ, ഞങ്ങളിൽ നിന്ന് മാരക രോഗങ്ങളും, കഠിന ദുഃഖങ്ങളും, പൈശാചിക പരീക്ഷകളും ദുഷ്ടമനുഷ്യരുടെയും, ദുഷ്ടജന്തുക്കളുടേയും ഉപദ്രവങ്ങളും അപകടങ്ങളും നീക്കികളയണമെ. നാഥാ! ഈ ലോകത്തിലും ഞങ്ങളുടെരാജ്യത്തും സഭയിലും കുടുംബങ്ങളിലും സമാധാനവും ശാന്തിയും വാഴുമുറാകണമെ, വാദ്ധ്യകൃത്തിലിരിക്കുന്നവക്ക് തുണയാകണമെ. സ്ത്രീകളേയും പുരുഷന്മാരേയും കാത്തുകൊള്ളണമെ. യുവതീയുവാക്കന്മാരെ പരിപാകതയുള്ളവരാക്കണമെ, ശിശുക്കളെ പോറ്റണമെ.

നാഥാ! രോഗികൾക്ക് സൗഖ്യവും ദുഃഖിതക്ക് ആശ്വാസവും, ദരിദ്രക്ക് സംതൃപ്തിയും വാങ്ങിപ്പോയവക്ക് നിത്യശാന്തിയും ഞങ്ങളുടെ യാചനകൾക്ക് മറുപടിയും നൽകണമെ. ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ നന്മകളും ദുഃഖിതരും എളിയവരുമായ എല്ലാവരുമായി പങ്കുവയ്ക്കാനുള്ള മനസ്സലിവും നൽകണമെ. ആയത് വിശുദ്ധ ഗീവറുഗീസ്സഹദായുടെ മദ്ധ്യസ്ഥതയിൽ തന്നെ .... ആമ്മീൻ.

# ക്രിസ്ത്യൻ കീർത്തനങ്ങൾ

## പ്രത്യേകമായ് തിരഞ്ഞെടുത്ത പഴയതും പുതിയതുമായ ചില മധുര ഗാനങ്ങൾ

**സകല ഭൂവാസികളുമായുള്ളോരേ,**
**യഹോവക്കു പാടുവിൻ**

സങ്കീർത്തനങ്ങൾ 96: 1

| നമ്പർ | പാട്ട് |
|---|---|
| 1. | അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി |
| 2. | അനുഗ്രഹത്തിനധിപതിയെ അനന്തകൃപ |
| 3. | അതിരാവിലെ തിരുസന്നിധി |
| 4. | അനന്ദമാനന്ദമാനന്ദമേ-അനന്ദമാനന്ദമേ |
| 5. | ഇത്രത്തോളം യഹോവ സഹായിച്ചു |
| 6. | ഇന്നുപകൽ മുഴുവൻ |
| 7. | ഉയർത്തിടും ഞാൻ എന്റെ കൺകൾ |
| 8. | ഉണർവിൻ വരം ലഭിപ്പാൻ |
| 9. | എങ്ങും പുകഴ്ത്തുവിൻ സുവിശേഷം |
| 10. | എനിക്കായൊരുത്തമസമ്പത്ത് |
| 11. | എൻ സങ്കടങ്ങൾ സകലവും തീർന്ന് പോയി |
| 12. | എൻ പ്രിയനെപ്പോൽ സുന്ദരനായ് |
| 13. | എന്റെ ദൈവം മഹത്വത്തിൽ |
| 16. | എന്റെ സമ്പത്തെന്നു ചൊല്ലുവാൻ |
| 17. | എന്റെ ദൈവത്താൽ |
| 18. | എന്നും നല്ലവൻ യേശു |
| 19. | എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായ് ഞാൻ |
| 20. | എല്ലാം അങ്ങേ മഹത്വത്തിനായി |
| 21. | എൻ യേശുവിൻ സന്നിധിയിൽ |
| 22. | എഴുന്നള്ളുന്നു രാജാവെഴുന്നള്ളുന്നു |
| 23. | എന്തതിശയമേ ദൈവത്തിൻ |
| 24. | എന്റെ യേശു എനിക്കു നല്ലവൻ |
| 25. | ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ |
| 26. | ജീവന്റെ ഉറവിടം ക്രിസ്തുവത്രേ |
| 27. | തേടിവന്നു ദോഷിയാം എന്നെയും |
| 28. | തുണയെനിക്കേശുവേ |
| 29. | ദുഖത്തിന്റെ പാനപാത്രം |
| 30. | ദൈവകൃപയിൽ ഞാനാശ്രയിച്ച് |
| 31. | ദൈവത്തിനു സ്തോത്രം ദൈവത്തിനു സ്തോത്രം |
| 32. | ദൈവത്തിന്റെ ഏകപുത്രൻ പാപികളെ |
| 33. | നല്ല ദേവനെ ഞങ്ങൾ എല്ലാവരേയും |
| 34. | പരപരമേശാ വരമരുളീശാ |

35. പരനേ നിൻ തിരു മുൻപിൽ
36. പരമപിതാവിനു സ്തുതിപാടാം
37. പവനാത്മദാനം പകർന്നീടണം
38. പ്രാർത്ഥന കേൾക്കണമെ
39. പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനെ
40. ഭാഗ്യനാട്ടിൽ പോകും ഞാൻ എന്റെ
41. മനമേ പക്ഷി ഗണങ്ങളുണർന്നിതാ
42. മന്നവനെ മഹോന്നതാ
43. മണ്മയമാം ഈയുലകിൽ
44. മഹൽസ്നേഹം മഹൽസ്നേഹം
45. മഹിമയെഴും പരമേശാ
46. യഹോവാ ദൈവമാം വിശുദ്ധ
47. യാഹെന്നാ ദൈവമെന്നിടയനഹോ
48. യാഹ് നല്ലയിടയൻ
49. യേശുനാഥാ നീതിസൂര്യാ
50. യേശുവോടു ചേർന്നിരിപ്പതെത്ര മോദമെ
51. യേശു എന്നടിസ്ഥാനം അശയവനിലത്രെ
52. യേശുവിൻ തിരുപാദത്തിൽ ഇരുന്നു കേൾക്ക
53. രാവിലെ ഞാനേശുവിന്റെ കൈകളിൽ
54. ലോകത്തിലേകയാശ്രയം എൻ യേശു മാത്രം
55. വന്ദനം യേശുപാരാ
56. വന്നീടുവിൻ യേശുപാദം
57. വാഴ്ത്തീടുമേ വാഴ്ത്തീടുമേ
58. വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു ഞാനെൻ
59. ശ്രീയേശുനാമം അതിശയനാമം
60. സർവ്വവും യേശുനാഥനായ് സമർപ്പണം
61. സർവ്വസൃഷ്ടികളുമൊന്നായി പുകഴ്ത്തിടുന്ന
62. സാധുവെന്നെ കൈവിടാതെ
63. സീയോൻ സഞ്ചാരി ഞാൻ
64. സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
65. സ്തുതി ചെയ്മനമേ, നിത്യവും നിൻ
66. സ്തുതി സ്തുതി എൻമനമേ, സ്തുതികളിലുന്നതനെ

# ക്രിസ്ത്യൻ കീർത്തനങ്ങൾ

1. 1. അക്കരയ്ക്കു യാത്രചെയ്യും സീയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ടാ
കാറ്റിനേയും കടലിനേയും നിയന്ത്രിപ്പാൻ
കഴിവുള്ളോൻ പടകിലുണ്ട് (2)
( അക്കരയ്ക്കു)

2. വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞീടുമ്പോൾ
ഭയപ്പെടേണ്ടാ കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത് (2)
( അക്കരയ്ക്കു)

3. എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരയാണെ എന്റെ ശാശ്വത നാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട് (2)
( അക്കരയ്ക്കു)

4. കുഞ്ഞാടതിൻ വിളക്കാണ്
ഇരുളൊരു ലേശവും അവിടെയില്ല
തരുമെനിക്ക് കിരീടം ഒന്ന്
ധരിപ്പിക്കും അവനെന്നെ ഉത്സവവസ്ത്രം (2)
( അക്കരയ്ക്കു)

2. 1. അനുഗ്രഹത്തിന്നധിപതിയെ, അനന്തകൃപ പെരും നദിയെ
അനുദിനം നിൻ പദം ഗതിയെ, അടിയനു നിൻ കൃപ മതിയെ

2. വൻവിനകൾ വന്നീടുകിൽ വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം വന്നീടുമൊ പിന്നെ ഭയം

3. തന്നുയിരെ പാപികൾക്കായ് തന്നവനാം നീയിനിയും
തള്ളിടുമോ ഏഴയെന്നെ? തീരുമോ നിൻ സ്നേഹമെന്നിൽ?

4. തിരുക്കരങ്ങൾ തരുന്ന നല്ല ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ സ്നേഹത്തിൻ പ്രകാശനങ്ങൾ

5. പാരിടമാം പാഴ്മണലിൽ പാർത്തിടും ഞാൻ നിൻ തണലിൽ
മരണദിനം വരുമളവിൽ മറഞ്ഞിടും ഞാൻ നിന്മാറിടത്തിൽ

**3.** 1. അതിരാവിലെ തിരു സന്നിധിയണയുന്നൊരു സമയെ
അതിയായ് തന്നെ സ്തുതിപ്പാൻ കൃപയരുൾക യേശുപരനെ

2. രജനീയതിലടിയാനെ താൻ സുഖമായ് കാത്ത കൃപയ്ക്കായ്
ഭജനീയമാം തിരുനാമത്തിനനന്തം സ്തുതി മഹത്വം അതി

3. എവിടെല്ലാമീ നിശയിൽ മൃതി നടന്നിട്ടുണ്ടു പരനെ
അവയിനെന്നെ പരിപാലിച്ച കൃപയ്ക്കായ് സ്തുതി തനിക്കു അതി

4. നെടവീപ്പിട്ടു കരഞ്ഞീടുന്ന പല മര്ത്യരീ സമയെ
അടിയനുള്ളിൽ കുതുകം തന്ന കൃപയ്ക്കായ് സ്തുതി തനിക്കു അതി

5. കിടക്കയിൽ വെച്ചരിയാം സാത്താനടുക്കാതിരിപ്പാനെൻ
അടുക്കൽ ദൂതഗണത്തെ കാവലണച്ച കൃപയനല്പം അതി

6. ഉറക്കത്തിനു സുഖവും തന്നെൻ അരികെ നിന്നു കൃപയാൽ
ഉറങ്ങാതെന്നെ സുഖമായ് കാത്ത തിരുമേനിക്കു മഹത്വം. അതി

7. അരുണൻ ഉദിച്ചുയന്നീക്ഷിതി ദ്യുതിയാൽ വിളങ്ങിടും പോൽ
പരനെയെന്റെ അകമെ വെളിവരുൾക തിരു കൃപയാൽ അതി

**4.** 1. ആനന്ദമാനന്ദമാനന്ദമേ- ആനന്ദമാനന്ദമെ .....
ഞാനെന്റെ പ്രിയ-നേശുവിൻ കൂടെ-വാഴുന്ന ജീവിതമേ ...

2. മാലിന്യമേശാതെ കാത്തിടുന്ന-സൗഭാഗ്യമാം ജീവിതം
ഞാൻപിന്നെവാഴുംതേജസ്സുമോത്താൽ-ഹാ എത്ര മോദമതെ

3. ഭൂലോകജീവിതകാലമെല്ലാം-വിജയമായ് കാത്തതാൽ
ദേവകുമാരനേശുവിൻ പാദെ-നാൾതൊറും വീഴുന്നേ ഞാൻ

4. താതന്റെ രാജ്യം പൂകിടുമ്പോൾ-സ്ഥാനമാനം ഏകുമേ
ഞാനന്നു പാടും പാട്ടുകൾ കേട്ടാൽ-ആരുഗ്രഹിച്ചിടുമോ

5. ദേവാദിദേവൻ വീണ്ടെടുത്ത-തേജസ്സേറും കാന്തയെ
കാണുന്നനേരം ദൂതഗണങ്ങൾ-ആശ്ചര്യം കൂറിടുമേ.

**5.** 1. ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി
ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു ( ഇത്രത്തോളം)

2. ഹാഗേറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാൻ അലഞ്ഞപ്പോൾ
മരുഭൂമിയിലെനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു ( ഇത്രത്തോളം)

3. ഏകനായ് നിന്ദ്യനായ് പരദേശിയായി
നാടും വീടും വിട്ടു ഞാൻ വലഞ്ഞപ്പോൾ
സ്വന്തനാട്ടിൽ ചേർത്തുകൊള്ളാം എന്നുരച്ചു നാഥനെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു ( ഇത്രത്തോളം)

4. കണ്ണുനീരും ദുഖവും നിരാശയും
തീർന്നിടാൻ കാലവും സമീപമായ്
അന്നു പാടും ദൂതർമദ്ധ്യേ ആർത്തുപാടാം ഏഴയും
ഇത്രത്തോളം യഹോവ സഹായിച്ചു ( ഇത്രത്തോളം)

**6.** 1. ഇന്നുപകൽ മുഴുവൻ-കരുണയോടെന്നെ സൂക്ഷിച്ചവനെ,
നന്ദിയോടെ തിരുനാമത്തിനു സദാ-വന്ദനം ചെയ്തിടുന്നേൻ ഇന്നു

2. അന്നവസ്ത്രാദികളും-സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം-പോറ്റിടുന്ന ഉന്നതൻ താൻ പരനെ ഇന്നു

3. മന്നിടം തന്നിലിന്നും-പലജനം ഖിന്നരായി മേവീടുമ്പോൾ
തന്നടിയാനു സുഖം-തന്ന കൃപ വന്ദനീയം പരനെ ഇന്നു

4. തെറ്റുകുറ്റങ്ങളെന്നിൽ-വന്നതളവറ്റ തന്റെ കൃപയാൽ
മുറ്റും ക്ഷമിക്കണമെ-അടയാനെ ഉറ്റു സ്നേഹിച്ചവനെ ഇന്നു

5. എൻ കരുണേശനുടെ-ബലമെഴും തങ്കനാമമെനിക്കു

സങ്കേതപട്ടണമാം-അതിലഹം സങ്കയെന്യേ വസിക്കും ഇന്നു

6. വല്ലഭൻ താൻ ഉറങ്ങാതെ നിന്നെന്നെനല്ലപോൽകാത്തിടുമ്പോൾ
ഇല്ലരിപൂഗണങ്ങൾ-ക്കധികാരമല്ലൽ പെടുത്തിടുവാൻ ഇന്നു

7. ശാന്തതയോടെ കത്താ-തിരുമുമ്പിൽ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം-ഞാൻതിരുകാന്തികണ്ടുല്ലസിപ്പാൻ ഇന്നു

**7.** 1. ഉയത്തിടുംഞാനെന്റെ കൺകൾ തുണയരുളും വൻ ഗിരിയിൽ
എൻ സഹായം വാനം ഭൂമി അഖിലം വാഴും യഹോവായിൽ

2. യിസ്രായേലിൻ കാവൽക്കാരൻ-നിദ്രഭാരം തൂങ്ങുന്നില്ല
യഹോവായെൻ പാലകൻ താൻ ഇല്ലെനിക്കു ഖേദമൊട്ടും

3. ശത്രുഭയം നീക്കിയെന്നെ മാത്ര തോറും കാത്തിടുന്ന
നീതിയിൻ സൽപാതകളിൽ നിത്യവും നടത്തിടുന്നു

4. ശോഭയേറും സ്വപ്പുരിയിൻ തീരമതിൽ ചേത്തിടുന്നു
ശോഭിതപുരത്തിൻ വാതിൽ എൻ മുമ്പിൽ ഞാൻ കണ്ടിടുന്നു

5. വാനസേന ഗാനം പാടി വാണിടുന്ന സ്വഗ്ഗസീയോൻ
ധ്യാനിച്ചീടും നേരമെന്റെ മാനസം മോദിച്ചിടുന്നു.

**8.** ഉണവിൻ വരം ലഭിപ്പാൻ വരുന്നു തിരുസവിധേ
നാഥാ! തന്റെ വൻകൃപകൾ ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ
(നാഥാ തന്റെ...) ( ഉണവിൻ വരം)
ദേശമെല്ലാം ഉണന്നീടുവാൻ യേശുവിനെ ഉയത്തീടുവാൻ
ആശിഷമാരി അയക്കേണമേ ഈ ശിഷ്യരാം തൻ ദാസരിന്മേൽ
(ആശിഷമാരി) ( ഉണവിൻ വരം)
തിരുവചനം ഘോഷിക്കുവാൻ തിരു നന്മകൾ സാക്ഷിക്കുവാൻ
ഉണവിൻശക്തിഅയക്കണമെ ഈ ശിഷ്യരാം തൻ ദാസരിന്മേൽ
(ഉണവിൻ) ( ഉണവിൻ വരം)

**9** എങ്ങും പുകഴ്ത്തുവിൻ സുവിശേഷം ഹാ മംഗള ജയജയ സന്ദേശം

1. നരഭോജികളെ നരസ്നേഹികളാം ഉത്തമസോദരരാക്കും
   വിമല മനോഹര സുവിശേഷം-ഹാ മംഗള ജയജയ സന്ദേശം
   ( എങ്ങും പുകഴ്ത്തുവിൻ സുവിശേഷം)
2. അജ്ഞാനാന്ധതയാകെയകറ്റും വിജ്ഞാനക്കതിർ വീശും
   വേദാന്തപൊരുൾ സുവിശേഷം-ഹാ മംഗള ജയജയ സന്ദേശം
   (എങ്ങും പുകഴ്ത്തുവിൻ സുവിശേഷം)
3. ഭീകരസമരസമാകുലമാകും ഭൂമിയിൽ ഭീതിയെ നീക്കും
   ശാന്തിസന്ദായക സുവിശേഷം-ഹാ മംഗള ജയജയ സന്ദേശം
   (എങ്ങും പുകഴ്ത്തുവിൻ സുവിശേഷം)
4. വിമലജനേശുവിൽവിശ്വസിച്ചീടുകിൽ വിടുതലനാമയനരുളും
   വിജയധ്വനിയിൽ സുവിശേഷം-ഹാ മംഗള ജയജയ സന്ദേശം
   (എങ്ങും പുകഴ്ത്തുവിൻ സുവിശേഷം)
5. കൃപയാലേതൊരു പാതകനേയും പാവനശോഭിതനാക്കും
   പാപ നിവാരണ സുവിശേഷം-ഹാ മംഗള ജയജയ സന്ദേശം
   (എങ്ങും പുകഴ്ത്തുവിൻ സുവിശേഷം)
6. നശിക്കും ലൌകിക ജനത്തിനുഹീനം നമുക്കോ ദൈവികജ്ഞാനം
   കുരിശിൻവചനം സുവിശേഷം-ഹാ മംഗള ജയജയ സന്ദേശം
   (എങ്ങും പുകഴ്ത്തുവിൻ സുവിശേഷം)

**10.** എനിക്കായൊരുത്തമസമ്പത്ത്
സ്വർഗ്ഗരാജ്യത്തിൽ ഒരുക്കുന്നതാൽ
ഇനി ലോകത്തെ സ്നേഹിച്ചീടാൻ
ഒരുകാലത്തും പോകയില്ലാ ഞാൻ
എന്റെ ആയുസിൻ ദിനമൊക്കെയും
തന്നെ മാത്രം ഞാനിനി സേവിക്കും
എന്റെ പ്രാണനായകനാമേശുവേ,
തന്റെ സ്നേഹം താനെനിക്കേകീടേണെ.

1. ഏഴയാകുന്നോരെന്നെ സ്നേഹിച്ച
   തന്റെ സ്നേഹമെത്രയോ ആശ്ചര്യം
   എന്റെ പാപശാപങ്ങൾ നീക്കി തൻ

തിരുജീവനാൽഎന്നെ നിറച്ചല്ലോ (എന്റെ ആയുസ്സിൻ)

2. എന്റെ ദേഹവും തിരു ആലയമായ്
എന്റ് ആത്മാവേ എനിക്കേകിയതാൽ
തിരുനാമത്തിൻ മഹത്വത്തിനായി
ഇനി ജീവിപ്പാൻ കൃപ നൽകുക ....(എന്റെ ആയുസ്സിൻ)

3. പ്രിയൻ തേജസ്സിൽ വെളിപ്പെടും നാളിൽ
ഞാനും തേജസിൽ മുമ്പിൽ നിൽക്കുവാൻ
എന്റെ ദേഹവും ദേഹി ആത്മാവും
സമ്പൂണ്ണമായ് സമപ്പിക്കുന്നേ ... (എന്റെ ആയുസ്സിൻ)

**11.** എൻ സങ്കടങ്ങൾ സകലവും തീന്ന് പോയി
സംഹാരദൂതൻ എന്നെ കടന്നുപോയി

കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടാക്ഷണത്തിൽ

ഫറവോനു ഞാനിനി അടിമയല്ല
പരമസീയോനിൽ ഞാനന്യനല്ല

മാറായെ മധുരാക്കി തീക്കുമവൻ
പാറയെ പിളന്ന് ദാഹം പോക്കുമവൻ

മരുവിലെൻ ദൈവമെനിക്കധിപതിയെ
തരുമവൻ പുതുമന്നാ അതു മതിയെ

മനോഹരമായ കാനാൻ ദേശമെ
അതേ എനിക്കഴിയാത്തൊരവകാശമെ

ആനന്ദമേ പരമാനന്ദമേ
കാനാൻജീവതമെനിക്കാനന്ദമേ
എന്റെ ബലവും എന്റെ സംഗീതവും
എൻ രക്ഷയും യേശു അത്രെ ഹല്ലേലുയ്യ

**12.** എൻ പ്രിയനെപ്പോൽ സുന്ദരനായ് ആരെയും-ഞാനുലകിൽ
കാണുന്നില്ല മേലാലും ഞാൻ കാണുകയില്ല

സുന്ദരനാം മനോഹരാ, തന്നെ പിരിഞ്ഞീ ലോകയാത്ര
പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ,
മണ്ണേപ്രതി മാണിക്കം, വെടിയുകില്ല ഞാൻ

സർവ്വാംഗ സുന്ദരൻ തന്നെ എന്നെ വീണ്ടെടുത്തവൻ
സർവ്വസുഖസൌകര്യങ്ങൾ അർപ്പിക്കുന്നേ ഞാൻ (സുന്ദരനാം)

യെറുശലേം പുത്രിമാരെൻ ചുറ്റും നിന്നു രാപകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ (സുന്ദരനാം)

ലോകസുഖസൗകര്യങ്ങളാകുന്ന പ്രതാപങ്ങൾ
മോടിയോടുകൂടെ എന്നെ മാടിവിളിച്ചാൽ (സുന്ദരനാം)

വെള്ളത്തിൻ കുമിളപോലെ മിന്നിവിളങ്ങീടുന്ന
ജഡിക സുഖങ്ങളെന്നെ എതിരേൽക്കുകിൽ (സുന്ദരനാം)

പ്രേമമെന്നിൽ വർദ്ധിക്കുന്നെ പ്രിയനോടു ചേരുവാൻ
നാളുകൾ ഞാനെണ്ണിയെണ്ണി ജീവിച്ചീടുന്നേ ... (സുന്ദരനാം)

**13.** എന്റെ ദൈവത്താൽ എന്റെ ദൈവത്താൽ
നിശ്ചയം അനുഗ്രഹം പ്രാപിച്ചീടും ഞാൻ
തന്റെ വചനം പോലെ ഞാൻ ചെയ്യും
തന്റെ വഴിയിൽ തന്നെ നടക്കും (എന്റെ ദൈവത്താൽ)

ദേശത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടും
ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും
എന്റെ വീട്ടിൽ ആഹാരം കുറയുകില്ല
ആവശ്യങ്ങൾ ഒന്നുമേ മുടങ്ങില്ല. (എന്റെ ദൈവത്താൽ)

എന്നെ എതിർക്കുന്ന ശത്രുക്കളെല്ലാം

ചിന്നഭിന്നമായി പോകും എന്റെ ദൈവത്താൽ
എന്റെ ആരോഗ്യം ദൈവദാനമല്ലോ
എൻ ശരീരവും അനുഗ്രഹിക്കപ്പെടും (എന്റെ ദൈവത്താൽ)

ജീവിതപങ്കാളിയും എന്റെ മക്കളും
എന്റെ സമ്പത്തും അനുഗ്രഹിക്കപ്പെടും
എന്റെ നന്മക്കായി താൻ സമൃദ്ധി നൽകും
എന്നെ വിശുദ്ധ ജനം ആക്കീടും താൻ (എന്റെ ദൈവത്താൽ)

വായ്പ വാങ്ങാനിടവരികയില്ല
കൊടുക്കുവാനോ ദൈവം സമൃദ്ധി നൽകും
ഉയർച്ച തന്നെ എന്നും പ്രാപിയ്ക്കും ഞാൻ
ഉന്നതങ്ങളിൽ എന്നെ മാനിയ്ക്കും താൻ (എന്റെ ദൈവത്താൽ)

**14.** എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെ ഉള്ളം ചൊല്ലുന്നു. (സങ്കീ. 73: 24-25)

വൈഷമ്യമുള്ളേതുകുന്നും കരകേറി നട കൊൾവാൻ
രക്ഷകനെൻ കാലുകൾക്കു വേഗമായ്
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോലോടീടും (ഹബ. 3: 15)

ആരുമെനിക്കില്ലന്നോ ഞാൻ ഏകനായ്ത്തീർന്നുവെന്നോ
മാനസത്തിലാധിപൂണ്ടു ഖേദിപ്പാൻ
സാധു അന്ധനായ്ത്തീർന്നിടല്ലേ ദൈവമേ (സങ്കീ. 68: 5-6)

എന്റെ നിത്യ സ്നേഹിതന്മാർ ദൈവദൂത സംഘമത്രെ
ഇപ്പോളവർ ദൈവമുമ്പിൽ സേവയാം
എന്നെ കാവൽചെയ്തു ശുശ്രൂഷിപ്പാൻ വന്നിടും

ദുഃഖിതനായോടിപ്പോയ് ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെയോർത്തു ദൈവദൂതൻ വന്നിടും
ഏറ്റം സ്നേഹ ചൂടോടപ്പവുമായ് വന്നിടും (1 രാജാ 19: 5-7)

നാളെയെക്കൊണ്ടെൻമനസ്സിൽ ലവലേശം ഭാരമില്ല
ഓരോനാളും ദൈവമെന്നെ പോറ്റുന്നു.
തന്റെ കൈകളിൽ ഞാൻ ദിനന്തോറും ചാരുന്നു (മത്താ. 6: 3)

കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായ് വേണ്ടതേകുന്നു
ലില്ലി പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു. (മത്താ. 6: 26)

പത്മോസ് ദ്വീപിൽ ഞാൻ ഏകനായ് വസിച്ചാലും ഭയമില്ല
സ്വർഗ്ഗം തുറന്നെന്റെ പ്രിയൻ വന്നിടും
മഹാ ദർശനത്താൽ വിവശനായ്ത്തീരും ഞാൻ (വെളി. 19: 20)

ഹാ മഹേശാ, കരുണേശാ പൊന്നുതാതാ നീയെനിക്കായ്
വേണ്ടതെല്ലാം ദയതോന്നി നൽകുമ്പോൾ
എന്റെ ദേഹം വൃഥാ കലങ്ങുന്നതെന്തിന്നായ്? (സങ്കീ. 23)

15. എന്റെ സമ്പത്തെന്നു ചൊല്ലുവാൻ-വേറെയില്ലൊന്നും
യേശു മാത്രം സമ്പത്താകുന്നു.
ചാവിനെവെന്നുയർത്തവൻ വാനലോകമതിൽ ചെന്നു
സാധുവെന്നെ ഓർത്തു നിത്യം താതനോടു യാചിക്കുന്നു.

ക്രൂശിൽമരിച്ചീശനെൻപേർക്കായ്-വീണ്ടെടുത്തെന്നെ
സ്വർഗ്ഗകനാൻ നാട്ടിലാക്കുവാൻ
പാപം നീങ്ങി ശാപം മാറി മൃത്യുവിന്മേൽ ജയമേറി
വേഗംവരാമെന്നുച്ചിട്ടാമയംതീർത്തിട്ടാശനൽകി(എന്റെ സമ്പത്തെന്നു)

തന്റെ പേർക്കായ് സർവ്വസമ്പത്തും യാഗമായ്വെച്ചി-
ട്ടെന്നെന്നേക്കും തന്നിൽ പ്രേമമായ്
തന്റെ വേല ചെയ്തുകൊണ്ടും തന്റെ ക്രൂശു ചുമന്നിട്ടും
പ്രാണപ്രിയൻ സേവയിൽ തന്നായുസെല്ലാം കഴിക്കേണം
(എന്റെ സമ്പത്തെന്നു)

നല്ലദാസൻ എന്നുചൊല്ലുന്നാൾ-തന്റെ മുമ്പാകെ
ലജ്ജിതനായ് തീർന്നു പോകാതെ

നന്ദിയോടെൻ പ്രിയൻ മുമ്പിൽ പ്രേമകണ്ണീർ ചൊരിഞ്ഞീടാൻ
ഭാഗ്യമേറും മഹോത്സവ വാഴ്ചകാലം വരുന്നല്ലോ
(എന്റെ സമ്പത്തെന്നു)

കുഞ്ഞാടാകും എന്റെ പ്രിയന്റെ സീയോൻ പുരിയിൽ
ചെന്നുചേരാൻ ഭാഗ്യമുണ്ടെങ്കിൽ
ലോകമെന്നെ ത്യജിച്ചാലും ദേഹമെല്ലാം ക്ഷയിച്ചാലും
ക്ലേശമെന്നിൽ ലേശമില്ലാതീശനെ ഞാൻ പിന്തുടരും
(എന്റെ സമ്പത്തെന്നു)

എന്റെ ദേശം ഈ ഭൂവിയല്ല അന്യനായ് സാധു
ഹാമിൻ ദേശം വിട്ടു പോകുന്നു.
മേലിന്നെറുശലേമെന്നെ ചേർത്തുകൊൾവാനൊരുങ്ങിത്തൻ
ശോഭയേറും വാതിലുകളെനിക്കായിട്ടുയർത്തുന്നു (എന്റെ സമ്പത്തെന്നു)

എന്റ രാജാവെഴുന്നള്ളുമ്പോൾ-തന്റെ മുമ്പാകെ
ശോഭയേറും രാജ്ഞിയായി ഞാൻ
മാർവ്വിലെന്നെ ചേർത്തിടും തൻ പൊന്നുമാർവ്വിൽ മുത്തിടും ഞാൻ
ഹാ, എനിക്കീ മഹാഭാഗ്യം ദൈവമേ, താൻ ഒരുക്കിയോ?
(എന്റെ സമ്പത്തെന്നു)

16. എന്നും നല്ലവൻ യേശു എന്നും നല്ലവൻ
ഇന്നലെയും ഇന്നും എന്നും അന്യനല്ലവൻ

1. ഭാരം ഉള്ളിൽ നേരിടും നേരമെല്ലാം താങ്ങിടും
സാരമില്ലന്നോതിടും തൻ മാർവ്വിലെന്നെ ചേർത്തിടും

2. സംഭവങ്ങൾ കേൾക്കവെ കമ്പം ഉള്ളിൽ ചേർക്കവെ
തമ്പുരാന്റെ തിരുവചനം ഓർക്കവേ പോം ആകവെ

3. ഉലകവെയിൽ കോണ്ടു ഞാൻ വാടിവീഴാതോടുവാൻ
തണലെനിക്കു നൽകിടുവാൻ വലഭാഗത്തായുണ്ടുതാൻ

4. രാവിലും പകലിലും ചേലൊടു തൻപാലനം
ഭൂവിലെനിക്കുള്ളതിനാൽ മാലിനില്ല കാരണം

5. വിശ്വസിക്കുവാനുമെന്നാശവെച്ചിടാനുമീ
വിശ്വമതിലാശ്വസിക്കാനാശ്രയവുമേശുവാം

**17.** 1. എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ- ഇപ്പോൾ

2. നന്ദികൊണ്ടെന്റെയുള്ളം നന്നെ നിറയുന്നെ
സന്നാഹമേടെ സ്തുതി പാടീടുന്നേൻ-ദേവാ

3. പാപത്തിൽ നിന്നു എന്നെ കോരിയെടുപ്പാനായ്
ശാപ ശിക്ഷകളേറ്റ ദേവാത്മജ, - മഹാ

4. എന്നെ അൻപോടു ദിനം തോറും നടത്തുന്ന
പൊന്നിടയനനന്തം വന്ദനമേ-ദേവാ,

5. അന്ത്യം വെരെയും എന്നെ കാവൽ ചെയ്തീടുവാൻ
അന്തികെയുള്ള മഹൽ ശക്തി നീയെ-നാഥാ

6. താതൻ സന്നിധിയിലെൻ പേർക്കു സദാ പക്ഷ-
വാദം ചെയ്യുന്ന മമ ജീവനാഥാ,-പക്ഷ

7. കുറ്റം കൂടാതെയെന്നെ തേജസ്സിൻ മുമ്പാകെ
മുറ്റും നിറുത്താൻ കഴിവുള്ളവനെ-എന്നെ

8. മന്നിടത്തിലടിയാൻ ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരുനാമത്തിനു-ദേവാ

**18.** എല്ലാംഅങ്ങേ മഹത്വത്തിനായ് എല്ലാം അങ്ങേ പുകഴ്ച്ചക്കമായ്
തീർന്നീടേണമെ പ്രിയനെ തിരുനാമമുയർന്നിടട്ടെ
എല്ലാം അങ്ങേ മഹത്വത്തിനായ്
സ്നേഹത്തിലൂടെയെല്ലാം കാണുവാൻ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
എന്നിൽ തൻ സ്വഭാവം പകരണമെ ദിവ്യ
തേജസ്സാലെന്നെ നിറയ്ക്കണമമെ
എല്ലാം അങ്ങേ മഹത്വത്തിനായ്
ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ ആത്മ-

നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മദായകാ നിരന്തരമായെന്നി-
ലാത്മദാനങ്ങൾ പകരണമെ-
എല്ലാം അങ്ങേ മഹത്വത്തിനായ്
തന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനേ-
അങ്ങേ വാഴ്‌വിനായി മാത്രം തീരണമെ-
എല്ലാം അങ്ങേ മഹത്വത്തിനായ്
വക്രത നിറഞ്ഞ പാപലോകത്തിൽ
താൻ വിളിച്ചു വേർതിരിച്ചു തൻ ജനം
തന്റെ പൊന്നു നാമ മഹത്വത്തിനായി
ദിനം ശോഭിപ്പാൻ കൃപനൽകണമെ.
എല്ലാം അങ്ങേ മഹത്വത്തിനായ്

**19.** എൻ യേശുവിൻ സന്നിധിയിൽ
എന്നും ഗീതങ്ങൾ പാടിടും ഞാൻ
തന്റെ മാധുര്യമേറീടും നാമമതേ
സ്തുതിഗീതങ്ങൾ പാടീടും ഞാൻ

1. കണ്ണുനീരവൻ തുടച്ചീടുമേ
കരുണയിൻ കരം നീട്ടീടുമേ
എന്റെ കാൽവറിനായകനേശുമതി
തന്റെ പാപങ്ങൾ അകറ്റീടുവാൻ ( എൻ യേശുവിൻ)

2. പരമൻ വിളി കേട്ടീടുമേ
പരമാനന്ദം ലഭിച്ചിടുമേ
എന്റെ അകൃത്യങ്ങളൊക്കയും തൻ കൃപയാൽ
അതിവേഗം അകന്നീടുമേ. ( എൻ യേശുവിൻ)

**20.** എഴുന്നള്ളുന്ന രാജാവെഴുന്നള്ളുന്ന
നാകലോക നാഥനീശോ എഴുന്നള്ളുന്ന
മാനവർക്കു വരം തൂകി എഴുന്നള്ളുന്ന

1. ബേത്‌ലഹേമിൽ വന്നുദിച്ചൊരു കനകതാരം
   യൂദയായിൽകതിരു വീശിയ പരമദീപം (ബേത്‌ലഹേമിൽ)
   ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജ്യം
   മന്നിടത്തിനു ജീവനേകിയ സ്വർഗ്ഗഭോജ്യം

2. കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
   കടലിന്റെ മീതെ നടന്നു പോയവൻ (കാനായിൽ)
   മൃതിയടഞ്ഞ മാനവർക്കു ജീവനേകി
   മനമിടിഞ്ഞ രോഗികൾക്കു സൗഖ്യമേകി

3. മഹിതലേ, പുതിയ മലരുകളണിഞ്ഞീടുവിൻ
   മനുജരെ, മഹിതഗീതികൾ പൊഴിച്ചീടുവിൻ (മഹിതലേ)
   വൈരവും പകയുമെല്ലാം മറന്നീടുവിൻ
   സാദരം കൈകൾ കോർത്തു നിരന്നീടുവിൻ

**21.** എന്തതിശയമേ, ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ- അതു
ചിന്തയിലടങ്ങാ-സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ

1. ദൈവമേ, തൻ മഹാ സ്നേഹമതിൻ വിധം
   ആർക്കു ചിന്തിച്ചറിയാം-എനി-
   ക്കാവതില്ലേയതിൻ-ആഴമളന്നീടാൻ
   എത്ര ബഹുലമതു- (എന്തതിശയമേ)

2. ആയിരമായിരം നാവുകളാലതു
   വർണ്ണിപ്പതിനെളുതോ-പതി-
   നായിരത്തിലൊരംശം ചൊല്ലിടുവാൻ
   പാരിലസാദ്ധ്യമഹോ- (എന്തതിശയമേ)

3. മോദമെഴും തിരു മാർവിലുല്ലാസമായ്
   സന്തതം ചേർന്നിരുന്ന-ഏക
   ജാതനാമേശുവേ പാതകർക്കായ് തന്ന

സ്നേഹമതിശയമേ- (എന്തതിശയമേ)

4. പാപത്താൽ തന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ്-സ്നേഹ-
പാപിയെ താനെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു (എന്തതിശയമേ)

5. ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ-എന്നെ
കേവലം സ്നേഹിച്ചു പാലിച്ചീടും തവ
സ്നേഹമതുല്യമഹോ (എന്തതിശയമേ)

22. എന്റെ യേശു എനിക്കു നല്ലവൻ
താൻ എന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ
മനമേ താൻ മതിയായവൻ (2)

1. കാൽവറി മലമേൽ കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു
എന്റെ വേദന സർവ്വവും നീക്കി എന്നിൽ
പുതുജീവൻ പകർന്നവനാം (2)

2. താനാദ്യനും അന്ത്യനുമേ
ദിവ്യ സ്നേഹത്തിൻ ഉറവിടമേ
പതിനായിരത്തിലധികശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ (2)

3. മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങളനുനിമിഷം
പകൽ മേഘസ്തംഭം രാത്രി അഗ്നിതൂണായ്
എന്നെ അനുദിനം വഴിനടത്തും (2)

4. എന്റെ ക്ലേശമെല്ലാം നീങ്ങിപ്പോം

കണ്ണുനീരെല്ലാം തുടച്ചിടുമേ
താൻ മണവാളനായ് വാനിൽ വെളിപ്പെടുമ്പോൾ
ഞാൻ താനിടം പറന്നുയരും (2)

23. 1. ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻപ്രാണനാഥൻഎൻ പേർക്കായ് ചാകുന്നു

2. ആത്മാവെ പാപത്തിൻ കാഴ്ച താൻ കാണുക
ദൈവത്തിൻ പുത്രാ താൻ ശാപത്തിലായല്ലോ

3. ഇത്രമാ സ്നേഹത്തെ എത്ര നാൾ തള്ളി ഞാൻ
ഈ മഹാ പാപത്തെ ദൈവമേ ഓർക്കല്ലെ

4. പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ
ദൈവത്തിൻ പൈതലായ് ഞാനിനി ജീവിക്കും

5. കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

6. ശത്രുക്കൾ നിന്ദയും ദൂഷ്യവും ചൊല്ലുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

7. പാപത്തിൻ ശോധന കേമമായ് വരുമ്പാൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

8. ആപത്തിൻ ഓളങ്ങൾ സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

9. ശത്രുത്വം വർദ്ധിച്ചാൽ പീഡകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

10. ആത്മാവെ, ഓർക്ക താൻ ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രാ, താൻ സാധുവെ സ്നേഹിച്ചു.

**24.** ജീവന്റെ ഉറവിടം ക്രിസ്തുവത്രെ
നാവിനാൽ തന്നെ നാം ഘോഷിയ്ക്കാം
താനത്രേ എൻ പാപഹരൻ
തൻ ജീവനാൽ എന്നെയും വീണ്ടെടുത്തു

1. താഴ്ചയിൽ എനിക്കു താൻ തണലേകി
താങ്ങിയെന്നെ വീഴ്ചയിൽ വഴി നടത്തി (2)
തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗസന്തോഷത്താൽ (ജീവന്റെ)

2. കരകാണാതാഴിയിൽ വലയുവോരെ
കരുണയെ കാംക്ഷിക്കും മൃതപ്രായരെ (2)
വരികയെൻ ചാരത്തു ബന്ധിതരെ
തരുമവൻ കൃപ മനശാന്തിയതും (ജീവന്റെ)

3. നമുക്കുപിൻ ചൊന്നതാം വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം (2)
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ (ജീവന്റെ)

**25.** തേടിവന്നു ദോഷിയാം എന്നെയും എന്നെയും നാഥാ,
ഇത്രമാം സ്നേഹം ഉയിർകൊടുത്തെനിക്കായി
മന്നവാ വർണ്ണിപ്പാനെളുതല്ലായെനിക്കു (തേടിവന്നു)

1. ക്ഷോണിതലെക്ഷീണംഭവിച്ചിടാതെന്നെയുംഎന്നെയും നാഥാ
ആണിപ്പഴുതുള്ള പാണികളാലെ
പ്രീണിച്ചനുഗ്രഹിച്ചീടുക നിത്യം (തേടിവന്നു)

2. പോഷിപ്പിക്ക പഥ്യവചനമാം ക്ഷീരത്താലെന്നെ
നിർമ്മലതോയം നിത്യം കുടിപ്പിച്ച്
പച്ചപുൽ ശയ്യയിൽ കിടത്തിടുന്നെന്നെ (തേടിവന്നു)

3. നിർത്തിടുക കളങ്കമറ്റേശുവെ കറയില്ലാതെന്നെ
പളുങ്കുകടൽ തീരത്തിരുന്നു ഞാനെന്റെ

മധുരഗാനാരഥമതിലേറി ഗമിപ്പാൻ
(തേടിവന്നു)

4. കുഞ്ഞാടിന്റെ കൂടെ ഗമിച്ചവർ പാടുമേ മോദാൽ
സീയോൻ മലയിൽ സീമയറ്റാനന്ദം
എന്നിനി ലഭിക്കുമോ മൽപ്രാണനാഥാ (തേടിവന്നു)

**26.** തുണയെനിക്കേശുവേ കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൻ മറവിൽ വസിച്ചിടും ഞാൻ

1. അവനെന്റെ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽഅവൻമതിയാശ്രയിപ്പാൻ (തുണ)

2. പകയെന്റെ കണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ പകന്നിടും കൃപ മഴപോൽ (തുണ)

3. ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയുംപലകയുമാംപരമിനി പാരിടത്തിൽ (തുണ)

4. വലമിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തിടുമേ (തുണ)

5. ആകുലവേലകളിൽ ആപത്തു നാളുകളിൽ
ആഗതനാമരികിൽ ആശ്വസിപ്പിച്ചിടുവാൻ (തുണ)

**27.** ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി ഹല്ലെലുയ്യ പാടീടും ഞാൻ

ദോഷമായിട്ടൊന്നും എന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെയവനടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു.

കഷ്ടനഷ്ടമേറി വന്നാൽ ഭാഗ്യവാനായ് ത്തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു കൂട്ടാളിയായത്തീരുന്നു ഞാൻ

ലോകസൗഖ്യമെന്തു തരും ആത്മക്ലേശമതിൻ ഫലം

സൗഭാഗ്യമുള്ളാത്മജീവൻ കഷ്ടതയിൽ വദ്ധിക്കുന്ന

ജീവനത്തിൻ വമ്പുവേണ്ടാ കാഴ്ചയുടെ ശോഭവേണ്ടാ
കൂടാരത്തിൽ മൂടി പോലെ ക്രൂശിൻ നിറം മാത്രം മതി

ഉള്ളിലെനിക്കെന്തുസുഖം തേജസ്സേറും ഖെരൂബുകൾ
കൂടാരത്തിനകത്തുണ്ട് ഷെയ്ക്കാനായും ഉണ്ടവിടെ

ഭക്തന്മാരാം സഹോദരർ വിളക്കു പോൽ കൂടെയുണ്ട്
പ്രാത്ഥനയിൻ ധൂപമുണ്ട് മേശമേലെന്റപ്പമുണ്ട്

പ്രാകാരത്തിലെന്റെമുമ്പിൽ യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രെ എന്നുമെന്റെ രക്ഷയവൻ

ദിനന്തോറും പുതുക്കുന്ന ശക്തിയെന്നിൽ പകരുവാൻ
സ്വഛജലം വെച്ചിട്ടുള്ള പിച്ചളതൊട്ടിയുമുണ്ട്

ലോകത്തെ ഞാനോക്കുന്നില്ല കഷ്ടനഷ്ടമോക്കുന്നില്ല
എപ്പോളെന്റെ കത്താവിനെ ഒന്നു കാണാമെന്നേയുള്ളു

**28.** ദൈവകൃപയിൽ ഞാനാശ്രയിച്ച്
തൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും തന്നുടെ ചുവടുകളെ

1. ഇഹലോകമോ തരികില്ലൊരു
സുഖവും മനശാന്തിയതും
എന്റെയേശുവിന്റെ തിരുസന്നിധിയിൽ
എന്നും ആനന്ദമുണ്ടെനിക്ക് (ദൈവകൃപയിൽ)

2. എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാമറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ (ദൈവകൃപയിൽ)

3. എന്റെ ആയുസ്സിൻ ദിനമൊക്കെയും
തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ (ദൈവകൃപയിൽ)

**29.** ദൈവത്തിനു സ്തോത്രം ദൈവത്തിനു സ്തോത്രം
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

കാൽവറി മലയിൽ ക്രൂശിൽ മരിച്ചൊരു
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

പാപഭാരത്തിൽ നിന്നെന്നെ രക്ഷിച്ചൊരു
രക്ഷകനു സ്തോത്രം ഇന്നുമെന്നേക്കും

ഓരോ നാളുമെന്റെ ഭാരം ചുമക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

ശത്രുക്കൾ മുമ്പാകെ മേശയൊരുക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

ദൃഷ്ടിയെന്റെ മേൽ വെച്ചിഷ്ടമായ് നോക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

എല്ലാ രോഗങ്ങൾക്കും നല്ല വൈദ്യനായ
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

രോഗശയ്യയിൽ കൂടെയിരിക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേക്കും

പെറ്റ തള്ളയെക്കാൾ ഉറ്റു സ്നേഹിക്കുന്ന

ദൈവത്തിന്ന സ്തോത്രം ഇന്നുമെന്നേക്കും

വൻകൃപയാലെന്നെ ഇന്നയോളം കാത്ത
ദൈവത്തിന്ന സ്തോത്രം ഇന്നുമെന്നേക്കും

**30.** ദൈവത്തിന്റെ ഏകപുത്രൻ-പാപികളെ രക്ഷിപ്പാൻ
മാനുഷനായ് പാടുപെട്ട-കുരിശിന്മേൽ മരിച്ചു

ഇത്രസ്നേഹം ഇത്രസ്നേഹം-ഇത്രസ്നേഹം എരിവാൻ
മാനുഷരിലെന്തു നന്മ-കണ്ടു താൻ രക്ഷാകരാ

1. പാപികളും ദ്രോഹികളു-മായ നരവഗ്ഗത്തെ
വീണ്ടെടുപ്പാൻ എത്ര കഷ്ടം-സഹിച്ചു താൻ ശാന്തമായി
ഇത്രസ്നേഹം
2. നിമ്മലന്മാർ ഭുജിക്കുന്ന പരലോക അപ്പം താൻ
പാപികൾക്കു ജീവൻ നൽകി-രക്ഷിക്കുന്നീ രക്ഷകൻ
ഇത്രസ്നേഹം
3. കൃപയാലെ രക്ഷപെട്ട-പാപിയായ ഞാനിതാ
ഹൃദയത്തിൽ ദൈവസ്നേഹം-എരിവാൻ വാഞ്ചിക്കുന്നു.
ഇത്രസ്നേഹം
4. പാപിയിൽ പ്രധാനി ആയി-രുന്ന എന്നെ രക്ഷിപ്പാൻ
ശാപമൃത്യവേറ്റ തന്നെ-നിത്യകാലം വാഴ്ത്തും ഞാൻ
ഇത്രസ്നേഹം

**31.** 1. നല്ലദേവനേ, ഞങ്ങൾ എല്ലാവരേയും
നല്ലതാക്കി തന്നിഷ്ടത്തെ ചൊല്ലീടേണമെ

2. പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞീടുവാനായ്
മെച്ചമായാഹാരത്തെ താൻ നൽകീടണമെ

3. അന്ധകാരമാം ഈ ലോകയാത്രയിൽ
ബന്ധുവായിരുന്നു വഴി കാട്ടീടേണമെ

4. ഇമ്പമേറിയ തൻ അമ്പുള്ള സ്വരം
   മുമ്പേ നടന്നു സദാകേൾപ്പിക്കേണമെ

5. വേദവാക്യങ്ങൾ ഞങ്ങൾക്കാദായമാവാൻ
   വേദനാഥനെ തന്റെ ജ്ഞാനം നൽകുകേ

6. സന്തോഷം സദാ ഞങ്ങൾ ചിന്തയിൽ വാഴാൻ
   സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനം ചെയ്യുകേ

7. താതാനാത്മനും പ്രിയ നിത്യപുത്രനും
   സാദരം സ്തുതി സ്തോത്രം എന്നും ചൊല്ലുന്നേ. ആമ്മീൻ

32. പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം
തന്നെ കാണും ജനങ്ങൾക്കു പിന്നെ ദുഃഖമൊന്നുമില്ല
പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം

തന്റെ എല്ലാ നടത്തിപ്പും എന്റെ ഭാഗ്യ നിറവല്ലോ
പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം

ആദിയിങ്കൽ കൈപ്പാകിലും-അന്ത്യമൊ മധുരമത്രെ
പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം

കാർമേഘത്തിനുള്ളിലീ ഞാൻ-മിന്നും സൂര്യശോഭ കാണും
പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം

സന്ധ്യയിങ്കൽ വിലാപവും-സന്തോഷമുഷസിങ്കലും
പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം

തന്നോടൊന്നിച്ചുള്ള വാസം-എന്റെ കണ്ണീർ തുടച്ചീടും
പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം

തന്റെ മുഖശോഭ മൂലം-എന്റെ ദുഃഖം തീർന്നുപോകും
പരപരമേശാ, വരമരുളീശാ താനത്രേ എൻ രക്ഷാസ്ഥാനം

33. 1. പരനെ തൻ തിരുമുമ്പിൽ വരുന്നോരീ സമയെ
ശരിയായ് പ്രാത്ഥന ചെയ്‌വാൻ കൃപയെ തന്നരുൾക
(പരനെ)

2. ഉരുകിയിന്നടിയാർ തന്നോടു യോജിച്ചിടുവാൻ
തരിക തന്നാത്മാവേ പുതുമാരിപോലെ
(പരനെ)

3. ഞരങ്ങി ഞങ്ങളിൻ പേക്ക്ായിരന്നീടുന്നവനെ
വരികിന്നീയടിയാരിൽ ചൊരിക തൻ വരങ്ങൾ
(പരനെ)

4. അനുഗ്രഹമുറിയിൻ പൂട്ടുകൾ താനെ തുറപ്പാൻ
മനസ്സിനേശുവിനോടു ലയിപ്പാനായരുൾക
(പരനെ)

5 ഉണത്ത്ിക്കും വരമെല്ലാം ക്ഷണം തന്നീടണമെ
തുണതാനെന്നിയെവേറില്ലറിഞ്ഞു നൽകണമെ
(പരനെ)

6. പരമാനന്ദമേദം വന്നകമെ തിങ്ങണമെ
പരനാം തന്നോടാനന്ദിച്ചിടുവാൻ നൽകണമെ.
(പരനെ)

**34.** പരമപിതാവിനു സ്തുതി പാടാം താനല്ലോ ജീവനെ നൽകിടുന്നു
പാപങ്ങളൊക്കെയും ക്ഷമിച്ചിടുന്നു രോഗങ്ങളാകവെ നീക്കിടുന്നു
(പരമപിതാവിനു)

ഇടയനെപോൽ നമ്മെ തേടി വന്നു പാപക്കുഴിയിൽ നിന്നേറ്റിയവൻ
സ്വന്തമാക്കി നമ്മെ തീത്ത്ിടുവാൻ സ്വന്ത രക്തം നമുക്കേകിയതാൽ
(പരമപിതാവിനു)

അമ്മയെപോൽ നമ്മെ ഓമനിച്ചു അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനീയമേകിയവൻ നിത്യമാം ജീവനും നൽകിടുന്നു
(പരമപിതാവിനു)

കൂടുകളെ കൂടെ കൂടിളക്കി പറക്കുവാനായി നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ നിലം പരിചായ് നാം നശിച്ചിടാതെ
(പരമപിതാവിനു)

സ്തോത്രം ചെയ്യാം ഹൃദയംഗമായി കുമ്പിടാം തൻ മുമ്പിലാദരവായ്
ഹല്ലേലുയ്യ പാടാം മോദമോടെ താനല്ലോ നമ്മുടെ രക്ഷയിൻ പാറ
(പരമപിതാവിനു)

**35.** പാവനാത്മദാനം പകന്നീടണം ദേവാ,
ദാസരിൽ നന്നെ നിറവോടി ദിനമതിൽ
ആത്മദാനം ദിവ്യ വാഗ്ദത്തദാനം
അരുളുക കൃപയോടെ പരാപരനെ

2. സാക്ഷികളായി രക്ഷകൻ നാമം (2)
പക്ഷമോടെന്നും കൊണ്ടാടിടുവാൻ (പാവനാത്മ)
3. പീഡകൾ വന്നാൽ ആടൽ കൂടാതെ (2)
മോടിയോടേശുവേ പാടിടുവാൻ (പാവനാത്മ)

4. പട്ടിണി, ദാഹം, നഗ്നത, നിന്ദ (2)
ഏതിനും ശക്തരായി മേവിടുവാൻ (പാവനാത്മ)

**36.** പ്രാത്ഥന കേൾക്കണമേ, കത്താവേയെൻ യാചന നൽകണമെ.
കത്താവേയെൻ യാചന നൽകണമെ

1. പുത്രന്റെനാമത്തിൽ-യാചിക്കും കാര്യങ്ങൾക്കുത്തരം തന്നരുളാ
മെന്നുള്ളോരു വാഗ്ദത്തം പോൽ ദയവായ്
എന്നുള്ളോരു വാഗ്ദത്തം പോൽ ദയവായ് (പ്രാത്ഥന)

2. താതനും മാതാവും-താനെനിക്കല്ലാതെ ഭൂതലം തന്നിലില്ലേ
വേറാരുമെന്നാതങ്കം നീക്കിടുവാൻ (പ്രാത്ഥന)
വേറാരുമെന്നാതങ്കം നീക്കിടുവാൻ

3. നിത്യതയിൽ നിന്നു-ള്ളത്യന്തസ്നേഹത്താൽ-ശത്രുതയെ അകറ്റി
എനിക്കു താൻ പുത്രത്വം തന്നതിനാൽ
എനിക്കു താൻ പുത്രത്വം തന്നതിനാൽ (പ്രാത്ഥന)

4. സ്വന്തകുമാരനെ ആദരിയാതെന്മേൽ-സിന്ധുസമം കനിഞ്ഞ
സംപ്രീതിയോ-ത്ത്ന്തികെ ചേന്നിരുന്നേൻ
സംപ്രീതിയോ-ത്ത്ന്തികെ ചേന്നിരുന്നേൻ (പ്രാത്ഥന)

5. ഭൃത്യരനേകരിൻ-പ്രാത്ഥന കേട്ടു താൻ-ഉത്തരം നൽകിയതോ-
ത്ത്യാദരം തൃപ്പാദം തേടിടുന്നേൻ
അത്യാദരം തൃപ്പാദം തേടിടുന്നേൻ (പ്രാത്ഥന)

6. കള്ളന്റെ യാചന-കേട്ടുള്ളലിഞ്ഞ തൻ-തുല്ല്യമില്ലാ ദയയോ-
ത്തിതാ വന്നേൻ നല്ലവനേ സദയം
ഇതാ വന്നേൻ നല്ലവനേ സദയം (പ്രാത്ഥന)

7. യേശുവിൻ മൂലമെൻ-യാചന നൽകു മെന്നാശയിൽ കെഞ്ചിടുന്നേ
തല്ലാതെന്നിൽ ലേശവും നന്മയില്ലേ
അല്ലാതെന്നിൽ ലേശവും നന്മയില്ലേ (പ്രാത്ഥന)

37. പ്രാത്ഥനയ്ക്കുത്തരം നൽകുന്നോനെ
തന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വഗ്ഗീയനുഗ്രഹഭണ്ഡാരത്തിൻ
വാതിൽ തുറക്കണമേ

കേൾക്കണേ എൻ പ്രാത്ഥന
നൽകണേ എൻ യാചന

2. പുത്രന്റെ നാമത്തിൽ യാചിക്കുമ്പാൾ
ഉത്തരം തരുമെന്നരുളിയോനെ
നീക്കം വരാത്ത തൻ വാഗ്ദത്തമെൻ
പേക്കു താൻ തന്നുവല്ലോ ( കേൾക്കണേ)

3. വചനമെന്നാത്മാവിൻ ദാഹം തീപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരുശക്തിയാൽ
നിറയുവാൻ തൻ ജനങ്ങൾ ( കേൾക്കണേ)

4. പാപവും രോഗവും അകറ്റിടുമാ
രുധിരത്തിൻ അത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിന്റെ
ഹൃദയങ്ങൾ തുറക്കണമെ. ( കേൾക്കണേ)

**38. 1.** ഭാഗ്യനാട്ടിൽ പോകും ഞാൻ
എന്റെ ഭാഗ്യനാട്ടിൽ പോകും ഞാൻ
ഭാഗ്യനാട്ടിൽ ചെന്നു ശുദ്ധരൊടൊത്തു ഞാൻ
യേശുവെ വാഴ്ത്തിടുമേ (ഭാഗ്യനാട്ടിൽ)

2. മായ ഇമ്പം വിടുന്നേ-എന്റെ
ലോകസുഖങ്ങളെല്ലാം-നായകനാം
എന്റെ മന്നനെ ഓർത്തു ഞാൻ
തൻ തിരു നാമത്തിനായ് (ഭാഗ്യനാട്ടിൽ)

3. സ്വർഗ്ഗഭാഗ്യമോർക്കുമ്പോൾ
എന്റെ ഉള്ളമാനന്ദിക്കുന്നെ
തുള്ളികളിച്ചെന്റെ സന്തോഷരാജ്യത്തിൽ
വേഗം ഞാൻ ചേർന്നിടുമെ (ഭാഗ്യനാട്ടിൽ)

4. ഓരോ ദിവസവും ഞാൻ
എന്റെ പ്രിയനെ നോക്കികൊണ്ട്
നേരായ പാതയിൽ സേവനം ചെയ്തു ഞാൻ
മാർവ്വോടണഞ്ഞിടുമെ (ഭാഗ്യനാട്ടിൽ)

**39. 1.** മനമേ പക്ഷി ഗണങ്ങളുണർന്നിതാ പാട്ടുപാടുന്നു
മനമേ നീയുമുണർന്നിട്ടേശുപരനെ പാടി സ്തുതിക്ക

2. മനമേ, നിന്നെ പരമോന്നതൻ പരിപാലിക്കുന്നതിനെ
നിനച്ചാൽ നിനക്കുഷസിൽ കിടന്നുറങ്ങാൻ കഴിഞ്ഞിടുമോ

3. മൃഗജാലങ്ങൾ ഉണർന്നീടുന്ന സമയത്തു നീ കിടന്നു
മൃഗത്തെക്കാളും നിർവ്വിചാരിയായുറങ്ങാതെന്റെ മനമേ,

4. മരത്തിൻ കൊമ്പിലിരിക്കും പക്ഷിയുരയ്ക്കു; ശബ്ദമതുകേ-
ട്ടുറക്കം തെളിഞ്ഞുടനെ തന്റെ പരനെ പാടി സ്തുതിക്ക

5. പരനേശുതാനതിരാവിലെ വനമായൊരു സ്ഥലത്തിൽ

പരിചോടുണന്നെഴുന്നേറ്റു പ്രാത്ഥിച്ചതു നീ ചിന്തിച്ചീടുക

6. ഒരു വാസരമുഷസ്സായപ്പോൾ പീലാത്തോസിന്റെ അരികെ
പരനേശുവൊരജം പോൽ നിന്ന നില നീ ചിന്തിച്ചീടുക

7. പരനെ തള്ളിപറഞ്ഞ പത്രോസതിരാവിലെ സമയെ
പെരുത്ത ദുഃഖം നിറഞ്ഞു പൊട്ടിക്കരഞ്ഞു

8. മറിയാമതിരാവിലേശുവെ കാണാഞ്ഞിട്ടുള്ളം തകന്ന്
കരയുന്നതെന്തതുല്യസ്നേഹം മനമേ, നിനക്കതുണ്ടോ?

40. 1. മന്നവനെ, മഹോന്നതാ, തന്നെ ഞങ്ങൾ വന്ദിക്കുന്നു.
ഇദ്ധരയിൽ താനൊഴിഞ്ഞില്ലാരുമേ
ഞങ്ങൾക്കാശ്രയമായ് മേലിലും താൻ മാത്രമെ

2. ദൈവദൂതസൈന്യം തന്നെ നമിക്കുന്നു പരിശുദ്ധാ
ദോഷികളാം ഞങ്ങളതിനെന്തുള്ളു
ഓത്താൽ-തന്റെ നാമം ചൊല്ലിടാനും പോരായെ

3. മഹാദേവാ മക്കൾ ഞങ്ങൾ തിരുമുമ്പിൽ വണങ്ങുന്നു
മാരിപോലിന്നനുഗ്രഹം നൽകണം
സവ്വഖേദവും തീത്തു താൻ ഞങ്ങൾക്കാകണം

4. തന്നെപോലോർ ധനമില്ല തന്നെപോലോർ സുഖമില്ല
എന്നന്നേക്കും തൻമുഖത്തിൽ വാഴുവാൻ
ദാസക്കനുവാദം തന്നു മാവ്വിൽ ചേക്കണം

5. പൊന്നുനാഥാ പൊന്നുനാഥാ തൻ മുഖം കണ്ടാനന്ദിപ്പാൻ
സ്വഗ്ഗദേശത്തെന്നു വന്നു ചേന്നിടും
ലോകസങ്കടങ്ങളൊഴിഞ്ഞങ്ങു വാഴുവാൻ

5. ഭക്തന്മാരെ രാപകൽ നാം തിരുമുമ്പിലാരാധിപ്പാൻ
എത്രവേഗേ വാനരാജ്യേ പൊയിടാം
സവ്വ-സമ്മോദവും ലഭിച്ചെന്നും വാഴുവാൻ

**41.** 1. മണ്മയമാം ഈ ഉലകിൽ കാണ്മതും മായ
വൻ മഹിമ ധനം സുഖങ്ങൾ സകലവും മായ

2. മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ

3. ധാന്യം ധനം ലാഭം കീത്തി ഹാ നഷ്ടമാകും
മാന്യമിത്രരാകെ നമ്മെ പിരിഞ്ഞിനി പോകും

4. ഏഴുപത്തോ ഏറെയായാലെണ്പതു മാത്രം
നീളുമായുസ്സതു നിനച്ചാൽ കഷ്ടത മാത്രം

5. ലോകമരുഭൂവിൽ മത്യരാശ്രയം തേടി
ശോകകൊടും വെയിലിലയ്യോ വീഴുന്നു വാടി

6. ദൈവമക്കൾ നമുക്കു സ്വഗ്ഗം ഹാ സ്വന്തദേശം
കേവലമീ പാരിടമോ വെറും പരദേശം

**42.** മഹൽ സ്നേഹം മഹൽ സ്നേഹം പരലോ-ക പിതാ തൻ
മകനെ മരിപ്പതിനായ് കുരിശിൽ കൈവെടിഞ്ഞോ
മകനെ മരിപ്പതിനായ് മകനെ മരിപ്പതിനായ്
മകനെ മരിപ്പതിനായ് കുരിശിൽ കൈവെടിഞ്ഞോ

സ്വഗ്ഗസ്ഥലങ്ങളിലുള്ളനുഗ്രഹം നമുക്കായ്
സകലവും നൽകിടുവാൻ പിതാവിനു ഹിതമായ്
സകലവും നൽകിടുവാൻ സകലവും നൽകിടുവാൻ
സകലവും നൽകിടുവാൻ പിതാവിനു ഹിതമായ്

ഉലകസ്ഥാപനത്തിൻ മുമ്പുളവായൊരൻപാൽ
തിരഞ്ഞെടുത്തവൻ നമ്മെ തിരുമുമ്പിൽ വസിപ്പാൻ
തിരഞ്ഞെടുത്തവൻ നമ്മെ തിരഞ്ഞെടുത്തവൻ നമ്മെ
തിരഞ്ഞെടുത്തവൻ നമ്മെ തിരുമുമ്പിൽ വസിപ്പാൻ

മലിനതമാറി നമ്മൾ മഹിമയിൽ വിളങ്ങാൻ
മനുവേലിൻ നിണം ചിന്തി നരരെ വീണ്ടെടുപ്പാൻ
മനുവേലിൻ നിണം ചിന്തി മനുവേലിൻ നിണം ചിന്തി
മനുവേലിൻ നിണം ചിന്തി നരരെ വീണ്ടെടുപ്പാൻ

അതിക്രമ മോചനമാമനുഗ്രഹമവനിൽ
അനുഭവിക്കുന്ന നമ്മൾ അവൻ തന്ന കൃപയാൽ
അനുഭവിക്കുന്ന നമ്മൾ അനുഭവിക്കുന്ന നമ്മൾ
അനുഭവിക്കുന്ന നമ്മൾ അവൻ തന്ന കൃപയാൽ

മരണത്താൽ മാറാത്ത മഹൽസ്നേഹപ്രഭയാൽ
പിരിയാ ബന്ധമാണിതു യുഗംകാലം വരേയും
പിരിയാ ബന്ധമാണിതു പിരിയാ ബന്ധമാണിതു
പിരിയാ ബന്ധമാണിതു യുഗംകാലം വരേയും

**43.** മഹിമയെഴും പരമേശാ പാഹിമാം യേശു മഹേശാ

1. നിസ്തുല സ്നേഹ സാഗരമേ ഹാ പ്രസ്താവ്യമേ
തിരുനാമം ക്രിസ്തോ താൻ തൻ വിശ്രാമം (മഹിമയെഴും)

2. കാർമുകിൽ ഭീകരമായ് വരുന്നേരം കാണുമതോ
നിയമത്തിൻവില്ലൊന്നായതിൽതീരുമെൻ ഭാരം(മഹിമയെഴും)

3. തൻമുഖകാന്തിയെൻ മ്ലാനത നീക്കും തൻ മധുരാമൃത
വചനം ഖിന്നതയാകവെ പോക്കും (മഹിമയെഴും)

4. സംഗതിയില്ലുളകീടുവാൻ സ്നേഹ-ചങ്ങലയാൽ തിരു
മാർവ്വോടെന്നെയിണച്ചതു മൂലം (മഹിമയെഴും)

5. താവകസന്നിധി ചേർന്നതികാലെ ജീവനിൽ നിറഞ്ഞെഴു
ന്നേൽക്കും പാവനചിന്തകളാലെ (മഹിമയെഴും)

6. ക്രൂശിലെ രക്തമെൻ ജീവന്നാധാരമെ നാശലോകം വെടി
ഞ്ഞോടാൻ ആശയൊടേശുവെ നേടാം (മഹിമയെഴും)

7. പളുങ്കു കടൽതീരത്തിരുന്നു ഞാനെന്റെ കളങ്കമറ്റേശുവെ
കാണും വിളങ്ങും വിശ്വാസത്താലോടും (മഹിമയെഴും)

**44.** യഹോവ ദൈവമാം വിശുദ്ധ ജാതിനാം
അവനവകാശമാ ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ

1. ആപത്തിൽ നമ്മുടെ ദിവ്യ സങ്കേതവും ബലവും ദൈവമൊരുവനത്രെ
ആകയാൽപാരിടംആകെയിളകിലും നാമിനീം ഭയപ്പെടുകയില്ല (യഹോ)
2. അവനീതലത്തിൽ അപമാനം നമുക്കവകാശമെന്നാത്തിടണം
അവനായ് കഷ്ടത ഏൽക്കുകിൽ തേജസിൽ അനന്തയുഗം വാണിടും നാം
(യഹോ)
3. നിര നിര നിരയായ് അണിനിരന്നീടുവിൻ കുരിശിൻ പടയാളികളെ
ജയ ജയ ജയ കാഹളം ഊതീടുവിൻ ജയവീരനാം യേശുവിന്
(യഹോ)

**45.** 1. യാഹെന്ന ദൈവമെന്നിടയനഹോ
യാതൊരു കുറവുമില്ലെനിക്കിനിയും
പച്ചപുൽപുറത്തെന്നെ കിടത്തുന്നവൻ
നിശ്ചലജലം എന്നെ കുടിപ്പിക്കുന്നു (യാഹെന്ന)

2. സന്തതമെന്നുള്ളം തണുപ്പിക്കുന്നു
തൻ തിരു പാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്‌വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരു ഭയവുമില്ല (യാഹെന്ന)

3. ഉന്നതനെന്നോടു കൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻ വടികോൽ
എനിക്കൊരു വിരുന്നു താൻ ഒരുക്കിടുന്നു
എന്നുടെ വൈരികളിൽ നടുവിൽ (യാഹെന്ന)

4. ശിരസ്സിനെ അഖിലവും അനുദിനവും
പൂശുന്ന സൗരഭ്യ തൈലമതാൽ
എന്നുടെ പാനപാത്രം ദിനവും

ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു (യാഹെന്ന)

5. നന്മയും കരുണയും എന്നായുസ്സിൽ
ഉണ്മയായി തുടർന്നീടും ദിനവുമഹോ
സ്വർഗ്ഗീയ ആലയം തന്നിലീ ഞാൻ
ദീർഘകാലം വസിക്കും ശുഭമായ് (യാഹെന്ന)

**46.** യാഹ് നല്ല ഇടയൻ എന്നുമെന്റെ പാലകൻ
ഇല്ലെനിക്കു ഖേദമൊന്നുമെ (2)

1. പച്ചയായ പുല്പുറങ്ങളിൽ സ്വച്ഛമാം നദിക്കരികിലും
ക്ഷേമമായ്പോറ്റുനെന്നെയും സ്നേഹമോടെന്നേശുനായകൻ
(2) (യാഹ്)
2. കൂരിരുളിൻ തായ്‌വരയതിൽ ഏകനായ് സഞ്ചരിക്കിലും
ആധിയെന്യേ പോറ്റുനെന്നെയും സ്നേഹമൊടെന്നേശു നായകൻ
(2) (യാഹ്)
3. ശത്രുവിന്റെ പാളയത്തിലും മൃഷ്ടഭോജ്യമേകിടുന്നവൻ
നന്മയും കരുണയൊക്കയും നിത്യമെന്നെ പിന്തുടർന്നീടും
(2) (യാഹ്)
4. കഷ്ടനഷ്ടശോധനകളിൽ പൊന്മുഖം ഞാൻ നേരിൽ കണ്ടിടും
ശാശ്വത ഭുജങ്ങളിന്മീതെ നിർഭയനായ് ഞാൻ വസിച്ചിടും
(2) (യാഹ്)

**47.** 1. യേശുനാഥാ നീതി സൂര്യാ ഏകണം തന്നാത്മദാനം
ദാസരീലീ സമയത്തിൽ നാഥനെ ... സർവ്വ
മാലൊഴിച്ചു ദിവ്യദാനം നൽകുകേ

2. ഇന്നു തന്റെ സന്നിധിയിൽ വന്നിരിക്കും ഞങ്ങളെ താൻ
തന്റെ ദിവ്യാശിഷം നൽകി പാലിക്ക ... സർവ്വ
മായ ചിന്ത ദൂരെ നീക്കി കാക്കുക

3. ഇത്ര നാളും തൻകൃപയെ വ്യത്ഥമാക്കി തീത്തു പോലെ
അത്തലെല്ലാം നീക്കി താൻ കൈതാങ്ങുക ... തന്റെ
സത്യബോധം ഞങ്ങളിൽ താൻ നൽകുക

4. ആത്മദാതാവായ തന്നെ സ്വന്തമാക്കി തീത്തിടുവാൻ
ആത്മദാഹം ഞങ്ങളിൽ താൻ നൽകുക ... സവ്വ
സ്വാത്ഥചിത്തം ദൂരെ നീക്കി താൻ ക്കാക്കുക

5. തന്റെ സ്നേഹമറിഞ്ഞിട്ടു തന്നെ സ്നേഹിപ്പതിനായി
സ്നേഹഹീനരായിവരിൽ വേഗമെ ... നിത്യം
സ്നേഹരൂപനായ തന്നെ കാട്ടുക

6. താൻപൊഴിക്കുംതേൻമൊഴികൾ ഞങ്ങളുള്ളിലാക്കിടുവാൻ
പാരം കൊതി നൽകിടേണം ദൈവമെ .... എല്ലാം
ചെയ്തു നല്ല ദാസരായ്ത്തീരുവാൻ

7. നല്ല പങ്കായുള്ളതിനെ ഞങ്ങളെല്ലാമെടുത്തീടാൻ
നല്ലതെല്ലാമടിയാക്കു നൽകണം ... ആരും
വൃത്ഥമായി പോയീടല്ലെ ദൈവമെ.

**48.** 1. യേശുവോടു ചേന്നിരിപ്പതെത്ര മോദമെ
യേശുവിന്നായ് ജീവിക്കുന്നതെത്ര ഭാഗ്യമെ
ആശ തന്നോടെന്നുമെന്നിൽ വദ്ധിച്ചീടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേ (യേശു)

2. പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓക്കുംതോറും സ്നേഹമെന്നിൽ വദ്ധിച്ചീടുന്നേ
പാക്കുന്നേ തൻ കൂടെ വാഴാൻ എന്നു സാദ്ധ്യമോ (യേശു)

3. ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീക്കാത്ത നിത്യ പാപ്പിടം തന്നിൽ
വാണിടുന്ന നാളിന്നായ് ഞാൻ നോക്കിപ്പാക്കുന്നേ (യേശു)

4. അന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ
അന്നുമാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടി ആക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം (യേശു)

**49.** യേശു എന്നടിസ്ഥാനം ആശയവനിലത്രെ
ആശ്വാസത്തിൻ പൂർണ്ണത യേശുവിൽ കണ്ടേൻ ഞാനും

1. എത്ര മധുരമവൻ നാമമെനിക്കു പാർത്താൽ
ഓർത്തുവരുന്തോറുമെൻ ആർത്തി മാഞ്ഞു പോകുന്നു (യേശു)

2. ദുഃഖം ദാരിദ്ര്യമെന്നിവയ്ക്കുണ്ടോ ശക്തിയെൻമേൽ
കൈക്കു പിടിച്ചു നടത്തികൊണ്ടു പോകുന്നവൻ (യേശു)

3. രോഗമെന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ ദേഹം പുതുതാക്കിടാൻ (യേശു)

4. പാപത്താലെന്നിൽ വന്ന ശാപകറകൾ മാറ്റി
ശോഭിത നീതി വസ്ത്രം ആഭരണമായ് നൽകും
(യേശു)

5. വമ്പിച്ച ലോകത്തിരക്കമ്പം തീരുവോളവും
മുമ്പും പിമ്പുമായവൻ അൻപോടെന്നെ നടത്തും (യേശു)

6. ലോകമെനിക്കു വൈരി ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ ഏതും ഭയപ്പെടാ ഞാൻ (യേശു)

**50.** 1. യേശുവിൻ തിരുപ്പാദത്തിൽ ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധ വാക്യത്തിൽ നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം ദിവ്യമാം ഉപദേശം

**കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ**

2. ദൈവവചനം ജീവനും ശക്തിയും ആകയാൽ
ആത്മരക്ഷയുണ്ടേവനും ഉള്ളത്തിൽ കൈകൊണ്ടാൽ
ആത്മമരണം മാറും നീതിയിലവൻ വാഴും (കേൾക്കു)

3. അന്ധന്ന കാഴ്ച നൽകുവാൻവചനം മാഗ്ഗമാം
സത്യത്തിൽ അതു കാക്കുവാൻ സ്വഗ്ഗത്തിൻ ദാനമാം
ഒഴിയുവാൻ നിത്യ നാശം കാലിനൊരു പ്രകാശം(കേൾക്ക)

4. സത്യദൈവത്തിൻ ഭക്തന്മാർ വചനം കാക്കയാൽ
സൽപ്രവത്തിക്ക ശക്തന്മാർ ആകുന്നു നാൾക്കുനാൾ
ദൈവമുഖപ്രസാദം നിത്യം അവക്കാഹ്ലാദം (കേൾക്ക)

5. ലോകവും അവസാനിക്കും വാനവും ഇല്ലാതാം
ദൈവവാക്ക പ്രമാണിക്കും ഭക്തനോ നിത്യനാം
വാട്ടം മാലിന്യം നാശം ഇല്ലാത്തൊരവകാശം (കേൾക്ക)

51. രാവിലെ ഞാനേശുവിന്റെ കൈകളിൽ താനഭയമായ്
ചേരുമെന്റ രക്ഷിതാവിൻ കാരുണ്യം
സവ്വ നാളിലും പാലിച്ചു കൊള്ളും മോദമായ്

തള്ള കൈയ്യിൽ ശിശു തുല്ല്യം ഒന്നുമറിയാത്ത ദാസൻ
നാളിൽ നാളിൽ ജയവീരനായിടും
എല്ലാം യേശുമൂലം കൃപയാലെ സാധിക്കും

യുദ്ധം ചെയ്‌വാൻ നൂറുനൂറായി ശത്രു സൈന്യം അണയുമ്പോൾ
മുമ്പിലുള്ള സൈന്യനാഥൻ യേശു തൻ
സ്നേഹ കൈകൾ നീട്ടി തുണച്ചീടും സാധുവെ

വഴികളിൽ ഞാൻ വലയുമ്പോൾ പാത കാണാതുഴലുമ്പോൾ
നേർവെളിച്ചം യേശു നൽകി പാലിക്കും
യാതൊരന്ധകാരം അതിൻ പിന്നിലില്ലല്ലോ

ഭാരമേറും ഗിരിമുമ്പിൽ ക്ഷീണനായി ഞാൻ വിളറാതെ
തള്ളയാകും യേശു തന്റെ കൈകളിൽ
എന്നെ ഏന്തി മഹാ വിശ്രമത്തിലാക്കിടും

തോൽവി കണ്ടുല്ലസിപ്പാൻ നോക്കിനോക്കി നിൽക്കുന്നവർ
ലജ്ജിതരായ് തീന്ന് പോമെൻ താതന്റെ
മഹാ കരുണയേറും കൈകളിൽ, ഞാൻ ചാരുമ്പോൾ

എന്നെ മനഞ്ഞുടമസ്ഥൻ കൈകളെന്റെ സങ്കേതമേ
ശാശ്വതമായ് അവനെന്റെ സർവ്വവും
പാരിൽ ഒന്നിനാലും കുലുങ്ങാതെ, കാക്കും താൻ

രക്ഷിതാവെ, പെറ്റമ്മ താൻപോറ്റി വളർത്തുന്നതും താൻ
ശത്രുവിന്റെ കൈകളിൽ ഞാൻ വീഴല്ലേ
എന്റെ വൈരിയെന്മേൽ ജയം നേടിപ്പോകല്ലെ

ദൈവരാജ്യ സുവിശേഷം പാരിലെങ്ങും പരത്തുവാൻ
നൂറുനൂറായി വഴികൾ നീ നൽകണം
മഹാ കരുണയുള്ള രക്ഷിതാവിൻ നാമത്തിൽ

യേശുവെപ്പോൽജീവിപ്പാനും യേശുവെപ്പോൽ വർത്തിപ്പാനും
യേശുവെപ്പോൽ കരുണയോടെ കൂടെയും
എന്റെ ലോകവാസം പൂർണ്ണമാക്കിച്ചേർക്കണം.

**52.** 1. ലോകത്തിലേകയാശ്രയം എൻ യേശു മാത്രം
ശോകങ്ങളേറിവന്നാലും
വേണ്ടാ ഈ ലോകയിമ്പം പ്രിയനെ താൻ മതി
എന്നും വാഴ്ത്തി പാടും ഞാൻ എന്നും വാഴ്ത്തി പാടും ഞാൻ
(ലോകത്തി)

2. ഉറ്റവരായിരുന്നവർ ദ്വേഷിച്ചാലും
മാറ്റമില്ലാത്ത സ്നേഹിതൻ
ക്ലേശം നിറഞ്ഞ ലോകയാത്രയിൽ താങ്ങിടും
വിൺശക്തിയാലെ നിത്യവും വിൺ ശക്തിയാലെ നിത്യവും
(ലോകത്തി)

3. തേടിയതല്ല ഞാൻ നിന്നെ ക്രൂശിൻ സ്നേഹം
തേടിയെ പാപിയാമെന്നെ
ഓടുന്ന ലാക്കിലേക്കു പാടുകൾ ഏറ്റു ഞാൻ

മാറുവാനാതില്ലിനി മാറുവാനാതില്ലിനി
(ലോകത്തി)

4. മാറായുണ്ടി മരുവതിൽ-സാരമില്ല
മാറായിൻ നാഥനാമേശു
മാറാത്ത വാക്കു തന്നോൻ മാറുമോ ആയവൻ
മാറാമധുരമാക്കിടും മാറാമധുരമാക്കിടും
(ലോകത്തി)

5. വിശ്വാസക്കപ്പൽ താഴുമോ? ഈ യുലകിൽ
ഈശാനാമൂലനേറുന്നെ
ആശ്വസമേകുവാൻ താൻ വേഗമായ് വന്നാലും
വിശ്വാസനായകാ പ്രിയ  വിശ്വാസനായകാ പ്രിയ
(ലോകത്തി)

6. തൻ ശക്തികാഴ്ച ശബ്ദങ്ങൾ ഏറെ വേണം
വിശ്വാസപ്പോരിൽ നിൽക്കുവാൻ
പാത്മോസിലെത്ര നാൾ ഞാനേകനായ് പാക്കണം
വിശ്വാസത്യാഗമല്ലാതെ വിശ്വാസത്യാഗമല്ലാതെ
(ലോകത്തി)

53. വന്ദനം യേശുപരാ, തനിക്കെന്നും വന്ദനം യേശുപരാ
വന്ദനം ചെയ്യുന്ന തന്നടിയാർ തിരുനാമത്തിനാദരവായ്
(വന്ദനം)

1. ഇന്നുതൻ സന്നിധിയിൽ അടിയാക്കു വന്നു ചേരുവതിനായ്
തന്ന തന്നുന്നതമാം കൃപയ്ക്കഭി വന്ദനം ചെയ്തിടുന്നേ
(വന്ദനം)

2. തൻ രുധിരമതിനാൽ പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
തന്നടിയാക്കു പിതാവിൻ സന്നിധൗ വന്നിടാമെ സതതം
(വന്ദനം)

3. ഇത്ര മഹത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല തന്റെ  കൃപ എത്ര വിചിത്രമഹോ
(വന്ദനം)

4. താനൊഴികെ ഞങ്ങൾക്കു സുരലോകേ ആരുള്ളു ജീവനാഥാ
താനൊഴികെ ഇഹത്തിൽ മറ്റാരുമില്ലാഗ്രഹിപ്പാൻ പരനെ.
(വന്ദനം)

54. വന്നീടുവീൻ യേശുപാദം ചേന്നിടുവിൻ
പാപത്തെ വിട്ടോടിടുവിൻ, വരുന്നാരെയും
ഒരുനാളുംഞാൻതള്ളുകയില്ലന്നരച്ചു യേശു (വന്നീടുവീൻ)

പാപത്തിൻ ശമ്പളം മരണമെ, അതു നിന്നെ നശിപ്പിക്കുമെ
ദൈവകൃപയോക്രിസ്തുവിൽ നിത്യ ജീവനാണെന്നു വിശ്വസിച്ചിട്ട്
(വന്നീടുവീൻ)
ഇന്നു നീ മരിച്ചാലെങ്ങു പോം? ദൈവകോപം നീങ്ങിയോ
നിനക്കായ് യേശു കുരിശിൽ മരിച്ചുയത്തെഴുന്നള്ളി മഹിമയിൽ
(വന്നീടുവീൻ)
മരണമെ നിനയാ നേരമെ അതു നിന്നെ സന്ധിക്കുമേ
മരിച്ചോർ ദൈവപുത്രന്റെ ശബ്ദംകേട്ടു ജീവിക്കും നേരമായല്ലോ
(വന്നീടുവീൻ)
ഇതാ ഞാൻ വേഗം വരുന്നുവെന്ന് യേശുരാജൻ അരുളിയല്ലോ
യേശുവേ വേഗം മേഘത്തിൽ വന്നു നിത്യ രാജ്യത്തിൽ ചേക്ക ഞങ്ങളെ
(വന്നീടുവീൻ)

55. വാഴ്ത്തീടുമേ- വാഴ്ത്തീടുമേ ഇമ്മാനുവെലെ-
എൻ ജീവകാലം ഈ ക്ഷോണിതലെ (വാഴ്ത്തീടുമേ)

1. ദൂതൻ സ്തുതിക്കും നാകവല്ലഭൻ-പിറന്നു ഗോശാലയിൽ
ബന്ധമഴിച്ചു അന്ധനെന്നെഴും-ബന്ധുവാക്കിയതാൽ
ഇന്നും എന്നും നന്നായ് സ്തുതിക്കും
നാഥൻ യേശുവെ ഞാനീധരയിൽ... (വാഴ്ത്തീടുമേ)

2. പാപക്കടലിൽ ശാപക്കുഴിയിൽ-പിടഞ്ഞു നീന്തീടവെ
പാപമകറ്റി ശാപം നീക്കി-മാവ്വിലണച്ചവനെ
കഷ്ടം നഷ്ടം സവ്വം ഏറ്റു തൻ
പിൻപേ തൻ ദാസൻ നടന്നീടാമെ... (വാഴ്ത്തീടുമേ)

3. ശത്രു തന്നുടെ അഗ്നിശരങ്ങൾ-തൊടുത്തു വിട്ടീടുകിൽ
തൻ ആയുധങ്ങൾ കാത്തീടുമെന്നെ-പൊന്നു നായകനെ
രക്ഷ-സത്യം-നീതി ചാത്തി താൻ
ശക്തനാക്കീടും സേനാ നായകാ ... (വാഴ്ത്തീടുമേ)

4. വാനമുകിലിൽ ദൂതസംഘമായ്-നാഥൻ വരുമളവിൽ
ലോകം വിറയ്ക്കും ലോകർ ഭ്രമിക്കും-ഞാനന്നാർത്തിടുമേ
നോക്കി നോക്കി കൺകൾ മങ്ങുന്നേ
എപ്പോൾ വന്നിടും എൻ പ്രാണപ്രിയാ ... (വാഴ്ത്തീടുമേ)

**56.** 1. വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു വാഴ്ത്തിടുന്നുഞാൻ-എൻ
രക്ഷകനെ നന്ദിയോടെ വാഴ്ത്തിടുന്നു ഞാൻ

2. മാട്ടിൻ തൊഴുത്തിൽ പിറന്ന മാന്യ സുതനെ
ഹീനവേഷമെടുത്ത തന്നെ വാഴ്ത്തിടുന്നു-ഞാൻ

3. പാതകർക്കായ് നീതി വഴി ഓതി തന്നോനെ
പാരിടത്തിൽ തന്നെ ഓർത്തു വാഴ്ത്തിടുന്നു ഞാൻ

4. കുരിശെടുത്തു മലമുകളിൽ നടന്നു പോയോനെ
തൃപ്പാദം രണ്ടും ചുംബിച്ചിപ്പോൾ വാഴ്ത്തിടുന്നു ഞാൻ

5. കുരിശിലേറി മരിച്ചുയർത്തു സ്വർഗ്ഗേ പോയോനെ
നിത്യം ജീവിക്കുന്നവനെ, വാഴ്ത്തിടുന്നു-ഞാൻ

6. ദൂതരുമായ് മേഘവാഹനേ വരുന്നോനെ
വേഗം തന്നെ കാണ്മതിനായ് കാത്തിടുന്നു-ഞാൻ

7. തൻ വരവിൽ മുന്നണിയിൽ പിന്നിടണേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നിടാമേ തൻ വരവിന്നായി

8. എന്നു മേഘേ വന്നു കാണാം രക്ഷകനെ ഞാൻ
നോക്കി നോക്കി കാത്തിടുന്നേ തൻ വരവിന്നായ്

**57.** ശ്രീയേശു നാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം

1. എല്ലാ നാമത്തിനും മേലായ നാമം
ഭക്തർ ജനം വാഴ്ത്തും നാമം എല്ലാ മുഴങ്കാലും
മടങ്ങീടും തിരുമുമ്പിൽ വല്ലഭത്വം ഉള്ള നാമം
(ശ്രീയേശു)

2. എണ്ണമില്ലാ പാപം എന്നിൽ നിന്നും നീക്കാൻ
എന്നിൽ കനിഞ്ഞ നാമം, അന്യനെന്ന മേലെഴുത്ത്
എന്നേക്കുമായ് മായിച്ചു തന്ന ഉന്നതന്റെ വന്ദ്യനാമം
(ശ്രീയേശു)

3. ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം, കുരുടർക്കും മടുന്തർക്കും
കുഷ്ഠരോഗികൾക്കുമെല്ലാം വിടുതലും നൽകും നാമം
(ശ്രീയേശു)

4. പാപപരിഹാരാർത്ഥം പാതകരെ തേടി
പാരിടത്തിൽ വന്ന നാമം, പാപമറ്റ ജീവിതത്തിൽ
മാതൃകയെ കാട്ടി തന്ന പാവനമാം പുണ്യനാമം
(ശ്രീയേശു)

**58.** സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

എന്റെ ദേഹവും എന്റെ ദേഹിയും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ജീവനും എന്റെ സ്നേഹവും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ചിന്തയും എന്റെ ബുദ്ധിയും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ഹൃത്തടം എന്റെ മാനസം
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ഇശ്ചയും എൻ പ്രതീക്ഷയും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ശക്തിയും എന്റെ സിദ്ധിയും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ സൗഖ്യവും എന്റെ രോഗവും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ദുഃഖവും എന്റെ മോദവും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ആശയും എൻ നിരാശയും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

എന്റെ ആധിയും എന്റെ വ്യാധിയും
താനെനിക്കു തന്നതൊക്കെയും (സർവ്വവും)

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

**59. 1.** സർവ്വ സൃഷ്ടികളുമൊന്നായ്, പുകഴ്ത്തിടുന്ന
സൃഷ്ടാവിനെ സ്തുതിക്കും ഞാൻ
ഈ ക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചിടും പൊന്നു നാഥനെ

യേശു മാറാത്തവൻ- യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ എത്ര നല്ലവൻ
ഇന്നും എന്നും കൂടെയുള്ളവൻ

യേശു മാറാത്തവൻ- യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ എത്ര നല്ലവൻ
ഇന്നും എന്നും കൂടെയുള്ളവൻ

2. തന്റെ കരുണ എത്രയോ അതിവിശിഷ്ടം
തൻ സ്നേഹം ആശ്ചര്യമേ, എൻ ലംഘനങ്ങളും

എൻഅകൃത്യങ്ങളുമെല്ലാം അകറ്റിയേ തന്റെ സ്നേഹത്താൽ
(യേശു മാറാത്തവൻ)

3. രോഗശയ്യയിലെനിക്കു സഹായകനും
രാക്കാലഗീതവുമവൻ, നല്ലവൈദ്യനും
ദിവ്യ ഔഷധവുമെൻ ആത്മസഖിയുമവൻ തന്നെ-
(യേശു മാറാത്തവൻ)

2. സീയോനിൽ വാണിടുവാനായ് വിളിച്ചു തന്റെ
ശ്രേഷ്ഠമോപദേശവും തന്നു, ഹാ എന്തൊരത്ഭുതം ഈ വൻ
കൃപയെ ഓക്കുമ്പാൾ നന്ദികൊണ്ടെന്നുള്ളം തിങ്ങുന്നേ
(യേശു മാറാത്തവൻ)

**60.** സാധുവെന്നെ കൈവിടാതെ നാഥനെന്നും നടത്തിടുന്നു

1. അന്ത്യത്തോളം ചിറകടിയിൽ അവൻ കാത്തിടും ധരയിൽ
ആപത്തിലുംരോഗത്തിലുംഅവനാണെനിക്കഭയം (സാധു)

2. കണ്ണുനീർ താഴ്വരയിൽ കരയുന്ന വേളയിൽ
കൈവിടില്ലെൻകത്ത്നെന്റെകണ്ണുനീരെല്ലാംതുടയ്ക്കും (സാധു)

3. കൊടങ്കാറ്റും തിരമാലയും പടകിൽ വന്നാഞ്ഞടിയ്ക്കും
നേരമെല്ലാംചാരെയുണ്ട്നാഥനെന്നുംവല്ലഭനായ് (സാധു)

4. വിണ്ണിലെന്റെ വീടൊരുക്കി വേഗം വന്നിടും പ്രിയനായ്
വേല ചെയ്യെൻ നാൾകൾ തീൎന്ന് വീട്ടിൽ ചെല്ലും ഞാനൊടുവിൽ
(സാധു)

**61.** സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ

1. മോക്ഷയാത്രയാണിത് ഞാൻ നടപ്പത്
കാഴ്ചയാലെയല്ല വിശ്വാസത്താലെയാം

വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ

രക്ഷകൻ കൈളിൽ താങ്ങിടും (സീയോൻ)

2. സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും
നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
പാപവും ഭാരവും വിട്ടു ഞാൻ ഓടുമാ-
നേരവും യേശുവെ നോക്കിടും (സീയോൻ)

3. എന്നെ നേടുന്ന സന്തോഷമോർത്തിതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോ-
കയിൽ ക്ഷീണമെന്തെന്നറികില്ല ഞാൻ (സീയോൻ)

4. ബാലശിക്ഷ നൽകുമെന്നപ്പനെങ്കിലും
ചേലൊഴും തൻ സ്നേഹം കുറഞ്ഞു പോയടാ
നന്മകൾ തൻകരം നൽകുമെന്നാശയിൽ
എൻമനം വിശ്രമം നേടിടും... (സീയോൻ)

62. സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും സ്വന്ത വീട്ടിൽ ചേർന്നിടുവാൻ
മമകാന്തനെ ഒന്നു കാണുവാൻ മനം കാത്തു പാർത്തിടുന്നു

ഇന്നു മന്നിതിൽ സീയോൻ യാത്രയിൽ എങ്ങും ഖിന്നത മാത്രം
എന്നു വന്നു താനെന്നെ ചേർക്കുമോ അന്നേ തീരൂ വേദനകൾ
(സ്വർഗ്ഗനാട്ടിലെൻ)
മരുഭൂമിയിൽ തളരാതെ ഞാൻ മരുവുന്നു തൻ കൃപയാൽ
ഒരുനാളും താൻ പിരിയാതെന്നെ കരുതുന്നു കണ്മണി പോൽ
(സ്വർഗ്ഗനാട്ടിലെൻ)
നല്ല നാഥനെ, തനിക്കായി ഞാൻ വേലചെയ്യുമന്ത്യം വെരെ
അല്ലൽ തീർന്നു തൻ സവിധേ വരാതില്ല പാരിൽ വിശ്രമവും
(സ്വർഗ്ഗനാട്ടിലെൻ)
കർത്ത്യകാഹളം വാനിൽ കേൾക്കുവാൻ കാലമായില്ലേ പ്രിയനേ
ആശയേറുന്നേ തന്നെ കാണുവാൻ ആമേൻ, യേശുവേ വരണേ
(സ്വർഗ്ഗനാട്ടിലെൻ)

63. സ്തുതി ചെയ്യുനമേ, നിത്യവും തൻ ജീവനാഥനേശുവേ,
ഇതുപോൽ സ്വജീവൻ തന്നൊരാത്മ സ്നേഹിതൻ വേറാരിനി

(സ്തുതി)

1. മരണാധികാരിയായിരുന്ന ഘോരനാം പിശാചിനെ
മരണത്തിനാലെ നീക്കി മൃത്യു ഭീതി തീർത്ത് നാഥനെ (സ്തുതി)

2. ബഹുമാന്യനാമാചാര്യനായ് വാനിലവൻ വാഴ്കയാൽ
ബലഹീനതയിൽ കൈവിടാതെ ചേർത്തുകൊള്ളുമാകയാൽ
(സ്തുതി)

3. ദിനവും മനമേ തത്സമയം വൻകൃപകൾ പ്രാപിപ്പാൻ
അതിധൈര്യമായ് കൃപാസനത്തിനന്തികത്തിൽ ചെന്നു നീ
(സ്തുതി)

4. ബഹുദൂതരുച്ചാ നാദമേടെ വാഴ്ത്തിടുന്ന നാഥനെ
ബലവും ധനവും ജ്ഞാനമെല്ലാം സ്വീകരിപ്പാൻ യോഗ്യനെ
(സ്തുതി)

**64.** സ്തുതി സ്തുതി എൻ മനമേ സ്തുതികളിലുന്നതനെ
നാഥൻ നാൾ തോറും ചെയ്യും നന്മകളോർത്തു
പാടുക നീ എന്നും മനമേ പാടുക നീ എന്നും മനമേ

1. അമ്മയെപോലെ താതൻ താലോലിച്ചണച്ചിടുന്നു
സമാധാനമായ് കിടന്നുങ്ങാൻ
തന്റെ മാർവ്വിൽ ദിനം ദിനമായ് (2) (സ്തുതി)

2. പാപത്താൽ വലഞ്ഞീടിലും
കൊടും രോഗത്താൽ അലഞ്ഞീടിലും
പിളർന്നീടുന്നോരടിപ്പിണരാൽ തന്നിടുന്നു രോഗസൗഖ്യം
(സ്തുതി)

3. കഷ്ടങ്ങൾ ഏറിടുമ്പോൾ എനിക്കേറ്റമടുത്ത തുണയായ്
ഘോരവൈരിയിൻ നടുവിലവൻ മേശ നമുക്കൊരുക്കിടുന്നു
മേശനമുക്കൊരുക്കിടുന്നു (സ്തുതി)

4. സിംഹങ്ങൾ അണലിമേലും ബാല സിംഹങ്ങൾ
പെരും പാമ്പുകൾ ചവുട്ടി തല മെതിച്ചിടുമെ
അവയിൽ നീ ജയം നേടുന്നു (2) (സ്തുതി)

5. സഹായ ശൈലമവൻ സങ്കേതവും കോട്ടയും താൻ
നടുങ്ങീടുകില്ലായതിനാൽ
തൻകരുണാ ബഹുലമഹോ (2) (സ്തുതി)

---

Typed, Typeset, Printed and Published by Joykuttydetroit
This is a Joykutty Publication

ഒരു കുടുംബ പ്രാര്‍ത്ഥനാ പുസ്തകം

ഒത  കുടുംബ പ്രാത്ഥനാ പുസ്തകം

ഒത  കുടുംബ പ്രാത്ഥനാ പുസ്തകം